
# മങ്ങാടിക്കുന്നിലേക്കൊരു തീർത്ഥയാത്ര...



# ചരിത്രസ്മരണിക

സയൻസ്ഫോറം - ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട



*(Das ist der untere Rand des Bildes)*

# മങ്ങാടിക്കുന്നിലേക്കൊരു തീർത്ഥയാത്ര

## ചരിത്രസ്മരണിക

**സയൻസ് ഫോറം**

ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട

11..03..1999

Mangadikkunnilekkoru Theerthayathra

(Study) Copy right reserved to the author

By

V.V.Vinod

Printed & Published by:

Science Forum
Christ College, Irinjalakuda.

Printed at : Gurudev Offset, Vyttils, Ekm.

Dtp & Layout : Insat Centre, Irinjalakuda.

Cover Design : (Christ College 1967)

: P.L. Vincen, Nedumbal

: Nandu, Vellangallur

(For Private Circulation Only)



**വി.വി.വിനോദ്**

1979 ൽ ജനുവരി 23 ന് എടതിരിഞ്ഞിയിൽ ജനിച്ചു.
പിതാവ് : വേലായുധൻ മാതാവ് : അമ്മിണി
സഹോദരങ്ങൾ : ചന്ദ്രബോസ്, ഷിനോദ്, മനോജ്
കാക്കാത്തുരുത്തി എസ്. എൻ. ജി.എസ്. യു.പി. സ്ക്കൂൾ
ഇരിങ്ങാലക്കുട ഗവ.മോഡൽ ബോയ്സ് ഹൈസ്ക്കൂൾ
എന്നിവടങ്ങളിലായിസ്ക്കൂൾ വിദ്യാഭ്യാസം.
ഇപ്പോൾ ക്രൈസ്റ്റ് കോളേജിൽ
ഫൈനൽ ബി.കോം (1998-99) വിദ്യാർത്ഥി.

വിലാസം:
വി.വി. വിനോദ്,
വലൂപറമ്പിൽ,
എടതിരിഞ്ഞി,
തൃശ്ശൂർ - 680 122.

# സമർപ്പണം

**ജലധാരയും ആമക്കുളവും കടന്ന് ............**

**രാജവീഥിയിലൂടെ ക്ഷേത്രത്തിലേക്ക് പ്രവേശിക്കുന്ന**

**സരസ്വതീഭക്തന്മാർക്ക്....................**

**അവരുടെ ബോധമണ്ഡലത്തിൽ**

**ഭൂതകാലത്തെക്കുറിച്ച്**

**ഒരു സ്പർശം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ**

**ഈ ചരിത്രപഠനം സമർപ്പിക്കുന്നു.**

**സയൻസ് ഫോറം**

**ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട**



# സന്ദേശം

രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ ഇന്നത്തെ വിടവ് മാതൃഭൂമിയോടുള്ള സ്നേഹമില്ലായ്മ മൂലമാണ് എന്നാണെന്റെ അഭിപ്രായം. യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങളുടെ രാജ്യസ്നേഹം നാം പഠിക്കേണ്ടിയിരിക്കുന്നു. ചരിത്രപരമായി പല രാജാക്കൻമാരാൽ ഭരിക്കപ്പെട്ടതിനാൽ ഒരു രാജ്യം എന്ന ചിന്ത ഇന്ത്യയിലെ ജനതയ്ക്കില്ല. അതിന്റെ ഭാഗമായി പൊതുമുതൽ തട്ടിയെടുക്കുന്നത് ഒരു ശൈലിയായി മാറിയിരിക്കുന്നു. രാജ്യത്തോടു സ്നേഹമുണ്ടെങ്കിൽ രാജ്യത്തിനു വേണ്ടി പ്രവർത്തിക്കുമായിരുന്നു. എന്നാൽ രാഷ്ട്രീയ നേതാക്കൻമാർക്കും പ്രവർത്തകർക്കും നാടിനോടു സ്നേഹമില്ല എന്നതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രതിസന്ധി. ഇതു മാറ്റിയാലേ നമ്മുടെ നാട് വളരുകയുള്ളൂ. പ്രായം ചെന്നവരുടെ സ്വാർത്ഥത കാണുന്ന ഇന്നത്തെ ഇളം തലമുറക്കാർ നന്നാകണമെങ്കിൽ അവർക്ക് ഈ രാജ്യത്തോടുള്ള സ്നേഹം കാഴ്ച വയ്ക്കുവാനായി മുതിർന്നവർക്ക് സാധിക്കണം. ഇത് സാധിക്കുന്നില്ല എന്നതാണ് നമ്മുടെ രാജ്യം അഭിമുഖികരിക്കുന്ന ഏറ്റവും വലിയ വിപത്ത്. അഴിമതി ശിക്ഷിക്കപ്പെടാത്തതിന്റെ കുറവും മറ്റു തിന്മകളും ഉണ്ടെങ്കിലും, രാജ്യസ്നേഹത്തിന്റെ കുറവുകൊണ്ടാണ് നമ്മുടെ നാട് പുരോഗമിക്കാത്തത് എന്നെനിക്ക് തോന്നുന്നു. ഭാവി പ്രതീക്ഷകളായ് വിദ്യാർത്ഥികൾ ഈ പ്രതിസന്ധിയെ അതിജീവിക്കുവാൻ സഹായിക്കട്ടെ.

തൃശ്ശൂർ
23..02..1999

**ഫാ. ഗബ്രിയേൽ**
സ്ഥാപക പ്രിൻസിപ്പാൾ

# ഓർഗനൈസിങ് കമ്മിറ്റി



**പ്രൊഫ. എം. കെ. ചന്ദ്രൻ**
(ഗണിതശാസ്ത്ര വിഭാഗം)



**ഡോ. കെ ചന്ദ്രൻ**
(ചരിത്ര വിഭാഗം)



**എ. വി. തോംസൺ**
കോളേജ് യൂണിയൻ ചെയർമാൻ
1997 - 98

# അകംപൊരുൾ


അവതാരിക - 9

ആമുഖം - 10

**ഇരിങ്ങാലക്കുട– ചരിത്രത്തിന്റെ സ്മൃതിപഥങ്ങളിലൂടെ**

ഇരിങ്ങാലക്കുടയുടെ ഭൂപടം - 12

പേരിന്റെ പൊരുളുകളിലൂടെ - 13

ക്രൈസ്തവർ ഇരിങ്ങാലക്കുടയിലേക്ക് - 20

മതസൗഹാർദ്ദം മറ്റുള്ളവർക്ക് ഒരു മാതൃക - 22

ധീരോദാത്ത സമരചരിത്രങ്ങളിലൂടെ - 23

ആഗസ്റ്റിലെ ബെഞ്ചേറ് - 24

കുട്ടംകുളം സമരം - 25

നഗരത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം - 27

**മങ്ങാടിക്കുന്നിലേക്കൊരു തീർത്ഥയാത്ര**

കോളേജ് പ്രാർത്ഥന - 36

മങ്ങാടിക്കുന്ന് ഓരോർമ്മക്കുറിപ്പ് - 37

കോളേജ് സ്ഥാപിക്കാനുള്ള ആശയത്തിന്റെ ബീജാവാപം - 38

ജനകീയാടിത്തറയുടെ നേട്ടങ്ങൾ - 39

സാധനസംഭാവനകൾ (1956) - 40

സ്വപ്നസാഫല്യം : ഒപ്പം ഗബ്രിയേൽ യുഗത്തിന്റെ ആരംഭവും - 40

വനിതാവിഭാഗം - 48

വികസനങ്ങളുടെ ഉത്തരാർദ്ധം - 53

ഗബ്രിയേൽ യുഗത്തിനു വിരാമം - 57

ആദ്യകാല കോളേജ് യൂണിയൻ - 59

ക്രൈസ്റ്റ് കോളേജ് - എൺപതുകളിൽ - 60

ഇന്നത്തെ ക്രൈസ്റ്റ് കലാലയം - 62

ഔദ്യോഗിക വിശകലനങ്ങൾ - 65

ക്രൈസ്റ്റിനെ പ്രശസ്തരാക്കിയവർ - 65

ഇവർ റാങ്കുജേതാക്കൾ - 66

ക്രൈസ്റ്റിനെ പ്രതിനിധീകരിച്ച് പ്രശസ്തരായവർ - 67

കലാരംഗം - 67

കായികരംഗം - 67

വിമർശനങ്ങൾ - 71

ഉപസംഹാരം - 72

ക്രൈസ്റ്റ് കോളേജ് സ്മൃതിപഥങ്ങളിലൂടെ - 74

ഓർമ്മകൾ പങ്കുവെച്ചവർ - 76

പരിശോധിച്ച ഗ്രന്ഥങ്ങൾ - 76

# അവതാരിക

ക്രൈസ്റ്റ് കോളേജിലെ ഒരു സംഘം വിദ്യാർത്ഥികൾ അവരുടെ സ്ഥാപനത്തിന്റേയും ആ സ്ഥാപനം സ്ഥിതിചെയ്യുന്ന ചെറിയ പട്ടണത്തിന്റേയും കഥയന്വേഷിച്ചു ചെന്നപ്പോൾ കണ്ടെത്തിയ കുറേ വസ്തുതകളാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ചരിത്രരചനയുടെ രീതിശാസ്ത്രമുപയോഗിച്ച് ഇതിനെ അളക്കുന്നതിൽ അർത്ഥമില്ല. ലഭ്യമായ വാങ്മയങ്ങളും കണ്ടുസംസാരിക്കുവാൻ കഴിഞ്ഞ വിജ്ഞൻമാരുടെ വാമൊഴികളുമാണ് അന്വേഷണ സംഘം ഗ്രന്ഥരചനക്ക് അവലംബമാക്കിയിട്ടുള്ളത്. ഇരിങ്ങാലക്കുടയെപ്പറ്റിയുള്ള അന്വേഷണത്തിൽ ആരംഭിച്ച് ക്രൈസ്റ്റ് കോളേജിന്റെ നാളിതുവരെയുള്ള വികാസചരിത്രത്തിൽ തീർത്ഥയാത്ര അവസാനിക്കുന്നു.

ഗംഗയെപ്പോലെയോ സിന്ധുവേപ്പോലെയോയുള്ള മഹാനദികൾ അനേകം കൊച്ചരുവികൾ ചേർന്നാണുണ്ടാകുന്നത് എന്ന് നമുക്കറിയാം. ആ അരുവികളില്ലെങ്കിൽ മഹാനദികളുമില്ല. അതുപോലെ ഒരു രാജ്യത്തിന്റെ ചരിത്രം യഥാതഥവും അർത്ഥപൂർണ്ണവുമാകണമെങ്കിൽ അനേകം കൊച്ചുകൊച്ചു ജനപദങ്ങളുടെ ചരിത്രം അതുൾക്കൊള്ളണം. എന്നാൽ ഇന്ത്യയെപ്പോലെ വൈവിദ്ധ്യമാർന്ന ഒരു വലിയ രാജ്യത്തിന്റെ ചരിത്രത്തിൽ നിന്ന് ആ കൊച്ചുജനപദങ്ങളുടെ വ്യക്തിത്വം കണ്ടെത്താൻ കഴിഞ്ഞെന്നു വരികയില്ല. ആ വ്യക്തിത്വം ഇതിപോലെയുള്ള പ്രാദേശികമായ അന്വേഷണങ്ങളെക്കൊണ്ടു മാത്രമേ അനാവരണം ചെയ്യുവാൻ കഴിയുകയുള്ളൂ. മങ്ങാടിക്കുന്നിലേക്കുള്ള തീർത്ഥയാത്രയുടെ പ്രാധാന്യവും പ്രസക്തിയും അതാണ്.

ഈഗ്രന്ഥത്തിന്റെ ആദ്യഖണ്ഡം അത്യന്തം മനോഹരമായിരിക്കുന്നു. സുന്ദരവും ഒഴുക്കുള്ളതുമായ ഭാഷ. ഒരു കലൈടിസ്ക്കോപ്പിലെന്നോണം വിവിധദൃശ്യങ്ങൾ ഒന്നിനുപിറകേ മറ്റൊന്നായി മിന്നിമറയുന്ന അനുഭൂതിയാണ് വായനക്കാരനിൽ ഉണ്ടാക്കുന്നത്.

ഈ തീർത്ഥയാത്ര സംഘടിപ്പിച്ച ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ വി.വി. വിനോദ് അനുകരണീയമായ ഒരു സംരംഭമാണ് വിജയകരമായി നിർവ്വഹിച്ചിരിക്കുന്നത്. നിർദ്ദേശങ്ങൾ നൽകി സഹായിച്ച പ്രൊഫ.എം.കെ.ചന്ദ്രനും, ഡോ. കെ.ചന്ദ്രനും, എ.വി.തോംസനും തീർച്ചയായും അനുമോദനാർഹരാണ്. ഈ കൃതി വളരെ സന്തോഷത്തോടുകൂടി ഞാൻ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തൃശ്ശൂർ,
22-2-1999.

**ഐ.എം. വേലായുധൻ**

# ആമുഖം

മങ്ങാടിക്കുന്നിൽ സ്ഥിതിചെയ്യുന്ന സരസ്വതീ ക്ഷേത്രത്തിലേക്കുള്ള തീർത്ഥയാത്രയായിരുന്നു ലക്ഷ്യം. അതോടൊപ്പം ആ സരസ്വതി ക്ഷേത്രത്തിന്റെ ഉത്ഭവത്തിനു കാരണഭൂതരായ ഇരിങ്ങാലക്കുടക്കാരുടെയും ഇരിങ്ങാലക്കുടയുടെയും ചരിത്രത്തിലേക്കുള്ള ഒരെത്തിനോട്ടവും.

കഴിഞ്ഞ രണ്ടുവർഷക്കാലം നടത്തിയ നിരന്തരമായ അന്വേഷണങ്ങളുടെയും പഠനങ്ങളുടെയും ഫലമാണ് ഈ പുസ്തകം. പരിപൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല എങ്കിലും കഴിവിന്റെ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ചരിത്രപഠനമായതിനാൽ പരിമിതികൾ ഈ ഗ്രന്ഥത്തിനുണ്ടാകാം.

പരശുരാമൻ സൃഷ്ടിച്ചതായി പറയുന്ന അറുപത്തിനാല് ഗ്രാമങ്ങളിൽ ഏറ്റവും പ്രമാണപ്പെട്ട ഗ്രാമമായിരുന്ന ഇരിങ്ങാലക്കുടയുടെ ചരിത്രത്തെക്കുറിച്ച് ഇനിയും അന്വേഷിക്കേണ്ടിയിരിക്കുന്നു. ആത്മാർത്ഥമായൊരു പഠനം കൂടി നടത്തിയാൽ പുതിയ വിവരങ്ങൾ ലഭിക്കുമെന്നുറപ്പാണ്.

ക്രൈസ്റ്റ് കലാലയത്തിന്റെ ചരിത്രം വിവിധ കോണുകളിലൂടെ പഠിക്കുവാനും കോളേജിന്റെ ഇന്നത്തെ അവസ്ഥ വിമർശന ബുദ്ധ്യാ പരിശോധിക്കുവാനും ശ്രമിച്ചിട്ടുണ്ട്. 'മങ്ങാടിക്കുന്നിലേക്കൊരു തീർത്ഥയാത്ര ' തയ്യാറാക്കുന്നതിന് സഹായിച്ച പൂർവ്വ വിദ്യാർത്ഥികളായ ജോബി വർഗ്ഗീസ്, സ്റ്റീഫൻ ജോർജ്ജ്, ലിജോ തോമസ് , ജോസഫ് സി.എഫ്. നിർദ്ദേശങ്ങൾ നൽകി സഹായിച്ച പ്രൊഫ. എം.കെ. ചന്ദ്രൻ (ഗണിതശാസ്ത്രവിഭാഗം), ഡോ. കെ.ചന്ദ്രൻ (ചരിത്രവിഭാഗം) പ്രൊഫ. ടി.വി. മാധവൻ (കോമേഴ്സ് വിഭാഗം) എന്നിവരോടുള്ള കടപ്പാടുകൾ പ്രത്യേകം സ്മരിക്കുന്നു.

ഈ ചരിത്രപഠനം പുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നതിന് എന്നെ സഹായിക്കാൻ ഉണ്ടായിരുന്ന ഏക വ്യക്തി 1997 - 98 വർഷത്തെ കോളേജ് യൂണിയൻ ചെയർമാനായിരുന്ന ശ്രീ. എ.വി.തോംസനാണ്. ഇദ്ദേഹത്തോടുള്ള കടപ്പാട് വാക്കുകളിൽ ഒരുക്കുവാൻ സാധിക്കുകയില്ല. അവതാരിക എഴുതിത്തന്ന ശ്രീ. ഐ.എം. വേലായുധൻ മാസ്റ്റർക്കും പരസ്യം തന്ന് സഹായിച്ചവർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തട്ടെ.

പഠനങ്ങൾക്കും, വിമർശനങ്ങൾക്കും വിലയിരുത്തലുകൾക്കും വേണ്ടി

സന്തോഷപൂർവ്വം ഈ പുസ്തകം മാന്യവായനക്കാരുടെ മുന്നിൽ സമർപ്പിക്കുന്നു.

വി.വി. വിനോദ്

ഇരിങ്ങാലക്കുട

1-3-1999

# ഇരിങ്ങാലക്കുട ചരിത്രത്തിന്റെ സ്മൃതിപഥങ്ങളിലൂടെ

**MAP OF IRINJALAKUDA MUNCIPAL TOWN**


Area of the town 4.34 $(miles)^2$

Number of wards in the town - 20

Main Roads

Muncipal Roads

Boundry Line



# പേരിന്റെ പൊരുളുകളിലൂടെ...

കൂടൽമാണിക്യ ക്ഷേത്രത്തെപ്പറ്റിയുള്ള ഐതിഹ്യത്തിന് ഒരത്ഭുത പരിവേഷമുണ്ടെങ്കിലും ആ കഥയിൽ കലയും കവിതയും കിരീടമണിഞ്ഞുനിൽക്കുന്നുണ്ടെന്ന് ചങ്ങമ്പുഴ അഭിപ്രായപ്പെട്ടു. ഇരിങ്ങാലക്കുട ! കൂടൽമാണിക്യം! തച്ചുടയ കൈമൾ ! എല്ലാം എത്ര സുന്ദരപദങ്ങൾ എന്നു ഞാൻ പറഞ്ഞപ്പോൾ ചങ്ങമ്പുഴ എന്തോ ഓർത്ത് മന്ദഹസിച്ചുകൊണ്ട് എന്റെ ചെവിയിൽ മന്ത്രിച്ചു. "കൂടൽമാണിക്യക്ഷേത്ര സാന്നിദ്ധ്യം കൊണ്ടു മാത്രമല്ല; നാടൻ സുന്ദരീരത്നങ്ങളുടെ വിളയാട്ടം കൊണ്ടും വിഖ്യാതിപെറ്റ ഇടമാണ് ഇരിങ്ങാലക്കുട......."

ശ്രീ. എസ്. കെ. പൊറ്റെക്കാടിന്റെ 'എന്റെ വഴിയമ്പലങ്ങൾ' എന്ന പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചതാണ് മേൽ ഖണ്ഡിക. 1939 ജനുവരി 21 ന് കിഴുത്താണി യുവജന സാഹിത്യ സമാജത്തിന്റേയും വായനശാലയുടെയും അഞ്ചാം വാർഷിക സമ്മേളനത്തോടനുബന്ധിച്ച് കിഴുത്താണി ആർ.എം.എൽ.പി. സ്കൂളിൽ കവിതാപാരായണത്തിനെത്തിയതായിരുന്നു കവിയായിരുന്ന ശ്രീ. എസ്.കെ. പൊറ്റെക്കാടും ചങ്ങമ്പുഴ കൃഷ്ണപിള്ളയും.

കലയും കവിതയും കിരീടമണിഞ്ഞുനിൽക്കുന്ന ഈ ഐതിഹ്യങ്ങളിൽ കുറെ സംശയങ്ങൾ ചിലരിൽ ഉണർത്തി. കോകസന്ദേശം, ഉണ്ണിയാടി ചരിതം തുടങ്ങിയ പ്രാചീന കൃതികളിലെ ചില വരികളാണ് പ്രധാനമായും സംശയങ്ങൾക്ക് ആക്കംകൂട്ടിയത്. ഉദാഹരണത്തിന് ഉണ്ണിയാടി ചരിതത്തിലെ ഒരു ഈരടി ശ്രദ്ധിക്കുക.

"നന്തിയാമാറ് വർണ്ണ ശ്രീതാൻ ചുമന്ന്
അന്തിയാമാറ് ചുറ്റും വിളങ്ങിന്റിടം"

പഴയകാലത്ത് മഹോദയപുരം എന്നറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിനെയാണ് മുകളിലെ വരിയിൽ വർണ്ണിച്ചിരിക്കുന്നത്. കൊടുങ്ങല്ലൂരിനെ വർണ്ണിക്കുന്നിടത്ത് നന്തിയാറിന്റെ സാന്നിദ്ധ്യം സംശയം ജനിപ്പിച്ചു. കൂടാതെ സംഘകാല കൃതികളിലെ ചില പരാമർശങ്ങളും ഇങ്ങനെയുള്ള സംശയം ഉണർത്തുന്നു.

കൊടുങ്ങല്ലൂരിനെ വർണ്ണിക്കുന്നിടത്ത് പൊരുണൈ, ചൂർണിയാർ എന്നീ നദികളെയും വർണ്ണിക്കുന്നതായി കാണുന്നു. ഇതിൽ പൊരുണൈ നദിയെന്നറിയപ്പെട്ടിരുന്നത് ചാലക്കുടിപ്പുഴയാണെന്ന് തെളിഞ്ഞിട്ടുണ്ട്. അപ്പോൾ ചൂർണിയാർ നദിയെക്കുറിച്ചായി സംശയം. നന്തിക്കര എന്ന സ്ഥലത്ത് ചൂർണിക്കര എന്നൊരു സ്ഥലമുണ്ട്, കുറുമാലിപ്പുഴയുടെ തീരത്തുള്ള സ്ഥലമാണ് നന്തിക്കര. കുറുമാലിപ്പുഴയുടെ ഉത്ഭവസ്ഥാനത്തിന് നന്തിപുലമെന്നാണ് പേർ. കുറുമാലിപ്പുഴയെയാണ് നന്തിയാർ എന്നു പറയുന്നത്. ചൂർണിക്കര എന്ന സ്ഥലപ്പേര് നന്തിയാറിന് ചൂർണിയാർ എന്ന പേരുകൂടിയുണ്ടായി

രുന്നു എന്ന നിഗമനത്തെ സാധൂകരിക്കുന്നു. ഈ നന്തിയാർ രാപ്പാൾ വച്ച് കരുവന്നൂർ പുഴയുമായി കൂടിച്ചേരുന്നു. പൊരുണൈ നദിയും (ചാലക്കുടിപ്പുഴ) ചൂർണിയാറും (കുറുമാലിപ്പുഴ) കൊടുങ്ങല്ലൂർ കായലിൽ വന്നുചേരുന്നു എന്നാണ് സംഘം കൃതികളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഇരിങ്ങാലക്കുടയ്ക്ക് പടിഞ്ഞാറ് എടതിരിഞ്ഞി എന്നസ്ഥലമാണ്. നദികൾ ഒന്നുചേർന്ന് നേരെ പടിഞ്ഞാറോട്ട് ഒഴുകുന്നതിനുപകരം ഇടയ്ക്ക് വച്ച് തെക്കോട്ട് തിരിഞ്ഞൊഴുകിയതാകാം എടതിരിഞ്ഞി എന്ന പേരിന് നിദാനം. എങ്കിൽ നന്തിയാർ ഇരിങ്ങാലക്കുടയുടെ വടക്കെ ചെരിവിലൂടെ തെക്കോട്ട് - കൊടുങ്ങല്ലൂർക്ക് - ഒഴുകിയിരിക്കാൻ സാധ്യതയില്ലേ?

പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള പഴയ പ്രമാണങ്ങളും രേഖകളും പരിശോധിച്ചാൽ ഇരിങ്ങാലക്കുടക്ക് ഇരിങ്ങാലിക്കൂടൽ എന്നാണ് പറഞ്ഞിരുന്നത് എന്നു കാണാം. കൂടൽ എന്നാൽ നദീസംഗമം എന്നർത്ഥം. ഇവിടെയുള്ള ക്ഷേത്രം കൂടൽമാണിക്യമാണ്. പ്രതിഷ്ഠയോ സംഗമേശ്വരനും. പണ്ട് നദീ സംഗമമുഖങ്ങൾക്ക് വളരെ പ്രാധാന്യം കല്പിച്ചിരുന്നു. അതായത് ഒമ്പതാം നൂറ്റാണ്ടിനു മുമ്പ്. ഒമ്പതാം നൂറ്റാണ്ടിനുശേഷമുണ്ടായ നദീസംഗമങ്ങളിൽ ക്ഷേത്രപ്രതിഷ്ഠയൊന്നും നടന്നു കാണുന്നില്ല. ഉദാഹരണമായി കുറുമാലിപ്പുഴയും മണലിയും കൂടിച്ചേരുന്ന കരുവന്നൂർ ക്ഷേത്രമൊന്നുമില്ല.

ഇരിങ്ങാലിക്കൂടൽ എന്ന പേരിന്റെ നിഷ്പത്തിയെക്കുറിച്ച് ചിന്തിക്കാം. 'ഇരുകാൽ കൂടൽ.' 'കാൽ' എന്നാൽ നദി - ഇരു നദികളുടെ സംഗമം. കുറുമാലിപ്പുഴയിൽനിന്നും ചാലക്കുടിപ്പുഴയിലെ കൂടപ്പുഴ നിന്നും രണ്ടുചാലുകൾ വടക്കും തെക്കുമായി, വടക്ക് കോന്തിപുലത്തു കൂടിയും തെക്ക് വേലൂക്കര കൂടിയും ഒഴുകി പടിഞ്ഞാറ് വന്ന് ഇണങ്ങിച്ചേർന്നിരിക്കണം. അപ്രകാരം ഇരിങ്ങാലിക്കൂടൽ ലോപിച്ചായിരിക്കണം ഇരിങ്ങാലക്കുടയായത് എന്നു ധരിക്കാം. പക്ഷെ ഇരിങ്ങാലക്കുടയിൽ ഇന്ന് നദിയില്ല. നദിയുടെ പുരാണം മാത്രം ബാക്കി.

ഭൂപരമായി കുന്നിൻ പ്രദേശമായ ഇരിങ്ങാലക്കുടയുടെ പടിഞ്ഞാറുഭാഗത്താണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. നേരത്തെ പറഞ്ഞ കാര്യങ്ങൾ വച്ചുനോക്കുമ്പോൾ - ഇരിങ്ങാലക്കുടയിൽ കുറുമാലിപ്പുഴയുടെയും ചാലക്കുടിപ്പുഴയുടെയും സാന്നിദ്ധ്യമുണ്ടായിരുന്നിരിക്കണം. 1349-ലെ വെള്ളപ്പൊക്കത്തിനുശേഷമാണ് കേരളത്തിൽ ഇന്നുകാണുന്ന തരത്തിൽ നദികൾ ഗതിമാറി ഒഴുകാൻ തുടങ്ങിയത്. ആ പ്രകൃതിക്ഷോഭത്തിൽ പല നദികളും ഗതിമാറി. ആ വെള്ളപ്പൊക്കത്തിൽ തന്നെയാണ് വൈപ്പിൻകര ഉയർന്നുവന്നതും. ഇന്നീ പുഴകളുടെ ഗതിവിഗതികൾ നോക്കിയാലും പഴയഗതിമാറ്റം മനസ്സിലാക്കാം. രാപ്പാൾ വരെ തെക്കുപടിഞ്ഞാറ് ഒഴുകുന്ന നന്തിയാറ് (കുറുമാലിപ്പുഴ) പെട്ടെന്നവിടെ വച്ച് വടക്ക് പടിഞ്ഞാറോട്ട് ഗതിമാറിയിരിക്കുന്നു. എന്നാൽ കൂടപ്പുഴ (ഈ പേരിലും കൂടൽ എന്ന വാക്കിന്റെ സ്വാധീനമുണ്ട്)യാകട്ടെ ഒഴുകുന്ന ഗതി നിർണ്ണയിക്കാൻ തന്നെ ബുദ്ധിമുട്ടാണ്. അങ്ങോട്ടുമിങ്ങോട്ടുമൊക്കെ അത് തിരിഞ്ഞൊഴുകുന്നു. ഒടുക്കം എളന്തിക്കരവെച്ച് പെരിയാറുമായി അത് കൂടിച്ചേരുന്നു.

ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യം ക്ഷേത്രം. ഇപ്പേര് പിന്നീട് പല

കഥകൾക്കും ഇടവരുത്തിയിട്ടുണ്ട്. ക്ഷേത്ര ബിംബത്തിന്മേൽ ഒരു ദിവസം ഒരു ദീപപ്രഭ കാണപ്പെട്ടുവെന്നും ആ പ്രഭ എന്തിന്റെ യെന്നറിയാൻ ഒരു മാണിക്യക്കല്ല് ബിംബ ത്തിന്റെ ശോഭയുടെ സ്ഥാനത്തു വച്ചുവെന്നും ആ മാണിക്യക്കല്ല് ക്ഷേത്ര ബിംബത്തിന്റെ ശോഭയിൽ അലിഞ്ഞു ചേർന്നുവെന്നും, അങ്ങിനെ രണ്ടു മാണിക്യക്കല്ല് കൂടി ച്ചേർന്ന കാരണത്താലാണ് കൂടൽമാണിക്യമെന്ന പേരു ണ്ടായതെന്നുമാണ് ഒരൈതിഹ്യം. ഇതു പലരും

കൊണ്ടും വിവക്ഷിക്കാറുണ്ട്. അപ്പോൾ രണ്ടു പുഴകളുടെ ഇടയ്ക്കുള്ള സ്ഥലത്തിന് ദേവരുടെ പ്രതിഷ്ഠയോടുകൂടി കൂടൽമാണിക്യം എന്ന പേര് സിദ്ധിച്ചു. ആ ചരിത്രയാഥാർത്ഥ്യ ത്തെ ചൊല്ലി ഏതോ കുസൃതിക്കാരായ ചിലർ പടച്ചുണ്ടാക്കിയതാണ് മാണിക്യം ചേരലിന്റെ കഥ എന്നൊരുപക്ഷവുമുണ്ട്. ഇതൊരു വിശ്വാസ മായി നിലകൊള്ളുന്നു. ഏതായാലും ആ കഥയിൽ നായകനെന്നു കരുതപ്പെടുന്ന ഭാസ്ക്കരക്കുറുപ്പ് എന്നയാൾ കരുനാഗപ്പള്ളി



ചരിത്രത്തിന്റെ പ്രൗഢിയോടെ – ശ്രീ കൂടൽ മാണിക്യം ക്ഷേത്രം

വിശ്വസിക്കയും ചെയ്യുന്നു. ഭക്തന്മാർ ആ പേര് വിളിച്ച് പ്രാർത്ഥിക്കുന്നു.

നമ്പൂതിരി ബ്രാഹ്മണരാണ് ഇരുങ്കാലി ക്കൂടലിൽ നിലവിലുണ്ടായിരുന്ന ഒരു ജൈനമത ക്ഷേത്രത്തിൽ ഹൈന്ദവ വിശ്വാസപ്രകാരം പ്രതിഷ്ഠ നടത്തി സംഗമ പുരമെന്ന പേര് നൽകിയത്. സംഗമമെന്നാൽ പുഴകളുടെ കൂടിച്ചേരൽ എന്നർത്ഥം. 'സംഗമേശൻ' എന്നാണ് പ്രതിഷ്ഠയ്ക്ക് അവർ നല്കിയ പേര്. ഈശനെന്നാൽ ബ്രഹ്മാവിഷ്ണു മഹേശ്വര ന്മാരുടെ ഒന്നിച്ചുള്ള വിശേഷണപദം. ഈ വിശേഷണപദം മാണിക്യം എന്ന രത്നം

യിൽ നിന്ന് കൂടൽമാണിക്യത്തി ലേക്ക് ഭജനയ്ക്ക് വന്ന ആളാണെന്ന് ഐതിഹ്യമുണ്ട്.

'ശ്രീ കൂടൽമാണിക്യം – ചരിത്രാന്വേഷണം' എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകർത്താവ് (ക്ഷേത്ര ത്തിലെതന്നെ തച്ചുടയക്കയ്മൾ) മാണിക്യം എന്ന വാക്ക് മാണിക്കൻ (ശിവൻ) എന്നാക്കി മാറ്റേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. കാലടിയിലെ മാണിക്യമംഗലം, പെരിന്തൽമണ്ണ യിലെ മാണിക്യപുരം തുടങ്ങിയ ഉദാഹര ണങ്ങൾ തന്റെ വാദഗതിക്ക് അദ്ദേഹം ഹാജരാ ക്കുന്നു. സംസ്കൃതത്തിലെ സംഗമേശ്വരനാണ് കൂടൽ ദേവൻ. കൂടൽ ദേവൻ കൂടൽമാണിക്യ

ദേവനാണെന്ന ഐതിഹ്യം ചരിത്രസത്യത്തിന് വിരുദ്ധമാകാനേ തരമുള്ളൂവെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

ദ്രാവിഡ പ്രാഭവ കാലത്ത് സ്ഥാപിക്കപ്പെട്ട ഒരു ക്ഷേത്രം പിന്നീട് ജൈനമതക്കാരുടെ ഭരതേശ്വര ക്ഷേത്രമായും ബ്രാഹ്മണാധിപത്യം വന്നപ്പോൾ ആദ്യം ശൈവക്ഷേത്രമായും പിന്നീട് വിഷ്ണുപക്ഷക്കാരുടെ കൈവശമായപ്പോൾ വൈഷ്ണവക്ഷേത്രമായും മാറിമാറി അംഗീകരിക്കപ്പെട്ടതായി ഗവേഷണ പണ്ഡിതന്മാരടക്കം അഭിപ്രായപ്പെടുന്നു. എ. ശ്രീധരമേനോന്റെ 'കേരള ചരിത്രസംഗ്രഹ'ത്തിൽ ഇതു സംബന്ധിച്ച് രേഖപ്പെടുത്തിക്കാണുന്നു, "ജൈനമതം ക്ഷയോന്മുഖമായപ്പോൾ കേരളീയരുടെ സമന്വയ ബുദ്ധി യാഥാസ്ഥിതിക ജൈനന്മാരുടെ വികാരങ്ങളെ വേദനിപ്പിക്കാതെ ഹിന്ദുമതാനുയായികളെ പ്രീണിപ്പിച്ചുകൊണ്ട് ഭരതേശ്വര ജൈനക്ഷേത്രത്തെ ഹിന്ദു ക്ഷേത്രമാക്കി രാമാനുജനായ ഭരതന് സമർപ്പിച്ചതായിരിക്കണം" (പുറം 121).

കോമാട്ടിൽ അച്യുതമേനോന്റെ "പ്രാചീന കേരളം" എന്ന ഗ്രന്ഥത്തിലും ഇവിടുത്തെ നഗ്നപ്രതിഷ്ഠ ദിഗംബര ജൈനനായ ഭരതേശ്വരന്റേതാണെന്നും ശ്രാവണബലഗൊളയിലെ ഭരതേശ്വരക്ഷേത്രം പോലെ ഇരുനിലകളുള്ള (കൂടം) ക്ഷേത്രമായതുകൊണ്ടാണ് കൂടൽമാണിക്യം എന്നുവിളിക്കുന്നതെന്നും രേഖപ്പെടുത്തിക്കാണുന്നു.

വി.വി.കെ.വാലത്ത് തന്റെ 'കേരളത്തിലെ സ്ഥല ചരിത്രങ്ങൾ' എന്ന ഗ്രന്ഥത്തിൽ ഇരിങ്ങാലക്കുട ഒരു ജൈനകേന്ദ്രമായിരുന്നിരിക്കണം എന്നഭിപ്രായപ്പെടുന്നു. ഇന്നത്തെ കുറുമാലിപ്പുഴയാണല്ലോ നന്തിയാർ എന്നറിയപ്പെട്ടിരുന്നത്. ഈ നദിക്ക് സമീപമായിട്ടാണ് നന്ദിപുലം, നന്തിക്കര എന്നീ സ്ഥലങ്ങൾ. ജൈനന്മാരുടെ വിദ്യാനികേതനത്തിന് നന്ദിസംഘം എന്ന് പേരുണ്ടായിരുന്നു. നന്ദി എന്ന വാക്ക് ശൈവമതത്തേയും സൂചിപ്പിക്കുന്നു. ശിവന്റെ വാഹനമാണ് നന്ദി. ശൈവമത കേന്ദ്രമായ മധുരയ്ക്ക് കൂടൽ എന്ന് പര്യായമുണ്ട്. കൂടലും, മാണിക്കനും (ശിവൻ) ഇരിങ്ങാലക്കുടയുടെ ശൈവപാരമ്പര്യം നിലനിറുത്തുന്നുണ്ടാകും. അതിനു മുമ്പ് അത് ജൈനക്ഷേത്രമായിരുന്നിരിക്കണം. രണ്ടു നിലയിലുള്ള ജൈനക്ഷേത്രത്തിന് കൂടം എന്നു പേരുണ്ടല്ലോ. ഇരിങ്ങാലക്കുട ഒരു ജൈനകേന്ദ്രമായിരുന്നുവെങ്കിൽ അതിനു സമീപമുള്ള നന്തിക്കരയും നന്ദിപുലവും മറ്റും ജൈനസംസ്ക്കാരം പേറുന്നവയായിരിക്കണം.

അങ്ങിനെ മാറിമാറിവന്ന ചരിത്രസന്ദർഭങ്ങളിൽ കേരളത്തിൽ വേരോടിയ മതവിശ്വാസധാരകളുടെ വികാസ പരിണാമങ്ങൾ ഈ പുരാതന ക്ഷേത്രത്തിന്റെ ഭൂതചരിത്രത്തിൽ തെളിഞ്ഞു കാണാം.

മതകാര്യങ്ങളിലും ഭരണകാര്യങ്ങളിലും ബ്രാഹ്മണ മേധാവിത്വം നിലനിന്നിരുന്ന കാലത്ത് ഈ ക്ഷേത്രം ഇരിങ്ങാലക്കുട ഗ്രാമക്കാരായ 'നാല്പത്തിരണ്ട് ഇല്ല'ക്കാരുടെ സഭായോഗം വകയായിരുന്നു. എന്നിരുന്നാലും അവരോധക്രിയകൊണ്ട് ശൂദ്രന് ഉത്കൃഷ്ടത കല്പിച്ച് സ്ഥാനിയായും അധികാരിയായും അംഗീകരിക്കുന്ന കേരളത്തിലെ ഏക ക്ഷേത്രം കൂടൽമാണിക്യമാണെന്നുള്ളത് ഇതിന്റെ ഒരു വലിയ സവിശേഷതയായി കെ.പി. പത്മനാഭ

മേനോന്റെ 'കൊച്ചീരാജ്യചരിത്ര'ത്തിൽ പറഞ്ഞു കാണുന്നു. തച്ചുടയക്കയ്മളെ ക്ഷേത്രത്തിന്റെ സർവ്വാധികാരിയായി അവരോധ ക്രിയകളിലൂടെ വാഴിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുട എന്ന സ്ഥലനാമ നിഷ്പത്തിയുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ മിക്കതും കൂടൽമാണിക്യം ക്ഷേത്രവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ക്ഷേത്രത്തിലെ രണ്ടു വട്ടെഴുത്തു ലിഖിതങ്ങളിൽ (ശിലാലിഖിതം) "ഇരുങ്കാടികൂടൽ" എന്നാണ് പരാമർശം. ഈ ക്ഷേത്രത്തിലെ ഒരു പ്രധാന ചടങ്ങാണ് മീനൂട്ട്. മീനുകൾക്ക് ആഹാരം കൊടുക്കൽ സാധാരണ നദീതീരത്തുള്ള ക്ഷേത്രങ്ങളിൽ നടത്തുന്ന ചടങ്ങാണ്. പക്ഷെ ഇവിടെ നദിയേ ഇല്ല. എന്നാൽ ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം വളരെ അപൂർവ്വമായ രണ്ടു കുളങ്ങളുടെ സാന്നിദ്ധ്യം കൂടൽമാണിക്യം ക്ഷേത്രത്തിനുണ്ട്. അകത്തും പുറത്തും ഒന്നുവീതം. ക്ഷേത്രോത്സവത്തോടനുബന്ധിച്ച ആറാട്ടും ശ്രദ്ധേയമാണ്. ഒരു കൊല്ലം കുറുമാലിപ്പുഴയിൽ രാപ്പാൾ വെച്ചും അടുത്ത കൊല്ലം ചാലക്കുടിപ്പുഴയിൽ കൂടപ്പുഴവെച്ചും. മാറിമാറിയാണ് ആറാട്ട് നടത്താറ്. ഇരിങ്ങാലക്കുടയെ സംബന്ധിച്ചിടത്തോളം വളരെ അടുത്തായി കരുവന്നൂർ പുഴയുള്ളപ്പോൾ വളരെ അകലെയുള്ള രാപ്പാളും, കൂടപ്പുഴയുംവെച്ച് ആറാട്ട് നടത്തുന്നത് വിചിത്രമാണ്. തലമുറകളായുള്ള എന്തോ വൈകാരികമായ അടിത്തറയാണ് വിചിത്രമായ ഈ ആറാട്ടിനും മീനൂട്ടിനും നിദാനമെന്ന് നമുക്ക് അനുമാനിക്കാം. ആത്മീയമായ വൈകാരികാടിത്തറ എളുപ്പം ഇളകുന്നതല്ലല്ലോ.

ക്ഷേത്രം വക ഒരു 'രീരാളിക്കുട'നന്നാക്കാൻ 1877 -ൽ കല്പനയായിട്ടുണ്ട്. രീരാളി (നീരാളി)ക്ക് സ്വർണ്ണം, വെള്ളി എന്നെല്ലാം അർത്ഥം. ഈ കുട രാജചിഹ്നമാണ്. ഇതിനെ അടിസ്ഥാനമാക്കിയാവാം സ്ഥലനാമം എന്നു 'കേരളചരിത്ര നിഘണ്ടു' എന്ന ഗ്രന്ഥത്തിലൂടെ എസ്. കെ. വസന്തൻ അഭിപ്രായപ്പെടുന്നു.

"ഇരുന്നുശാലയിൽ കൂടൈ", "വിരിഞ്ഞാലിൻ കുട" എന്നിങ്ങനെ കുലീപിനീ മഹർഷയുടെ ക്ഷേത്രസന്ദർശനം, പള്ളിവേട്ട ആൽത്തറ മുതലായ ക്ഷേത്രസംബന്ധിയായ പാരായണഭേദങ്ങൾ ദേശനാമോല്പത്തിയെ സംബന്ധിച്ച് പ്രചാരത്തിലുണ്ട്.

ഇരിങ്ങാലക്കുട, കേരളത്തിൽ പരശുരാമൻ സൃഷ്ടിച്ചതായി പറയുന്ന അറുപത്തിനാല് ഗ്രാമങ്ങളിൽ ഏറ്റവും പ്രമാണപ്പെട്ട മാതൃകയായി കണക്കാക്കപ്പെട്ട ഒരു കേരളഗ്രാമമായിരുന്നു. ഇരിങ്ങാലക്കുടയെപ്പോലെത്തന്നെ പേരെടുത്ത മറ്റൊരു ഗ്രാമമായിരുന്നു തൊട്ടുവടക്കുള്ള പെരുമനം ഗ്രാമം. മധ്യകേരളത്തിൽ ഏറ്റവും കൂടുതൽ നമ്പൂതിരി (മലയാള ബ്രാഹ്മണ) കുടുംബങ്ങൾ കേന്ദ്രീകരിച്ചിരുന്നത് ഈ ഗ്രാമങ്ങളിലായിരുന്നു. ഇവിടുത്തെ ഇല്ലങ്ങളിൽ നിന്ന് തന്ത്രിമാരും ശാന്തിക്കാരും കീഴ്ശാന്തിക്കാരുമൊക്കെയായി അനേകംപേർ പയ്യന്നൂർ മുതൽ പാറശ്ശാല വരെ ക്ഷേത്രങ്ങളിൽ പൂജാദികർമ്മങ്ങൾ ചെയ്തു പോന്നിട്ടുള്ളവരാണ്. ഈ പ്രദേശത്തെ മൂന്നിലൊന്ന് ഭൂമി ദേവസ്വത്തിന്റേതായിരുന്നു. ഭൂമി ജന്മിവർഗ്ഗത്തിന്റെ പാവനമായ സ്വത്താണെന്നും അതിനെ തൊട്ടുകൂടരുതെന്നുമാണ് ബ്രിട്ടീഷ്

The
Ultimate Solution
for
power & Power Cuts

INDTRONIES
ELECTRONIC GENERATOR

With built-in
Battery Manager
Range from
150 VA to 2000 VA

The Choke
That works
Even at **30V AC** and
Safely operates upto
**330V AC**

INDTRONIES
ELECTRONIC CHOKE

Regd. Office : **INDTRONIES**
Madathiparambil, Chettiparambu, Irinjalakuda 680 121
Thrissur, Phone : 0488- 825722, 822688

Admn. Office: **INDTRONIES**
Ist floor, Co-op.Building, Opp. SBT. Irinjalakuda
Thrissur, Ph: 0488-826533

BRANCHES : MADRAS, MUMBAI

നിയമസംഹിത ഈ രാജ്യത്തെ ജനങ്ങളെ പഠിപ്പിച്ചത്. ഏതാണ്ട് എട്ടിലധികം നൂറ്റാണ്ടുകളായി പടിപടിയായി തങ്ങളുടെ മേധാവിത്വം നമ്പൂതിരി ബ്രാഹ്മണർ ഇവിടെ ഉറപ്പിച്ചിരുന്നു. അവരാണ് നിരങ്കുശവും നിർദ്ദയവുമായ ജാതിഭിന്നിപ്പുകളും അയിത്തവും അധ്വാനിക്കുന്ന ബഹുജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചത്. ഇരിങ്ങാലക്കുട ഗ്രാമത്തിൽ മാതൃകാപരമായ വിധം ജാതികൾ വേർതിരിക്കപ്പെട്ടിരുന്നു. 'മനവലശ്ശേരി' ഭാഗമാകെത്തന്നെ മനകളെക്കൊണ്ടു നിറഞ്ഞതായിരുന്നു. ചുരുങ്ങിയത് 60 ഇല്ലങ്ങളെങ്കിലും ഇവിടെ ഭൂസ്വത്ത് പങ്കിട്ടെടുത്തിരുന്നു. ഇവരിൽ ഏറ്റവും പ്രമുഖരായിത്തീർന്നത് താണിശ്ശേരിയിൽ നെടുമ്പിള്ളി തരണനല്ലൂർ ഇല്ലക്കാരായിരുന്നു. മഹാരാജാവിന് അവരുടെ മുന്നിൽ ഇരിയ്ക്കുവാൻ അനുവാദമില്ലായിരുന്നു. ബ്രാഹ്മണസേവ ഇവിടെ ക്ഷത്രിയരുടെ കുലവൃത്തിയായിരുന്നു. അങ്ങിനെ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ ചാതുർവർണ്യവ്യവസ്ഥ ശൂദ്രവിഭാഗത്തിലെത്തുമ്പോൾ നായർതൊട്ട് ഉള്ളാടൻ വരെ ഭിന്നജാതിക്കാരായി. പക്ഷെ ഈ ജാതിതിരിവിൽ തൊഴിൽപരമായ ഒരു വിഭജനവുമുണ്ടായിരുന്നു. ഗുണങ്ങളും ദോഷങ്ങളും നിറഞ്ഞതായിരുന്നു ഈ ജാതിവ്യവസ്ഥ.

നമ്പൂതിരി മേധാവിത്വത്തിന്റെ അതിക്രൂരമായ മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കുമെതിരെ സ്വന്തം അനുഭവങ്ങളുടെ ചോരയിൽ മുക്കി രചിക്കപ്പെട്ട ഒരു മഹേതിഹാസകൃതിയാണ് ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ. ഉണ്ണായി വാര്യർ ഉദ്ദേശം 1740–ാം ആണ്ടിന് ഇടയ്ക്ക് (കൊല്ലവർഷം 915 ന് ഇടയ്ക്ക്) കൂടൽ മാണിക്യ ക്ഷേത്രത്തിനടുത്തുള്ള വാര്യത്തിൽ ജനിച്ചതായി മലയാളത്തിലെ ആദ്യ ചരിത്രകാരനായ പി. ഗോവിന്ദപ്പിള്ള 'മലയാള ഭാഷാ ചരിത്ര'ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. രാമപഞ്ചശതി (സംസ്കൃതം) ഗിരിജാകല്യാണം, ഗീതാപ്രബന്ധം എന്നിവയും രചിച്ചത് ഉണ്ണായിവാര്യരാണെന്ന് കണക്കാക്കുന്നു. കേരളത്തിലാദ്യമായി "വധിക്കേണം നൃപന്മാരെ ചതിക്കേണം സുരന്മാരെ" എന്ന വിപ്ലവകാഹളം മുഴക്കിയത് ഉണ്ണായിവാര്യരായിരുന്നു. തന്റെ സമുദായത്തിലെ സ്ത്രീകളെ ബ്രാഹ്മണർ ഭോഗവസ്തുക്കളായി മാറ്റാനൊരുമ്പെട്ടതിന് എതിരെയുള്ള പടകാഹളമാണ് ഭംഗ്യന്തരേണ ഉണ്ണായിവാര്യർ ഉയർത്തിയത്" എന്ന് തോന്നുന്നു. സ്വന്തം അനുഭവം കൊണ്ടാണ്, സ്വന്തം ചോരയിൽ മുക്കിയെഴുതിയതുകൊണ്ടാണ് ഒരു കലാകാരന് ഉത്തമമായ കലാസൃഷ്ടി നടത്താൻ കഴിയുന്നതെങ്കിൽ അതിന്റെ മകുടോദാഹരണമാണ് പതിനേഴാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണായിവാര്യരുടെ 'നളചരിതം'. 'നളചരിതം' കൊണ്ട് ഇരിങ്ങാലക്കുടക്ക് കേരള സാംസ്ക്കാരികരംഗത്ത് മായാത്ത ഒരു സ്ഥാനം ലഭിച്ചു. നൂറ്റാണ്ടുകാ



ഉണ്ണായിവാര്യർ

ലത്തെ നമ്പൂതിരിമേധാവിത്വത്തെ, ക്രൂരമായ ജാതി വ്യവസ്ഥയെ, രാജവാഴ്ചയെ, വിദേശ മേധാവിത്വത്തെ തട്ടിത്തകർത്ത് ഇരിങ്ങാലക്കുടയിലെ മർദ്ദിതരായ ജനാവലി ധീരസാഹസികതയോടെ നടത്തിയ സ്വാതന്ത്ര്യ സമരങ്ങളുടെ ചരിത്രങ്ങളും സാമൂഹ്യവിപ്ലവപ്രസ്ഥാനങ്ങളും കൂടുതൽ പഠനവിഷയമാക്കേണ്ടതാണ്. ഇന്നലെയിൽനിന്ന് ഇന്ന്, ഇന്നിൽ നിന്ന് നാളെ . നമ്മുടെ വീക്ഷണം തിരിയേണ്ടതങ്ങനെയാണ്.

ഇന്ന് ഇരിങ്ങാലക്കുട കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യചരിത്രത്തിലും വിദ്യാഭ്യാസരംഗത്തും അതുല്യമായ ഒരു സ്ഥാനം വഹിക്കുന്നുണ്ടെങ്കിൽ അതിനു പ്രധാനമായ കാരണം ഈ പാരമ്പര്യമാണ്, ഇവിടത്തെ ഭൂപ്രകൃതിയാണ്, ഇവിടത്തെ ചരിത്ര പാഠങ്ങളാണ്.

**ക്രൈസ്തവർ ഇരിങ്ങാലക്കുടയിലേക്ക്..........**

ഒരു കാലത്ത് നമ്പൂതിരി മേധാവിത്വം അതിന്റെ സർവ്വവിധ പ്രൗഢികളും കൂടി നിലനിന്നിരുന്ന ഇരിങ്ങാലക്കുട ഗ്രാമത്തിലെ നിവാസികളിൽ നല്ലൊരു ഭാഗം ഇന്ന് ക്രൈസ്തവരാണ്. പതിനെട്ടാം നൂറ്റാണ്ടിൽ കൊച്ചിരാജ്യം വാണിരുന്ന ശക്തൻതമ്പുരാൻ ഇരിങ്ങാലക്കുടയിൽ വ്യാപാരകേന്ദ്രത്തിന് സാധ്യതയുണ്ടെന്നു മനസ്സിലാക്കുകയും കച്ചവടകാര്യങ്ങൾക്കായി നാലു ക്രൈസ്തവ കുടുംബങ്ങളെ ഇരിങ്ങാലക്കുടയിൽ ചന്തപ്പുരയെന്ന സ്ഥലത്ത് കൊണ്ടുവന്നു പാർപ്പിക്കുകയും ചെയ്തുവെന്ന് പറയപ്പെടുന്നു. അവരുടെ കുടുംബങ്ങൾ വളരുകയും മാപ്രാണം, ചെമ്മണ്ട, കല്പറമ്പ്, വെളയനാട്, താഴെക്കാട്, പടിയൂർ, എടത്തിരുത്തി തുടങ്ങിയ ക്രൈസ്തവ സങ്കേതങ്ങളിൽനിന്ന് കൂടുതൽ ക്രൈസ്തവർ ഇരിങ്ങാലക്കുട അങ്ങാടിയിലേക്ക് കുടിയേറിപ്പാർക്കുകയും ചെയ്തതോടെയാണ് ഇരിങ്ങാലക്കുടയിൽ ക്രൈസ്തവസംഖ്യയുയർന്നത്. നിലവിലുള്ള ക്രൈസ്തവ കുടുംബങ്ങളുടെ പേരുകൾ ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. കാട്ടൂക്കാരൻ, കാഞ്ഞാണിക്കാരൻ, വെള്ളാനിക്കാരൻ, മാളക്കാരൻ, അക്കരക്കാരൻ, താണിശ്ശേരിക്കാരൻ..............................

വണിക്‌വര്യന്മാരായ ആ ക്രിസ്ത്യാനികൾ ഇരിങ്ങാലക്കുടയുടെ മുഖച്ഛായ മാറ്റുന്നതിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ ചന്ത ഇരിങ്ങാലക്കുടയിലായിരുന്നു. ഈ ചന്തയ്ക്ക് മുന്നൂറ് വർഷം പഴക്കമുണ്ട്. മലഞ്ചരക്ക് വ്യാപാരത്തിന്റെ പ്രധാന കേന്ദ്രമായിരുന്ന ഈ ചന്തയിൽ കുരുമുളക്, കശുവണ്ടി, അടയ്ക്ക, കൊപ്ര എന്നീ കാർഷികോൽപ്പന്നങ്ങളും വെളിച്ചെണ്ണ മുതലായ ഉൽപാദിത വസ്തുക്കളും വൻതോതിൽ വിപണനം ചെയ്തിരുന്നു. അമ്പതു വർഷങ്ങൾക്കപ്പുറം ഇവയുടെ അങ്ങാടി നിലവാരം ഉറപ്പിച്ചിരുന്നത് ഇരിങ്ങാലക്കുടയിലെ ക്രൈസ്തവ വ്യാപാരികളായിരുന്നു.

എണ്ണയാട്ടുവ്യവസായം മേച്ചിലോടു നിർമ്മാണം ഓട്ടുപാത്രവ്യവസായം എന്നിവയൊക്കെ വികസിപ്പിച്ചെടുത്തത് ഇവിടുത്തെ ക്രൈസ്തവ വ്യാപാരികളായിരുന്നു. 1961 ൽ ഇരിങ്ങാലക്കുട ആസ്ഥാനമായി രജിസ്റ്റർ ചെയ്ത കോക്കനട്ട് ഓയിൽ മില്ലേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എണ്ണവ്യാപാരത്തിൽ ഇരിങ്ങാലക്കുടയുടെ അനിഷേധ്യ സ്ഥാനം വെളിവാക്കുന്നു. സ്വാശ്രയത്തിലൂന്നുന്ന ഒരു വ്യവസായസങ്കല്പം അവർ രൂപപ്പെടുത്തിയിരുന്നുവെങ്കിലും പിന്നീട് ഈ ധാരണയെ സജീവമാക്കി നിർത്തുവാൻ ഇവർക്കായില്ല. എങ്കിൽപ്പോലും ഇരിങ്ങാലക്കുടയിലെ ക്രൈസ്തവസമൂഹമാണ് ഈ പ്രദേശത്തിന്റെ നാഗരികസ്വഭാവത്തിനാക്കം കൂട്ടിയത് എന്നുള്ളത് അനിഷേധ്യമാണ് . 1845 ൽ സ്ഥാപിതമായ സെന്റ് ജോർജ്ജ് പള്ളി. 1880 ൽ സ്ഥാപിതമായ സെന്റ് മേരീസ്



സെന്റ് തോമാസ് കത്തീഡ്രൽ




സെന്റ് മേരീസ് ചർച്ച്

പള്ളി എന്നീ ആരാധനാലയങ്ങൾ ഇരിങ്ങാലക്കുടയെ ഒരു ഉയർന്ന ക്രൈസ്തവ സങ്കേതമാക്കി. 1978 സെപ്തംബർ 10ന് ഇരിങ്ങാലക്കുട രൂപത രൂപീകരിച്ചതിനെത്തുടർന്ന് സെന്റ് ജോർജ്ജ് പള്ളി ഭദ്രാസനദേവാലയമായി അംഗീകരിക്കപ്പെട്ടതോടെ സെന്റ് മേരീസ് പള്ളി ഭദ്രാസന ദേവാലയത്തിന്റെ കീഴിൽ ആത്മീയ കേന്ദ്രമാക്കി മാറ്റി. ഭദ്രാസന ദേവാലയത്തിന്റെ പേര് സെന്റ് തോമാസ് എന്നാക്കിമാറ്റുകയും ചെയ്തു.

ഇരിങ്ങാലക്കുട പട്ടണത്തിൽനിന്നും റെയിൽവേ സ്റ്റേഷൻ എട്ടുകിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്നതിനാൽ വാണിജ്യവിഭവങ്ങൾ പട്ടണത്തിലേക്കു കൊണ്ടുവരുന്നതിനും കയറ്റി അയക്കുന്നതിനും പ്രയാസം നേരിട്ടിരുന്നു. ഇരിങ്ങാലക്കുടയിലെ കച്ചവട മാർഗ്ഗങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഇരിങ്ങാലക്കുട പട്ടണത്തിനെ ഒരു കനാൽ വഴി അറബിക്കടലിന്റെ റാണിയായ കൊച്ചി തുറമുഖവുമായി ബന്ധപ്പെടുത്തുന്നതിനുവേണ്ടിയുള്ള നാട്ടുകാരുടെ നിരന്തര പരിശ്രമഫലമായി ദിവാൻ ഷൺമുഖം ചെട്ടിയുടെ മുൻ കൈയോടെ 1938 ൽ ഷൺമുഖം കനാലിന്റെ പണിതുടങ്ങി.

കനാൽപണിക്ക് ഗവർമ്മെണ്ടിൽ നിന്നും ചെലവാക്കുന്ന സംഖ്യക്ക് കൗൺസിലിൽ നിന്നും പലിശകൊടുക്കാമെന്നും എന്നാൽ ഗവർമ്മെണ്ട് ഏതുകാലത്തും വഞ്ചികൾക്കും, വലിയ കെട്ടുവള്ളങ്ങൾക്കും,ബോട്ടുകൾക്കും, ഗതാഗതത്തിനു തടസ്സമില്ലാത്തവിധം കനാൽ താഴ്ത്തിയും മറ്റ് അറ്റകുറ്റപ്പണികൾ അതാതു കാലത്ത് ചെയ്തുതരേണ്ടതാണെന്നും കൗൺസിൽ ഗവർമ്മെണ്ടിനോട് ആവശ്യപ്പെട്ടിരുന്നു. കനാലിന്റെ ഇരുവശത്തും ഗോഡൗണുകൾ പണിയേണ്ടതിന് സ്ഥലവും ഒഴിവാക്കിയിട്ടിരുന്നു.

1940 ജൂൺ 3 ന് ദിവാൻ ഷൺമുഖം ചെട്ടി കനാൽ ഗതാഗതത്തിനായി ഔപചാരികമായി




ഷൺമുഖം കനാൽ (1940)

തുറന്നു. കൊച്ചിയെ ഇരിങ്ങാലക്കുടയുമായി ബന്ധിപ്പിക്കുക വഴി ഇവിടുത്തെ പരമ്പരാഗത വ്യവസായങ്ങൾക്ക് പുതുജീവൻ നൽകി. അതിനുമുമ്പ് കരൂപ്പടന്നയായിരുന്നു നാളികേരോല്പന്നങ്ങളുടെ കടത്തുകേന്ദ്രം. തീരദേശ ജലഗതാഗത മാർഗമായ കനോലിക്കടത്തുമായി ഇരിങ്ങാലക്കുട ചന്തയെ ബന്ധിപ്പിച്ച കനാൽ നഗരത്തിലെ വാണിജ്യസാധ്യതകൾ വർദ്ധിപ്പിച്ചു,

ഇരിങ്ങാലക്കുട പട്ടണത്തിനെ വാണിജ്യപരമായി അഭിവൃദ്ധിപ്പെടുത്താൻവേണ്ടി ഷൺമുഖം കനാൽ കുഴിക്കുവാൻ അനുവദിച്ച ദിവാൻ സർ ഷൺമുഖം ചെട്ടിയുടെ ഉദ്യോഗ കലാവധിക്കുശേഷം വന്ന ദിവാൻജിമാരെ സർ ഷൺമുഖത്തിന്റെ കനാൽ പ്ലാൻ ഒരു പരാജയമാണെന്ന് ഇരിങ്ങാലക്കുടയുടെ അഭിവൃദ്ധിയിൽ അസൂയാലുക്കളായ ചില വലിയ ഉദ്യോഗസ്ഥൻമാർ തെറ്റിദ്ധരിപ്പിച്ചതിന്റെ ഫലമായി ഷൺമുഖം കനാൽ അഭിവൃദ്ധിപ്പെട്ടില്ല. ഗോഡൗണുകൾ പണിയാൻ ഒഴിവാക്കിയിട്ടിരുന്ന സ്ഥലം ജനങ്ങൾ കയ്യേറി. ക്രമേണ ഷൺമുഖം കനാൽ ഉപയോഗശൂന്യമായിത്തീർന്നു.

**മതസൗഹാർദ്ദം മറ്റുള്ളവർക്ക് ഒരു മാതൃക.**

ഇരിങ്ങാലക്കുടയെ ഒരു കാലത്ത് വടക്കൻ പ്രദേശങ്ങളിലെ അതിപ്രധാനമായൊരു വാണിജ്യകേന്ദ്രമാക്കിത്തീർത്ത ഇവിടുത്തെ ക്രൈസ്തവ സമൂഹവും അവരെ തങ്ങളുടെ ഭാഗമാക്കി അംഗീകരിച്ച ഹൈന്ദവ സമൂഹവും തമ്മിലുള്ള ഉടയാത്ത മൈത്രീബന്ധമാണ് ഇരിങ്ങാലക്കുടയുടെ ഏറ്റവും വലിയ സവിശേഷത ഇന്നും ഈ നഗരത്തിൽ പുലരുന്ന മത മൈത്രിയും സാമുദായിക സാഹോദര്യവും അനാദൃശമത്രെ ! മത



ജുമാ മസ്ജിദ് (1958)

സ്പർദ്ധയുടെയോ കലാപങ്ങളുടേയോ ഒറ്റ സംഭവം പോലും ഇരിങ്ങാലക്കുടയുടെ ചരിത്രത്തിൽ എടുത്ത് പറയാനില്ല. കൂടൽ മാണിക്യം ക്ഷേത്രവും സെന്റ് തോമസ് കത്തീഡ്രലും ജുമാ മസ്ജിദും വിശ്വനാഥപുരം ക്ഷേത്രവും മത സഹിഷ്ണുതയുടെയും സാമുദായിക സാഹോദര്യത്തിന്റേയും മഹനീയ നിദർശനങ്ങളായി ഈ നഗരത്തിൽ നിലകൊള്ളുന്നു. ഈ വിവിധ ആരാധനാലയങ്ങളിലെ ആചാരാഘോഷങ്ങളും ഉത്സവങ്ങളുമാകട്ടെ പരസ്പരം കൂടിപ്പിണയാതെ വർഷത്തിൽ വ്യത്യസ്ത കാലങ്ങളിലായാണ് സംവിധാനം ചെയ്തിട്ടുള്ളത്. ഇവയിൽ പ്രധാനം പതിനൊന്നു ദിവസം നീണ്ടു നിൽക്കുന്ന കൂടൽമാണിക്യ ക്ഷേത്രോത്സവവും പിണ്ടിപ്പെരുന്നാളുമാണ്. പള്ളിവേട്ടയും അമ്പെഴുന്നള്ളിപ്പും ഇരിങ്ങാലക്കുടയിലെ ക്രിസ്ത്യാനിയും ഹിന്ദുവും ഒരുപോലെ പങ്കെടുത്ത് വിജയിപ്പിക്കുന്നു. ഈ നഗരത്തിന്റെ ഏറ്റവും വലിയ വ്യതിരിക്തത വ്യത്യസ്ത മതങ്ങൾ തമ്മിലുള്ള ഈ പരസ്പര ധാരണ തന്നെയാണ്.

**ധീരോദാത്ത സമരചരിത്രങ്ങളിലൂടെ...**

സാമൂഹ്യ പ്രബുദ്ധതയും, അസമത്വത്തിനും അനീതിക്കുമെതിരായ ജനകീയ ചെറുത്തു നിൽപ്പുകളും ഇരിങ്ങാലക്കുടയുടെ ചരിത്രത്തിലിഴുകിച്ചേർന്നിട്ടുണ്ട്. ശ്രീനാരായണ ഗുരു, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ എന്നിവരുടെ നേതൃത്വത്തിൽ അയിത്തത്തിനെതിരായ പ്രസ്ഥാനങ്ങൾ ഇവിടെയും രൂപപ്പെട്ടിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിൽ കൂടിപോലും അയിത്തജാതിക്കാർക്ക് വഴിനടക്കാൻ കഴിയുമായിരുന്നില്ല. ഇവരെ കൂട്ടിക്കൊണ്ടുവന്ന് നിയമം ലംഘിച്ച് ക്ഷേത്രദർശനം നടത്തിയ ഒരു നായർ പരിഷ്ക്കർത്താവിനെ കൊല്ലാൻ വിധിച്ച രാജകല്പനയുടെ പ്രതീകമായാണ് ഇന്നും ടൗണിൽ പുറ്റിങ്ങൽ ക്ഷേത്രം നിലകൊള്ളുന്നതത്രേ.

1930 കളിൽ ഗാന്ധിജി ഠാണാവിൽ നിന്ന് ചന്തപ്പുരയ്ക്ക് പിൻവശത്തുള്ള ചളിയംപാടത്തേക്ക് നടന്നുവന്നുകൊണ്ട് ജനങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചത് ഇരിങ്ങാലക്കുടയെന്ന പുണ്യഭൂമിക്ക് ലഭിച്ച അനുഗ്രഹമാണ്. ഇരിങ്ങാലക്കുടക്ക് സ്വാതന്ത്ര്യ സമരചരിത്രത്തിന്റെ താളുകളിൽ ഇടം നേടിക്കൊടുത്ത ഉജ്ജ്വല സമരങ്ങളാണ് അയ്യങ്കാവ് സമരവും കുട്ടംകുളം സമരവും. 1942 കാലഘട്ടം. സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂള ഇരിങ്ങാലക്കുടയിലും ഒരുങ്ങിക്കഴിഞ്ഞിരുന്നു. പ്രജാമണ്ഡലം വളന്റിയർമാർ എന്നു സംശയിക്കപ്പെട്ടിരുന്നവരൊക്കെ അന്ന് വിയ്യൂർ സെൻട്രൽ ജയിലിൽ ലോക്കപ്പുകളിലുമായി. കൊച്ചിയിലെ നാനാഭാഗത്തെ വളന്റിയർമാരും ജയിലിലടക്കപ്പെട്ടു. ഇരിങ്ങാലക്കുടയിൽ അന്ന് സർവ്വത്ര പോലീസ് പാറാവായിരുന്നു. 1942 ജനുവരി 26-ാംനു രാവിലെ വിധ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെടുകയില്ലെന്ന് ഉറപ്പുനൽകുന്നവരെയൊക്കെ വിയ്യൂർ ജയിലിൽനിന്നു വിടാൻ തുടങ്ങിയിരുന്നു. പലരും സമരമൊക്കെ വഞ്ചിക്കപ്പെട്ടു എന്ന തോന്നലോടെ ജയിലിൽ നിന്നും മോചനം നേടി. എന്തുചെയ്തും നാടിന്റെ മാനം ഞങ്ങൾ രക്ഷിക്കും എന്ന ഉറപ്പോടെ ജീവൻ ബലികഴിക്കാനുള്ള ദൃഢനിശ്ചയത്തോടെ "ഞങ്ങൾ ഒരു തെറ്റും ചെയ്തില്ലാ" എന്നു പോലീസുകാർ നീട്ടിയ കടലാസിൽ ഒരു വരവരച്ചു നമ്മുടെ മൂന്നു സഖാക്കൾ ഒപ്പിട്ടുകൊടുത്തു. ഇ. ഗോപാലകൃഷ്ണമേനോൻ, വി.എസ്. മേനോൻ (വട്ടപ്പറമ്പിൽ ശങ്കരൻകുട്ടി), എം.ടി. കൊച്ചുമാണി എന്നിവരാ യിരുന്നു അവർ. അയ്യങ്കാവു മൈതാനത്ത് വൈകുന്നേരത്തിനു മുമ്പെത്തി കാലേക്കൂട്ടി നിശ്ചയിച്ചിരുന്ന പരിപാടിയനുസരിച്ച് പ്രജാമ ണ്ഡലത്തിന്റെ ഒന്നാം വാർഷികം നടത്തുകതന്നെ ചെയ്യുമെന്ന് അവർ ഹൃദ്രക്തം കൊണ്ട് പ്രതിജ്ഞയെടുത്തിരുന്നു. ഇന്ന് ക്രൈസ്റ്റ് കോളേജ് സ്ഥിതിചെയ്യുന്ന മങ്ങാടിക്കുന്ന് അന്ന് കാടുപിടിച്ച സ്ഥലമായിരുന്നു. അവിടെ വച്ച് ജയിലിൽ നിന്നിറങ്ങിയ മൂന്നു ഭടന്മാർ ക്ഷണനേരംകൊണ്ട് പദ്ധതി ആവിഷ്ക്കരിച്ചു. മങ്ങാടിക്കുന്നിൽ നിന്നും ശങ്കരൻകുട്ടിയേയും, ഗോപാലകൃഷ്ണനേയും കൊച്ചുമാണിയെയും അയ്യങ്കാവ് മൈതാനത്ത് പടിഞ്ഞാറുവശം കാടുപിടിച്ചുകിടന്നിരുന്ന തോടുവരെ ആനയിച്ച സന്നദ്ധഭടൻമാർ, ആരുമേതും സംശയിക്കാതിരുന്ന മുനിസിപ്പൽ തൊഴിലാളികളും ചില പിഞ്ചുവിദ്യാർത്ഥികളുമായിരുന്നു.

ദിവാൻ ഭരണത്തിന്റെ സ്വേച്ഛാധിപത്യപരമായ പ്രജാമണ്ഡല നിരോധന കല്പനയെ കാത്തുരക്ഷിക്കാൻ കാവൽ നിന്നിരുന്ന നൂറ് കണക്കിന് നായർ പട്ടാളത്തേയും ചുവപ്പു

തൊപ്പിക്കാരെയും കബളിപ്പിച്ചുകൊണ്ട് പോലിസ് വലയം ഭേദിച്ച് സന്ധ്യയോടടുത്ത സമയത്ത് മൂന്ന് സന്നദ്ധഭടന്മാരും അയ്യങ്കാവ് മൈതാനത്ത് ഒത്ത നടുവിൽ പ്രത്യക്ഷരായി. "ഭാരത് മാതാ കീ ജയ്" , "മഹാത്മാഗാന്ധി കീ ജയ് ", "പ്രജാമണ്ഡലം വാർഷികസമ്മേളനം കീ ജയ് " , "ഇൻകിലാബ് സിന്ദാബാദ്" തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചു. രാജാവിന്റേയും ദിവാന്റെയും സൈന്യം ഇതുകേട്ട് അന്ധാളിച്ചു. പോലീസേജന്റുമാർ നടുങ്ങി. സ്വൽപനേരത്തേക്ക് അവരെല്ലാം നോക്കിനിന്നു. ഒടുവിലവർ ചാടിവീണു. മൂന്നുപേരേയും അവർ മണ്ണിലിട്ടു ഉരുട്ടി പന്താടി. ഠാണാ പോലിസ് സ്റ്റേഷനിലേക്ക് ഉരുട്ടിക്കൊണ്ടുപോയി എന്നുതന്നെ പറയാം. പോലീസ് സ്റ്റേഷനിൽ വച്ച് അവർ ക്രൂരമായി മർദ്ദിക്കപ്പെട്ടു. പക്ഷെ അവർ തളർന്നില്ല. ചോർന്നു പോകാത്ത സമരവീര്യവുമായി ഓരോ ചൂരലടിക്കും അവർ ഓരോ ഇൻകിലാബ് മുഴക്കി. ഇരിങ്ങാലക്കുടയിലെങ്ങും ഇൻകിലാബ് ഉയർന്നു. അയ്യങ്കാവ് മൈതാനത്ത് എല്ലാ നിരോധനങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടുള്ള നിയമലംഘനം നടന്ന കഥ ഇന്ത്യയിലെങ്ങുമുള്ള പത്രങ്ങൾ വലിയ തലക്കെട്ടോടെ ലോകത്തെ അറിയിച്ചു. ഇന്ത്യയിൽ ഇരിങ്ങാലക്കുടയെന്ന പേർ രാഷ്ട്രീയ നഭോ മണ്ഡലത്തിലുയർന്നു.

എന്തുവന്നാലും ഇരിങ്ങാലക്കുടയിൽ പ്രജാമണ്ഡല വാർഷിക സമ്മേളനം നടത്തിക്കില്ലാ എന്നു വീമ്പടിച്ചുരുന്ന എ. എഫ്. ഡബ്ല്യു. ഡിക്സൺ എന്ന ദിവാൻ സായ്പ് അന്നുരാത്രി ഉറങ്ങിയില്ല. എല്ലാ നിരോധനവും പിൻവലിച്ചുകൊണ്ടും ജയിലിൽ കിടന്നവരെയൊക്കെ വിട്ടയച്ചുകൊണ്ടും രാത്രിക്കു രാത്രി തന്നെ പ്രസ്നോട്ടിറക്കി. വിജയശ്രീലാളിതരായ നാടിന്റെ ഓമനസന്താനങ്ങൾ, അഭിമാനഭാജനങ്ങളായി ത്തീർന്നവർ 27-ാംനു രാവിലെ ഇരിങ്ങാലക്കുട സബ്ജയിൽ വിട്ടിറങ്ങി. അവർ അവശരായിരുന്നു. ഒരു വമ്പിച്ച പുരുഷാരം അവർക്കു ഹൃദയമാല്യങ്ങൾ അർപ്പിച്ചു. അങ്ങനെ അയ്യങ്കാവ് മൈതാനം കേരളത്തിന്റെ, ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിൽ സ്ഥാനം നേടി.

അയ്യങ്കാവ് മൈതാനത്ത് കാവൽ നിന്നിരുന്ന പോലീസുകാർ വളരെപ്പേർ അധികം നാൾ കഴിയും മുമ്പ് "ഞങ്ങൾക്കും വേണം ജീവിക്കാനുള്ള സ്വാതന്ത്ര്യം" എന്നവകാശപ്പെട്ടുകൊണ്ട് പണിമുടക്ക് സമരത്തിൽ ഏർപ്പെട്ടു. ഇന്ത്യയിലെ ഒന്നാമത്തെ സംഘടിതമായ പോലീസ് പണിമുടക്കായിരുന്നു അതെന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

**ആഗസ്റ്റിലെ ബെഞ്ചേറ്**

1942 ലെ ആഗസ്റ്റ് സമരത്തിന്റെ നാളുകൾ ഇവിടെ പിന്നെയും മുഖരിതമായി. പരസ്യമായ നിയമലംഘനം ഇവിടെ പതിവായിത്തീർന്നു. പോലീസും ജനശക്തിയും തമ്മിൽ ഇവിടെ ഒന്നിലധികം തവണ ഏറ്റുമുട്ടി. ആഗസ്റ്റ് സമരത്തിൽ ഇരിങ്ങാലക്കുട ബോയ്സ് ഹൈസ്ക്കൂളിലേയും, ഗേൾസ് ഹൈസ്കൂളിലെയും വിദ്യാർത്ഥിനി വിദ്യാർത്ഥികൾ വഹിച്ച അവിസ്മരണീയമായ പങ്ക് അനേകം ധീരകഥൾ രചിച്ചിട്ടുള്ളതാണ്. ലാത്തിയടിയും, കല്ലേറും വെടിവെപ്പുമൊക്കെ നമുക്ക് പരിചയമുണ്ട്. പക്ഷെ 'ബെഞ്ചേറ് ' എന്ന് ആരെങ്കിലും കേട്ടിട്ടുണ്ടോ? ഇവിടെ സർക്കാർ ഹൈസ്ക്കൂളിന്റെ രണ്ടാം തട്ടിൽ നിന്നുകൊണ്ട് വിദ്യാർത്ഥികൾ താഴെ

ആയുധമേന്തി വലയം ചെയ്തിരുന്ന പോലീസു കാരുടെ നേരെ ബെഞ്ചുകൾ എടുത്ത് വീക്കിയ ഒരു രംഗമുണ്ടായി. അന്ന് വിദ്യാർത്ഥികളുടെ നേതൃത്വം വഹിച്ചത് മാരാത്ത് ശിവരാമൻ, കണ്ടംകുളത്തി കുഞ്ഞാവര, തുരുത്തി ഗോപി, നാരായണൻകുട്ടി,കൃഷ്ണദാസ്, കെ.പി.പോളി എന്നിവരായിരുന്നു. മാരാത്ത് ശിവരാമൻ ഭീകര മായ ലോക്കപ്പ് മർദ്ദനത്തിന് ഇരയായി അകാല ചരമമടഞ്ഞു. സമരത്തിനിറങ്ങിയവർ സ്കൂളിൽ നിന്ന് ബഹിഷ്കൃതരായി. ചിലർ പഠിപ്പു നിറു ത്തി. പലരും നാടുവിട്ടു. സമരത്തിന്റെ നേതൃത്വം വഹിക്കുമെന്ന് കരുതപ്പെട്ടിരുന്ന ശ്രീ. പുതൂർ അച്യുതമേനോനെ തടങ്കൽ നിയമപ്രകാരം സർക്കാർ അറസ്റ്റുചെയ്തുകൊണ്ടുപോയി. ക്വിറ്റ് ഇന്ത്യാസമരത്തിലെ അവിസ്മരണീയമായ സംഭവമായിരുന്നു ഇത്.

**കുട്ടംകുളം സമരം**

രാഷ്ട്രീയ സമരത്തിൽ അയ്യങ്കാവ് മൈതാനം ഒരിക്കൽ കൂടി പേരെടുത്തത് കുട്ടം കുളം റോഡ് സഞ്ചാര സ്വാതന്ത്ര്യ സമരമെന്ന റിയപ്പെടുന്ന 1946 –ലെ രാജവാഴ്ചക്കെതിരായ പോരാട്ടത്തിലൂടെയാണ്. കുട്ടംകുളം റോഡി ലൂടെ കുളത്തിന്റെ കിഴക്കുഭാഗത്തുനിന്നും പടി ഞ്ഞാട്ട് അയിത്ത ജാതിക്കാർ പ്രവേശിച്ചുകൂ ടെന്ന് നൂറ്റാണ്ട് മുമ്പിലത്തെ ആചാരം അമ്പല ത്തിൽ ഉത്സവകാലത്ത് ഒരു പരസ്യപ്പലക രൂപ ത്തിൽ അവിടെ നാട്ടാറുണ്ട്. ആ പലക അവി ടെനിന്നും പിഴുതെറിഞ്ഞ സംഭവത്തിലൂടെ ജന്മം കൊണ്ടത് കൊച്ചിയിലെ 'ക്ഷേത്രപ്രവേശന കർമ്മ സമിതി' ആയിരുന്നു. മുകുന്ദപുരം താലൂ ക്കിലെ നാനാഭാഗങ്ങളിലായി മുക്കിലും മൂല യിലും എസ്. എൻ. ഡി. പി., പുലയമഹാസഭ തുടങ്ങിയ അവശ സമുദായ സംഘടനകളും, പ്രജാമണ്ഡലം, കമ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും തൊഴിലാളി സഹോദര സംഘം ബീഡിത്തൊഴിലാളി യൂണിയൻ, കർഷ കസംഘം തുടങ്ങിയ വർഗ്ഗാധിഷ്ഠിത സംഘട നകളും വിദ്യാർത്ഥിഫെഡറേഷനും ഒത്തൊരു മിച്ച്കൊണ്ട് അയിത്തത്തിനെതിരായ ഒരു പ്രക്ഷോഭക്കൊടുങ്കാറ്റുതന്നെ ഈ രാജ്യത്തു സൃഷ്ടിച്ചു.

1946 ജൂലൈ 6–ാംനു അയ്യങ്കാവ് മൈതാ നത്തിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്തുകൊണ്ടിരുന്ന ശ്രീ. പി. ഗംഗാധരൻ (പള്ളുരുത്തി) കുട്ടംകുളം റോഡിൽ അയിത്ത മുണ്ടോ എന്ന് ഒന്നുപോയി നോക്കിയാലെന്താ ണെന്ന് ചോദിച്ചപ്പോൾ "ചലോ ചലോ കുട്ടം കുളം" എന്ന് ജനതതി ആർത്തുവിളിച്ചു, നിയമ ലംഘനത്തിനൊന്നും തങ്ങളില്ലെന്നുപറഞ്ഞ് യോഗാദ്ധ്യക്ഷനും ചില ദിവ്യന്മാരും വഴിമാറി നടന്നു. ജനങ്ങളുടെ ശക്തി ആർത്തിരമ്പി. കുട്ടൻകുളത്തിനു കിഴക്കുവശം ഡി.എസ്.പി. സൈമൺ മാഞ്ഞൂരാന്റേയും ഇൻസ്പെക്ടർ ശങ്കുണ്ണിയുടേയും നേതൃത്വത്തിൽ പോലീസു കാർ തോക്കും ലാത്തിയുമായി നിലയുറപ്പിച്ചി രുന്നു. ജനക്കൂട്ടം പാഞ്ഞടുത്തു. ഗംഗാധരൻ, കെ.വി. ഉണ്ണി, പി.കെ. കുമാരൻ, പി.കെ. ചാത്തൻ മാസ്റ്റർ, അമ്പാടി ശങ്കരൻകുട്ടി, വട്ടപ്പറമ്പിൽ ശങ്കരൻകുട്ടി, എം.കെ. തയ്യിൽ, ശാരദാ കുമാരൻ, ചക്കിടീച്ചർ എന്നിവരുടെ നേതൃത്വത്തിലുള്ള ജനങ്ങളും പോലീസുകാരും തമ്മിൽ ശക്തമായ ഏറ്റുമുട്ടൽ നടന്നു.

അന്നു വൈകുന്നേരം അയ്യങ്കാവ് മൈതാ നത്ത് ഈ നാടിന്റെ ചരിത്രത്തിൽ ഏറ്റവും ഉശി രുകാണിച്ചതായ പ്രതിഷേധയോഗം ചേർന്നു. അയ്യങ്കാവ് മൈതാനത്തു നിന്നുയർന്ന പന്തം കൊച്ചി രാജ്യത്തെമ്പാടും തീപിടിപ്പിച്ചു. ക്ഷേത്ര പ്രവേശന സമരം ഉത്തരവാദിത്വ ഭരണ സമര മായി മാറി. കൊച്ചി രാജ്യത്ത് ഒരീച്ചപോലും അനങ്ങാത്തവിധം സർവ്വ ജീവിതവും സ്തംഭി

*With best Compliments from*

THE CAPSULE OF CAPTIVATION
Long Life
SHIRTS

അനേകായിരം ഡിസൈനുകളിൽ.......... വർണ്ണങ്ങളിൽ..........
യഥേഷ്ടം തെരഞ്ഞെടുക്കുവാൻ.........
നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

*Visit*
LONG LIFE SHOWROOM, TANA-IRINJALAKUDA.

*Marketed by*
**Alba Fashions**
**Cathedral Shopping Complex,**
**Tana-Irinjalakuda.**

Pro. Benny Ambazhakkadan
Ph: 822202 (Resi.)

**കമ്പനിയിലൂടെ......നേരിട്ട്......ജനങ്ങളിലേക്ക് !**

**REGULAR, SUNDAY, HOLIDAY CLASSES**
- M.A. ENGLISH
- M.A. MALAYALAM
- M.A. ECONOMICS
- M.A. SOCIOLOGY
- M.A. HISTORY
- M Sc MATHEMATICS
- MCom

**PROFESSIONAL COURSES**
- ICWAI, ACS } Intermediate
- ICWAI,
- ACS,
- CA Foundation

**GUIDANCE & COACHING**
- MBA,
- MCA,
- BSRB (Tests)
- B.Sc MATHS (Tuition Classes)

**COUMPUTER CLASSES**
- PGDCA,
- DCA,
- DOA,
- & Other Job-Oriented Packages

# P.G.Centre

**CENTRE FOR POST-GRADUATE STUDIES**


NORTH BUS STAND THRISSUR PH:335709,338983

പ്പിച്ച ഒരു ഹർത്താൽ 1121 കർക്കിടകം 13-ാംനു ആചരിക്കപ്പെട്ടു. നവംബർ ആദ്യം മഹാരാജാവ് ഭാഗികമായ ഉത്തരവാദിത്വഭരണം പ്രഖ്യാപിച്ചു. രാഷ്ട്രീയത്തടവുകാർ ജയിലിൽ നിന്നും പുറത്തുകടന്നു. ക്ഷേത്രപ്രവേശനത്തിനു പിന്നെയും കുറച്ചു കാത്തു നിൽക്കേണ്ടതായി വന്നു. പക്ഷെ രാഷ്ട്രീയ നേട്ടം അഭിമാനകമായിരുന്നു. ഇന്ത്യയിൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല ഭരണം ജന്മമെടുത്തു.

ഈ നാട്ടിൽ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളായിരുന്ന മനുഷ്യർ അയ്യങ്കാവുമൈതാനത്തെ മറക്കില്ല. 1949 ൽ അയ്യങ്കാവ് മൈതാനം ചെളിനിറഞ്ഞ പാടമായിരുന്നു. ഇന്ന് തിയ്യറ്ററും മണിമാളികകളുമൊക്കെ ഉയർന്നു അയ്യങ്കാവ് പരിസരം പാടെ മാറിയിരിക്കുന്നു.

**നഗരത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം**

പരശുരാമൻ സൃഷ്ടിച്ചു എന്നു വിശ്വസിക്കപ്പെടുന്ന കേരളത്തിലെ അറുപത്തിനാലു ഗ്രാമങ്ങളിൽ ഏറ്റവും പ്രമാണപ്പെട്ട ഗ്രാമമായിരുന്നു ഇരിങ്ങാലക്കുട. കേരളത്തിന്റെ സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ ഇരിങ്ങാലക്കുട തിളങ്ങിനിന്നിരുന്നു. 1936 ൽ ആണ് ഇരിങ്ങാലക്കുടയെ മുനിസിപ്പാലിറ്റിയാക്കി ഉയർത്തിയത്. നഗരത്തിന്റെ ബഹളങ്ങളിലേയ്ക്കും കോൺക്രീ



മുൻസിപ്പൽ ഓഫീസ് (1961)

റ്റുകാടുകളുടെ ബാഹുല്യത്തിലേക്കും വളർന്നു കൊണ്ടിരിക്കുന്ന ഇരിങ്ങാലക്കുടക്ക് ഇപ്പോഴും അതിന്റെ ഗ്രാമീണഹൃദയം പൂർണ്ണമായും നഷ്ടപ്പെട്ടിട്ടില്ല. പക്ഷെ ഇന്ന് ഇരിങ്ങാലക്കുടക്കാരന് അസൗകര്യങ്ങളുടെ പട്ടിക ഏറെ നിരത്തിവയ്ക്കാനുണ്ടാകും.

ആദ്യകാലത്ത് ഇരിങ്ങാലക്കുടക്കാർ റെയിൽവേസ്റ്റേഷനിലേക്കും മറ്റും പോകുന്നതിനുപയോഗിച്ചിരുന്നത് കുതിര വണ്ടിയായിരുന്നു. കൊച്ചി രാജ്യത്ത് ആദ്യമായി ബസ്സ് ഗതാഗതം ആരംഭിച്ചതും ഇരിങ്ങാലക്കുടയിലാണെന്ന് ചരിത്രം പറയുന്നു. ബസ്സ് ഗതാഗതം വർദ്ധിച്ചപ്പോൾ ക്രമേണ കുതിര



1929 ൽ വിക്ടോറിയ ജൂബിലി മെമ്മോറിയൽ ലൈബ്രറി & റീഡിംഗ് റൂം (മഹാത്മാഗാന്ധി ലൈബ്രറി) കെട്ടിടത്തിന്റെ ഉദ്ഘാടനവേളയിൽ കൊച്ചി ദിവാൻ ശ്രീ. ടി.എസ്. നാരായണയ്യരും ഇരിങ്ങാലക്കുടയിലെ പൗരപ്രമുഖരും.

വണ്ടിയുടെ ഉപയോഗം ഇല്ലാതായി. ഇന്ന് യാത്രക്കാരും ബസ്സുകളും തിങ്ങി ഞെരുങ്ങുന്ന ബസ്സ്സ്റ്റാൻഡ് തീർച്ചയായും നിങ്ങളെ വീർപ്പു മുട്ടിക്കും. (ബസ്സ്സ്റ്റാൻഡ് വികസനം നടന്നു കൊണ്ടിരിക്കുകയാണ്.) ഇവിടെയുള്ള ട്രാൻസ് പോർട്ട് ബസ്സ് ഡിപ്പോ ഇവിടെനിന്നും മാറ്റിയതു മൂലം ദൂരദേശ യാത്രകൾക്ക് സൗകര്യം കുറവായി.

ബസ്സ്സ്റ്റാൻഡിൽ നിന്നും പടിഞ്ഞാറോട്ടു യാത്രയാകാം. ഇവിടെനിന്നും നോക്കിയാൽ നിങ്ങൾക്ക് കൂടൽ മാണിക്യക്ഷേത്രത്തിന്റെ മുൻഭാഗം കാണാം. ക്ഷേത്രത്തിലെത്തു ന്നതിനു മുൻപ് ഇടതുഭാഗത്ത് ഒരു പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് കണ്ടോ ? അവിടെ ഒരു വീടുണ്ടാ യിരുന്നു. മുത്തശ്ശിമാവ് നിഴൽ വിരിക്കുന്ന മുറ്റത്തോടുകൂടിയ ഒരു പഴയ തറവാട്. അതായിരുന്നു സുപ്രസിദ്ധ പിന്നണിഗായകൻ ജയചന്ദ്രന്റെ 'പാലിയം' വസതി. ക്ഷേത്രത്തി നടുത്ത് വലതുഭാഗത്ത് മതിലുകെട്ടിയ ഒരു കുളം കാണുന്നില്ലേ ? അതാണ് കുട്ടംകുളം. നിങ്ങൾ ഒരു ദൈവ വിശ്വാസിയാണെങ്കിൽ ക്ഷേത്രത്തിനകത്തു കയറി തൊഴാം. ക്ഷേത്ര ത്തിനകത്ത് കയറുന്ന തിന് മുൻപ് ചെരുപ്പു കളൂരി വയ്ക്കാൻ മറക്കരുത്. പതിനാലുവത്സര ങ്ങൾ ശ്രീരാമ പാദുകങ്ങൾ പൂജിച്ച ഭരതനാണി വിടത്തെ പ്രതിഷ്ഠ. നിങ്ങളുടെ പാദുകങ്ങളും പുറത്ത് സുരക്ഷിതമായിരിക്കുമെന്ന് കരുതുക. ക്ഷേത്രത്തിനകത്തെത്തിയാൽ ക്ഷേത്രത്തിലെ കൊടിമരത്തിന് ചുറ്റുമിട്ടിരിക്കുന്ന ചങ്ങല നോക്കുക. കൂടൽമാണിക്യക്ഷേത്രത്തിലെ 'വലിയരവി' എന്ന ഏറ്റവും വലിയ ആനയെ തളക്കുവാൻ വേണ്ടി പ്രത്യേകം നിർമ്മിച്ച തായിരിന്നു ആ ചങ്ങല. ക്ഷേത്രത്തിലെ ചെമ്പോലകൾ മേഞ്ഞ കൂത്തമ്പലം പ്രത്യേകം ശ്രദ്ധിക്കണം. കാരണം മറ്റെവിടേയും ഇതുപോ ലൊരെണ്ണം നിങ്ങൾക്ക് കാണാൻ കഴിഞ്ഞെന്ന് വരില്ല. ക്ഷേത്രത്തിന്റെ തെക്കെ നടയിൽ നിന്നു നോക്കിയാൽ ഉണ്ണായിവാരിയർ സ്മാരകകലാ നിലയം കാണാം. ഇനി ഒരു നിമിഷം ഉണ്ണായി വാരിയരെക്കുറിച്ചും ഓർത്തുകൊള്ളൂ. ഉണ്ണായി വാരിയരുടെ പുരത്തറയുണ്ടായിരുന്ന സ്ഥല ത്താണ് ഈ കലാ നിലയം സ്ഥിതി ചെയ്യുന്നത് എന്നാണ് വിശ്വാസം. ശ്രീ. പുതൂർ അച്യുത മേനോൻ പ്രസിഡന്റും ശ്രീ. കെ.കെ. തമ്പാൻ സെക്രട്ടറിയും ശ്രീ. പനമ്പിള്ളി രാഘവമേനോൻ ട്രഷററും എൻ. പരമേശ്വരമേനോൻ, ടി.ഒ.പോൾ, കെ. നാണുമേനോൻ, കെ.വി.കെ. വാരിയർ, ടി.ഗോവിന്ദൻകുട്ടിമേനോൻ , കെ.എൻ. ഗുപ്തൻ നമ്പൂതിരി, വി.രാമൻമേനോൻ തുടങ്ങിയ പൗര പ്രധാനികൾ അംഗങ്ങളുമായിട്ടുള്ള ഒരു കമ്മറ്റിയാണ് ഉണ്ണായിവാരിയർ സ്മാരക കലാ നിലയത്തിന് ബീജാവാപം നല്കിയത്. കൂടൽ മാണിക്യം ദേവസ്വം അധികൃതരും ഇതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അമ്പലത്തിന്



സാംസ്ക്കാരിക നായകന്റെ ഓർമ്മകളുമായി............

(ഉണ്ണായി വാരിയർ സ്മാരക കലാനിലയം -1960)


പുറത്ത് പടിഞ്ഞാറ് ഭാഗത്ത് ദേവസ്വം ഊട്ടുപുരയിലാണ് കളരി പ്രവർത്തനം തുടങ്ങിയത്. അമ്പലത്തിനു തെക്കുഭാഗത്തായി കൈമളുടെ വസതി സംരക്ഷിക്കപ്പെടാതെ കാലത്തോട് മല്ലടിച്ച് സ്ഥിതിചെയ്യുന്നത് കാണാം.

നിങ്ങൾ ഒരിക്കലെങ്കിലും കൂടൽമാണിക്യം ക്ഷേത്രോത്സവം കണ്ടിട്ടുണ്ടോ? മധ്യകേരളത്തിലെ ഏറ്റവും അവസാനത്തെ ഉത്സവമായ ഇത് പത്ത് ദിവസം നീണ്ട് നില്ക്കും. കഥകളി, ഓട്ടൻതുള്ളൽ, കൂത്ത് , കൂടിയാട്ടം തുടങ്ങിയ കലകൾക്ക് ഇത്രയേറെ പ്രാധാന്യം നൽകുന്ന ഒരു ഉത്സവം വേറെ കാണാനാവില്ല.

ക്ഷേത്രത്തിനു മുന്നിലൂടെ വടക്കു ഭാഗത്തേക്കു കുറച്ചുനടന്നാൽ മഹാത്മാഗാന്ധി ലൈബ്രറി കാണാം., ഇരിങ്ങാലക്കുടയിലെ ഏറ്റവും പഴക്കം ചെന്ന ലൈബ്രറിയാണിത്. 'വിക്ടോറിയ ജൂബിലി മെമ്മോറിയൽ' എന്നായിരുന്നു പണ്ടതിന്റെ പേര്. 1948 ന് ശേഷം ഇത് 'മാഹാത്മാഗാന്ധി ലൈബ്രറി'യായി.

ഇവിടെനിന്ന് നിങ്ങൾക്ക് 'പത്മശ്രീ' അമ്മന്നൂർ മാധവച്ചാക്യാരുടെ വസതിയിലേക്കു പോകാം. പതിനൊന്നാം വയസ്സിൽ ആദ്യമായി കൂടിയാട്ടത്തിൽ വേഷമിടുകയും പതിനഞ്ചാം വയസ്സിൽ കൂത്തുപറയുകയും ചെയ്ത മാധവച്ചാക്യാർ അക്കാലംതൊട്ട് ഇപ്പോൾ എൺപതാം വയസ്സിലും ഈ കലകളിൽ നിത്യ ശ്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. 1980 ൽ കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡും 1981 ൽ പത്മശ്രീ ബഹുമതിയും ലഭിച്ചിട്ടുണ്ട്. മിക്കപ്പോഴും അദ്ദേഹം മഠത്തിന്റെ പൂമുഖത്തുണ്ടാകും. കൂത്തിനെയും കൂടിയാട്ടത്തേയും കുറിച്ച് എന്തും ചോദിച്ചോളൂ. അദ്ദേഹം പറഞ്ഞുതരും. പിന്നെ പാവക്കുത്തും പാവക്കഥകളിയുമൊക്കെ വരും കാലത്തേക്ക് സംരക്ഷിക്കുന്ന ഗവേഷക പ്രതിഭയായ വേണുജി അടുത്ത് 'നടനകൈരളി'യിൽ. ഒരു കാലത്ത് കേരള രാഷ്ട്രീയ രംഗത്ത് തിളങ്ങിനിന്നിരുന്ന ശ്രീ പുതൂർ അച്യുത മേനോന്റെ വസതിയായ 'ലില്ലി ഗാർഡൻ' ഇവിടെയടുത്താണ്.

ഇനി ബസ്സ്റ്റാൻഡിൽ നിന്നും കിഴക്കോട്ടാണ് യാത്രയെന്നു കരുതുക. സ്റ്റാൻഡിൽ നിന്നും നേരെ കിഴക്കോട്ടു തിരിഞ്ഞാൽ നിങ്ങൾക്ക് ഒരു വലിയ ആൽമരം കാണാം. ഇരിങ്ങാലക്കുടക്കാരന് രാഷ്ട്രീയ പ്രബുദ്ധത പകർന്നു നൽകുന്ന പ്രസംഗങ്ങൾ നടക്കുന്ന ഈ ആൽത്തറയ്ക്കൽ ഒരിക്കലെങ്കിലും പ്രസംഗിക്കാത്ത രാഷ്ട്രീയ നേതാക്കൾ കുറവായിരിക്കും. വീണ്ടും കിഴക്കോട്ടു തന്നെ നിങ്ങൾ യാത്രചെയ്യുക. കോടതിയും, താലൂക്കാഫീസും, ട്രഷറിയുമൊക്കെ ചേർന്ന താലൂക്ക് ഭരണകേന്ദ്രമായ ഇരിങ്ങാലക്കുടയുടെ മുഖമാണ് ഇപ്പോൾ നിങ്ങളുടെ മുൻപിൽ.



കോടതിയും പരിസരവും

കുറച്ചുകൂടി കിഴക്കോട്ടു നടന്നാൽ ഇടതുവശത്തായി ചന്തപ്പുരയിലേക്കുള്ള ഇടവഴി കാണാം. ആദ്യകാലത്ത് ഇവിടെയായിരുന്നു വത്രേ ഇരിങ്ങാലക്കുട ചന്ത. കച്ചവടത്തിനു

വേണ്ടി ഇരിങ്ങാലക്കുടയിലേക്ക് വന്ന ക്രിസ്ത്യൻ കുടുംബങ്ങൾ താമസിച്ചിരുന്നതും ഇവിടെയായി രുന്നുവെന്നും വിശ്വസിക്കുന്നു.

വീണ്ടും മുന്നോട്ട്. ഇടതുഭാഗത്തായി മോഡൽ ബോയ്സ് ഹൈസ്ക്കൂൾ കാണാം. 1942 ലെ 'ബെഞ്ചേറ് സമരം' നടന്നതിവിടെയാണ്. വിശ്വസാഹിത്യഗ്രന്ഥങ്ങൾ ആദ്യമായി മലയാളത്തിലേക്ക് തർജ്ജമ ചെയ്ത ഇ.കെ. ദിവാകരൻ പോറ്റിയെ അറിയുമോ? ഇരിങ്ങാലക്കുട മോഡൽ ബോയ്സ് ഹൈസ്ക്കുളിന്റെ സന്തതിയാണദ്ദേഹം.

കുറച്ചുകൂടി സഞ്ചരിച്ചാൽ ലിറ്റിൽ ഫ്ളവർ കോൺവെന്റിന് എതിർഭാഗത്തായി 'മൂക്കഞ്ചേരിയിൽ വീട്', എന്ന ബോർഡ് തൂങ്ങുന്ന ഒരു വീടുകണ്ടോ ? യുക്തിവാദി എം.സി. ജോസഫിന്റെ വസതിയാണത്. ഇന്നദ്ദേഹം ജീവിച്ചിരിപ്പില്ല. പക്ഷെ അദ്ദേഹത്തിന്റെ യുക്തിവാദവിചാരങ്ങളയവിറക്കി ഒരു നിമിഷം നിങ്ങൾക്കവിടെ നിൽക്കാം. പിന്നെ വീണ്ടും കിഴക്കോട്ടു തന്നെ, റോഡിന്റെ വലതു ഭാഗത്തുള്ള കെട്ടിടത്തിൽ കാണുന്ന തിരക്ക് എന്തെന്ന് നിങ്ങളന്വേഷിക്കുമ്പോൾ അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആണെന്നു മറുപടികിട്ടും. നീണ്ടവരിയായി നിൽക്കുന്ന യുവതീയുവാക്കളുടെ കണ്ണുകളിലെ വികാരം പ്രതീക്ഷയുടേതോ, നിരാശയുടേതോ എന്ന് വേർതിരിച്ചെടുക്കാനാവാതെ മുന്നോട്ടു നീങ്ങുമ്പോഴേക്കും നിങ്ങൾ ഠാണാവിലെത്തിയിരിക്കും. ഇരിങ്ങാലക്കുടയുടെ പ്രധാനപ്പെട്ട മറ്റൊരു കേന്ദ്രമാണ് ഠാണാ. ഠാണാവിലെത്തുന്ന നിങ്ങളെ ആദ്യമായി സ്വാഗതം ചെയ്യുന്നത് എപ്പോഴും ശൂന്യതയെ പുണർന്നു നിൽക്കുന്ന ട്രാഫിക് ഐലന്റായിരിക്കും.


ഠാണാവിന് ചരിത്രപരമായി ഏറെ പ്രാധാന്യമുണ്ട്. ഠാണാ എന്ന വാക്കിന്റെ അർത്ഥം 'പട്ടാളക്കാരുടെ ബാരക്സ്' എന്നാണ്. ഇരിങ്ങാലക്കുടയിലെ പോലിസ് സ്റ്റേഷൻ ഠാണാവിലായിരുന്നു. പോലിസ് സ്റ്റേഷൻ ഇപ്പോൾ കാട്ടുങ്ങച്ചിറയിലാണ്. താലൂക്കാസ്പത്രിയും സ്ഥിതിചെയ്യുന്നത് ഠാണാവിലാണ്. താലൂക്ക് ആസ്പത്രിയിൽ നിന്നും കുറച്ചുകൂടി കിഴക്കോട്ട് പോകുമ്പോൾ നിങ്ങൾക്ക് വിശ്വനാഥപുരം ക്ഷേത്രത്തിലെത്താം. അവിടത്തെ ഷഷ്ഠി മഹോത്സവം പ്രസിദ്ധമാണ്. കാവടിയാട്ടവും അതിന്റെ ലഹരിയിൽ താളം ചവിട്ടിയാടുന്ന ജനങ്ങളും , ആ കാഴ്ച ഒന്നു വേറെ തന്നെ.

ഠാണാവിൽ നിന്ന് തെക്കോട്ടാണ് നിങ്ങളുടെ യാത്രയെങ്കിൽ നിങ്ങൾക്ക് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ എത്താം. തെക്കോട്ടു കുറച്ചുകൂടി നടക്കുക ഇപ്പോൾ നിങ്ങളെത്തി നിൽക്കുന്ന നാൽക്കവലയാണ് ചന്തക്കുന്ന്. ഇനിയും നേരെയാണ് നടക്കുന്നതെങ്കിൽ നിങ്ങൾക്ക് സെന്റ് ജോസഫ്സ് വനിതാ കോളേജിലേക്കെത്താം. പിന്നെ ഷൺമുഖം കനാൽ. ഇരിങ്ങാലക്കുടയെ കൊച്ചി തുറമുഖവുമായി ബന്ധപ്പെടുത്തുന്ന ഈ കനാൽ 1940 ജൂണിലാണ് ഗതാഗതയോഗ്യ



വിശ്വനാഥപുരം ക്ഷേത്രം (1960 ൽ)

# ഇരിങ്ങാലക്കുടയുടെ അഭിമാനം




ക്രൈസ്റ്റ് കോളേജ്



സെന്റ് ജോസഫ്സ് കോളേജ്

God heals. We only help



HOCH

HOCH REMEDIES (P) LTD.
Annanad P.O., S.India, PIN - 680 324
Phone : 0488 - 843184, 844684
(Fax) 0488 - 844784

Manufacturers of : Antibiotic Capsules, Tablets, Liquid Orals & Dry Syrups



Welcome To

FIRST EXECUTIVE

and

FIRST ACCOUNTANT

The powerful courses that transforms B.Sc., B.A. and B.Com students into full-fledged computer-smart Executives


Only at

FIRST COMPUTERS 1st

MALIYAKAL SHOPPING COMPLEX, TANA, IRINJALAKUDA. PH: 820544.

മാകുന്നത്. പക്ഷെ ഇന്നത് ഉപയോഗ ശൂന്യമാണ്.

ചന്തക്കുന്നിൽ നിന്നും ഇടതു വശത്തേക്കാണ് യാത്രയെങ്കിൽ മാർക്കറ്റിലെത്താം. വലതുഭാഗത്തേക്കാണെങ്കിൽ കേശവൻ വൈദ്യരുടെ പ്രശസ്തമായ ചന്ദ്രികാ സോപ്പു നിർമ്മാണശാല, മുനിസിപ്പൽ ഓഫീസ്, മുൻസിപ്പൽ പാർക്ക്, ചരിത്രപ്രസിദ്ധമായ അയ്യങ്കാവ് മൈതാനം തുടങ്ങിയവ ഇതിനടുത്താണ്. പിന്നെയും പടിഞ്ഞാറോട്ടു പോകുമ്പോൾ ഗേൾസ് ഹൈസ്ക്കൂൾ, കുറെക്കൂടി



മുൻസിപ്പൽ പാർക്ക്

പോയാൽ സോൾവെന്റ് എക്സ്ട്രാക്ഷനിലും കാലിത്തീറ്റ നിർമ്മാണത്തിലും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കെ.എസ്.ഇ. ലിമിറ്റഡ് കമ്പനി.

ഠാണാവിൽ നിന്ന് തൃശ്ശൂർ റോഡിലൂടെ വടക്കോട്ടു നടക്കാം. ഇനി നിങ്ങൾക്കു പ്രശസ്തരായ ചിലരെ ക്കുറിച്ചു പറഞ്ഞുതരാം. പട്ടത്ത് കുഞ്ഞുണ്ണി നമ്പ്യാരെന്നറിയപ്പെട്ട കവിപ്രതിഭ ഉള്ളൂരിന്റെ കേരള സാഹിത്യ ചരിത്രത്തിലടക്കം സ്ഥാനം നേടിയെടുത്ത അനുഗ്രഹീതനായിരുന്നു. സ്വാതിതിരുന്നാളിന്റെയും ഉത്രം തിരുന്നാളിന്റെയും ആസ്ഥാന വിദ്വാൻമാരിലൊരാളായിരുന്നു അദ്ദേഹം.

സാഹിത്യകാരന്മാരായിരുന്ന വി. കമലാകരമേനോൻ, വി. കരുണാകരമേനോൻ, പി.കുഞ്ഞികൃഷ്ണമേനോൻ, നമ്പിയാരുവീട്ടിൽ നാരായണമേനോൻ, കെ. രാമപിഷാരടി, നാടക നടനും സംഗീത വിദ്വാനുമായിരുന്ന സെബാസ്റ്റ്യൻ ജോസഫ്, സുഭദ്രാ പരമേശ്വരൻ, നാരായണി പുതുവാൾസ്യാർ...

തരണനെല്ലൂർ ഗ്രാമക്കാരനായ ഒരു മാധവൻ നമ്പൂതിരിയാണ് ഗണിത ശാസ്ത്രത്തിലെ " π "യുടെ വില കണ്ടുപിടിച്ചത് എന്ന് കേരള യൂണിവേഴ്സിറ്റിയിലെ ഒരു ഗവേഷണ വിദ്യാർത്ഥി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ



നെഹ്റുവും കൊച്ചുമകൾ ഇന്ദിരയും ഇരിങ്ങാലക്കുടയിൽ




രാജീവ് ഗാന്ധി മുൻസിപ്പൽ മൈതാനത്തിൽ ജനങ്ങളെ അഭിസംബോധന ചെയ്യുന്നു.

മാധവൻ തന്നെയാണ് കൊല്ലവർഷത്തെ ഇരുപത്തേഴു ഞാറ്റു വേലകളായി വിഭജിച്ച് കേരളത്തിലെ കർഷകർക്ക് ഒരു കാലപരിപാടി നിർദ്ദേശിച്ചതും.

അതാ കാണുന്നു, ക്രൈസ്റ്റ് കോളേജിലേക്ക് വഴികാണിച്ചു കൊണ്ടുള്ള ബോർഡ് ഇനി നമുക്ക് ഇടത്തോട്ട് നടക്കാം.

ആൾക്കൂട്ടം, അഭയാർത്ഥികൾ തുടങ്ങിയ നോവലുകളിലൂടെ ആധുനിക എഴുത്തുകാരിൽ ശ്രദ്ധേയനായിത്തീർന്ന നോവലിസ്റ്റ് ആനന്ദ്, ഒളിമ്പ്യൻ ചന്ദ്രശേഖരൻ, അഡ്വ. കെ.വി.കെ. വാരിയർ, സിനിമാ സംവിധായകൻ മോഹൻ, സിനിമാ നടൻ ഇന്നസെന്റ് , സാഹിത്യകാരൻ കെ.വി. രാമനാഥൻ മാസ്റ്റർ, ജോർജ്ജ് നെല്ലായി, ടി.എ. റപ്പായി മാസ്റ്റർ, ഡോ. കെ.എൻ. പിഷാരടി, ഡോ. സി.എസ്. വെങ്കിടേശൻ, പ്രൊഫ. സി.എൽ. ആന്റണി, വിദ്വാൻ സി.എൽ. വർഗ്ഗീസ്, സിനിമ സംവിധായകനായിരുന്ന ജെ.ഡി. തോട്ടാൻ, പായിക്കാട്ട് പരമേശ്വരൻ നമ്പൂതിരി, H.F. 24 ബോംബർ വിമാനം ഡിസൈൻ ചെയ്ത വർഗ്ഗീസ് തെക്കേത്തല, മദ്രാസ് അസംബ്ലിയിൽ മന്ത്രിയായിരുന്ന പറമ്പി ലോനപ്പൻ, ദേശീയ അദ്ധ്യാപക അവാർഡ് നേടിയ ഇ.എ. ബുഷറ ടീച്ചർ തുടങ്ങിയവർ ഇരിങ്ങാലക്കുടയിൽ പിറന്ന് പ്രശസ്തിയിലേക്കുയർന്നവരിൽ ചിലരാണ്.

നമ്മളിപ്പോൾ ക്രൈസ്റ്റ് കോളേജിന് മുന്നിലെത്തിയിരിക്കുന്നു. ഇരിങ്ങാലക്കുടയുടെ സാംസ്ക്കാരിക മണ്ഡലത്തിലുണ്ടായ ഉയർച്ചക്ക് കാരണഭൂതമായ ഈ കലാലയത്തെക്കുറിച്ച് നമുക്ക് വിശദമായി ചർച്ചചെയ്യാം....



പണിതുടങ്ങിയിരിക്കുന്ന സിവിൽ സ്റ്റേഷൻ (1999)


അവിടെനിന്നും നേരെ പടിഞ്ഞാറോട്ട് പോയാൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി. ഈ ആശുപത്രികെട്ടിടവും സ്ഥലവും നല്കിയത് ശ്രീ ആലേങ്ങാടൻ വാറുണ്ണിയാണ്. ഈ സൽക്കർമ്മം അദ്ദേഹത്തെ സ്മരണിയനാക്കുന്നു.




മുൻസിപ്പൽ കൗൺസിൽ
ശ്രീ. വാറുണ്ണിക്ക് നല്കിയ സ്വീകരണം

കരുവന്നൂർ പുഴയിൽ നിന്നുള്ള വെള്ളമുപയോഗിച്ച് പതിനഞ്ചു കിലോമീറ്റർ ചുറ്റളവിൽ ശുദ്ധജല വിതരണം നടത്തുന്ന വാട്ടർ ടാങ്ക് കോളേജിന് പുറകിൽ സ്ഥിതി ചെയ്യുന്നു. അതിനടുത്താണ് ഫയർ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. ക്രൈസ്റ്റ് കോളേജ് സ്ഥിതിചെയ്യുന്ന മങ്ങാടിക്കുന്നിന് അപ്പുറമുള്ള പ്രദേശത്തിന്റെ പേരാണ് കൂത്തുപറമ്പ്. പണ്ട് കൂടൽ മാണിക്യം ക്ഷേത്രത്തിൽ വച്ച് നാഗനന്ദം പറക്കും കൂത്ത് നടത്തിയ ചാക്യാർ ഗരുഡന്റെ വേഷം കെട്ടി പറന്ന സ്ഥലമാണത്രെ ഇത്. അതുകൊണ്ടാണ് ഈ സ്ഥലം കൂത്ത് പറമ്പ് എന്നറിയപ്പെടുന്നതും. കൂത്തുപറമ്പ് എന്ന പേരിലറിയപ്പെടുന്ന സ്ഥലത്തെ മണ്ണ് സമീപപ്രദേശങ്ങളെ അപേക്ഷിച്ച് പൂഴിയാണെന്നത് ഈ ഐതിഹ്യത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നു.

നമുക്ക് മങ്ങാടിക്കുന്നിലേക്ക് തിരിച്ചു വരാം................................



# മങ്ങാടിക്കുന്നിലേക്കൊരു തീർത്ഥയാത്ര



# പ്രാർത്ഥന

കാരുണ്യക്കൈവിളക്കായുള്ള ജ്യോതിസ്സേ,
നേരായ മാർഗ്ഗം മേ കാട്ടേണമേ,
ഇത്തിരി മുമ്പോട്ടു പോകുവാനായെന്റെ
ഉൾത്തിരിയൊന്നു കൊളുത്തേണമേ, (രാഗം ഭൗളി)
സത്തായും ചിത്തായും സർവ്വസ്വാത്മാവായും
സത്യത്തിൻ തത്വമേ നീ ലസിപ്പൂ
കാണായവയ്ക്കെല്ലാം പിന്നിൽപ്പൊരുളായി
കാണപ്പെടാതെയിരിക്കുവോനെ, (രാഗം സുരുട്ടി)
ഞാനൊരു മൺതരിമാത്രമാണെങ്കിലും
നൂനമവിടുത്തെ സൃഷ്ടിയല്ലോ,
കൈവിടായ്കെന്നെ നീ കാരുണ്യക്കാതലേ,
കൈവല്യദാതാവെ കൈതൊഴുന്നേൻ. (രാഗം ഷൺമുഖപ്രിയ)

♦♦♦

രചന : എൻ.ജെ. ഫ്രാൻസിസ് (മലയാളവിഭാഗം, 1956-57)
സംഗീതം: ആർ. ജയറാം (രസതന്ത്രവിഭാഗം തലവൻ)

# മങ്ങാടിക്കുന്ന് - ഒരോർമ്മക്കുറിപ്പ്

മങ്ങാടിക്കുന്നിൽ ഒരു കോളേജ് എന്നത് പഴയകാലത്ത് ചിന്തിക്കാൻ പോലും ബുദ്ധിമുട്ടായിരുന്നു. സാധാരണക്കാരായ ജനങ്ങളെ ഭയപ്പെടുത്തുന്ന വിജനമായ ഒരു സ്ഥലമായിരുന്നു ഇത് . പലതരത്തിലുള്ള കാട്ടുമൃഗങ്ങളും ഇഴജന്തുക്കളും ഇവിടെയുണ്ടായിരുന്നു. രാത്രികാലങ്ങളിൽ കുറുക്കൻമാരുടെ ഓരിയിടൽ മങ്ങാടിക്കുന്ന് ജനങ്ങളെ പേടിപ്പെടുത്തുന്നതാക്കി. മങ്ങാടിക്കുന്നിന്റെ തെക്കുകിഴക്കുഭാഗത്തായി കുറെ ഓടന്മാരായിരുന്നു താമസിച്ചത്. തെക്കുഭാഗത്തു നിന്ന് ഇന്നത്തെ ഹോസ്റ്റലിനുമുന്നിലൂടെ കുന്നിന്റെ മുകളിൽ പുലയരുടെ ശ്മശാനം വരെ ഒരു നടവഴി മാത്രമേ ഉണ്ടായിരുന്നുള്ളു. കുന്നിന്റെ കിഴക്കുഭാഗത്ത് നിറയെ കശുമാവുകളായിരുന്നു. അവിടം 'അണിയത്ത് കാവ്' എന്നറിയപ്പെട്ടു. കുന്നിന്റെ മുകളിൽ നിന്ന് വെള്ളമൊലിച്ച് കുന്നിൻചെരുവ് വലിയ ഗർത്തങ്ങളായിരുന്നു. പടിഞ്ഞാറെ ഭാഗം കുത്തനെയുള്ള ചരിവാണ് തെക്ക് വടക്ക് ഭാഗങ്ങൾക്ക് വലിയ ചരിവില്ല.

കുന്നിൻ മുകളിലായി ഉണ്ടായിരുന്നത് ഹരിജനങ്ങളുടെ ചുടലയും മുനിസിപ്പാലിറ്റി വക വസൂരിപ്പുരയുമായിരുന്നു. നാട്ടിൽ വസൂരി വന്നവരെ അവിടെയാണ് മാറ്റി പാർപ്പിച്ചിരുന്നത്. രോഗികളെ ശുശ്രൂഷിക്കാൻ ഒന്ന് രണ്ട് പേർ കാണാമായിരുന്നു. വസൂരിപ്പുരയിൽ എത്തിക്കപ്പെട്ടവരുടെ അസുഖം ഭേദമായതായി അറിവില്ല. ശുശ്രൂഷിക്കാൻ നിന്നവർ മുഴുക്കുടിയന്മാരായതിനാൽ വസൂരിപ്പുരയിൽ എത്തിക്കപ്പെട്ടവർ മരിക്കുന്നതിനും മുമ്പേ കുഴിച്ചുമൂടപ്പെട്ട അവസരങ്ങളും ഉണ്ടായിരുന്നു. കുന്നിന് താഴെ പടിഞ്ഞാറ് തെക്ക് ഭാഗം 'പാറപ്പുറം' എന്നാണറിയപ്പെട്ടിരുന്നത്. ഇവിടെയായിരുന്നു ബ്രാഹ്മണരുടെ ശ്മശാനം.

1925-27 കാലഘട്ടത്തിൽ തച്ചുടയക്കയ്മൾക്ക് ഒരു മോഹം. ഇരിങ്ങാലക്കുടയിലെ ഏറ്റവും ഉയർന്ന സ്ഥലമായ മങ്ങാടിക്കുന്നിൽ ഒരു വിശ്രമസങ്കേതം പണിതാൽ തരക്കേടില്ലല്ലോ. ഉടനെ അതിനുള്ള ശ്രമമായി. അതിനുവേണ്ടി ഒരു വലിയ കിണർ പണിതു. നൂറോളം അടിതാഴ്ച കാണും ആ കിണറിന് . ദേവസ്വം അധികാരി ദേവന്റെ സമീപത്തുനിന്നും മാറിത്താമസിക്കുവാൻ പാടില്ല എന്ന വിശ്വാസം അന്നുണ്ടായിരുന്നു. അതുകൊണ്ട് ബംഗ്ലാവ് പണി നടന്നില്ല.

ഇരിങ്ങാലക്കുടയിലെ സാഹസികരായ ചെറുപ്പക്കാർക്ക് പ്രേതഭൂതാദികളെക്കുറിച്ചുള്ള അന്ധവിശ്വാസവും ഒട്ടനവധി നന്നനങ്ങാടികളും കണ്ടെത്തിയിട്ടുള്ള കുറ്റിക്കാടുകളാൽ നിബിഡമായ മങ്ങാടിക്കുന്നിന്റെ മുകളിലേക്ക് വീട്ടുകാരറിയാതെ പിക്നിക്ക് പോകുന്ന ശീലമുണ്ടായിരുന്നു. അവിടെയുള്ള ആഴമുള്ള കിണറ്റിലേക്ക് കല്ലെടുത്തിട്ട് അല്പസമയത്തിനു ശേഷം കല്ലുവീഴുന്ന ശബ്ദം കേൾക്കുന്നത് അവരുടെ വിനോദമായിരുന്നു.

ഇൻഡോർ സ്റ്റേഡിയത്തിനുള്ള സ്ഥലസജ്ജീകരണം കോളേജിന്റെ പിൻവശത്തുള്ള പുതിയ ബ്ളോക്ക് ഹോസ്റ്റലിനു തൊട്ടു പിന്നിൽ ഇന്നത്തെ വൈസ് പ്രിൻസിപ്പൽ ഫാ. ജോൺ കൊള്ളന്നൂർ നട്ടുപരിപാലിക്കുന്ന തേക്കിൻ തോട്ടം എന്നിവയുടെ ആവിർഭാവത്തോടുകൂടി അവശേഷിച്ചിരുന്ന കുറ്റിക്കാടുകളും കാട്ടുമൃഗങ്ങളും, ഇഴജന്തുക്കളും അപ്രത്യക്ഷമാവുകയായിരുന്നു. ഇങ്ങനെയെല്ലാം ഭീകരത സൃഷ്ടിച്ചിരുന്ന ആ മങ്ങാടിക്കുന്നിലാണ് നാം ഇന്നു കാണുന്ന ഈ സരസ്വതിക്ഷേത്രം സ്ഥിതിചെയ്യുന്നത്. - എല്ലാ മേഖലകളിലും ഒന്നാമതായി നിൽക്കുന്ന ക്രൈസ്റ്റ് കലാലയം.

കോളേജ് സ്ഥാപിക്കാനുള്ള ആശയത്തിന്റെ ബീജാവാപം.

അമ്പതുകൾക്ക് മുമ്പ് ഉപരിപഠനത്തിനായി ഇവിടത്തുകാരുടെ ഏക ആശ്രയം തൃശ്ശൂർ സെന്റ് തോമസ് കോളേജ് ആയിരുന്നു. വളരെ ചുരുക്കം പേർ എറണാകുളം മഹാരാജാസിലും തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ് കോളേജിലും പോയി ഉപരിപഠനം നേടിയിരുന്നു. ഇരിങ്ങാലക്കുടയിലെ ബോയ്സ് ഹൈസ്ക്കൂളിൽ നിന്നും പഠനം പൂർത്തിയാക്കി ഇറങ്ങുന്ന കുട്ടികൾക്ക് ഉപരിപഠനമെന്നത് സ്വപ്നം മാത്രമായിരുന്ന സാഹചര്യമായിരുന്നു അന്നത്തേത്. ഇരിങ്ങാലക്കുടയിൽ ഒരു കോളേജ് തുടങ്ങണമെന്ന ആശയം ആയിരത്തിതൊള്ളായിരത്തി അമ്പതുകളുടെ ആരംഭത്തിൽതന്നെ ഇവിടത്തെ പൗരപ്രമുഖരുടെ ഇടയിൽ ഉയർന്നിരുന്നു. ആ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമങ്ങൾ അവർ നടത്തുകയും ചെയ്യുന്നുണ്ടായിരുന്നു. ക്രൈസ്റ്റ് കോളേജ് ഇത്തരത്തിലുള്ള ഒരു സ്വപ്നത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു.

1953 ൽ സി.എം.ഐ. സഭ സെന്റ് ജോസഫ്സ്, സേക്രഡ് ഹാർട്ട്, ദേവമാതാ എന്നിങ്ങനെ മൂന്നു പ്രവിശ്യകളായി വിഭജിക്കപ്പെട്ടു. പ്രവിശ്യാ വിഭജനത്തോടെ ദേവമാതായിലും , സെന്റ് ജോസഫ്സിലും അതാതു പ്രവിശ്യകളുടേതായ കോളേജുകൾ ഇല്ലെന്ന നിലവന്നു. ദേവമാത പ്രവിശ്യയുടെ ഇതിനു വേണ്ടിയുള്ള പരിശ്രമത്തിന്റെ നേതൃത്വം ഫാ. ക്ലെമൻസ് തോട്ടുങ്ങലും ഫാ. ഗബ്രിയേലും ഏറ്റെടുത്തു. ദേവമാതാ പ്രവിശ്യയുടെ അതിർത്തിക്കുള്ളിലെ പ്രധാന കേന്ദ്രങ്ങളായ കുന്നംകുളം, ചാലക്കുടി, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ ജനങ്ങളുടെ പ്രതികരണം ആരാഞ്ഞു. കുന്നംകുളത്തേയും ചാലക്കുടിയിലെയും ജനങ്ങൾക്ക് പറയത്തക്ക താല്പര്യമൊന്നുമുണ്ടായില്ല.

അഴീക്കോട് ഷ്റൈൻ പണിത് അവിടെ പ്രതിഷ്ഠിക്കുന്നതിനായി റോമിൽ നിന്ന് വിശുദ്ധ തോമാസ്ശ്ളീഹായുടെ തിരുശേഷിപ്പ് കൊണ്ടു വന്നത് പൗരസ്ത്യ തിരുസംഘത്തിന്റെ തലവനായിരുന്ന കാർദ്ദിനാൾ ടിസറാങ്ങ് ആയിരുന്നു. ഷ്റൈൻ പണിയുന്നതിന്റെയും സ്വീകരണം നല്കുന്നതിന്റെയും ചുമതല തൃശ്ശൂർ സി.എം.ഐ. പ്രാവിൻഷ്യാളായ ഫാ. ക്ലെമൻസിനായിരുന്നു. ഇരിങ്ങാലക്കുട റാണാവിലെത്തിയ കർദ്ദിനാളിനെ ഇരിങ്ങാലക്കുടക്കാർ സാഘോഷം എതിരേറ്റു. പുല്ലൂറ്റ് കടവ് മുതൽ അഴീക്കോട് വരെ ജലഘോഷയാത്ര സംഘടിപ്പിച്ചതിന് നേതൃത്വം നല്കിയത് പൗരപ്രമുഖരായിരുന്ന കെ.എൽ. ഫ്രാൻസീസ്, എം.പി. കൊച്ചു ദേവസ്സി, എം.സി. പോൾ, ടി.ടി. ജോൺ തുടങ്ങിയവരായിരുന്നു. എല്ലാ പരിപാടികളും കർദ്ദിനാളിന് ഇഷ്ടപ്പെട്ടു. ഫാ. ക്ലെമൻസ് അഴീക്കോട് പരിപാടി വിജയിപ്പിച്ചതിന് ഇരിങ്ങാലക്കുടക്കാർക്ക് ഒരു അനുമോദന വിരുന്നൊരുക്കി. തദവസരത്തിൽ "നിങ്ങൾക്കൊരു സമ്മാനം തരുവാൻ ഞാൻ ഉദ്ദേശിക്കുന്നുണ്ട് " എന്ന് പ്രൊവിൻഷ്യാൾ പറഞ്ഞതിന് മറുപടിയായി ഇരിങ്ങാലക്കുടക്കാർ ഒറ്റസ്വരത്തിൽ പറഞ്ഞു. "ഞങ്ങൾക്ക് സമ്മാനമൊന്നും വേണ്ട ഒരു കോളേജ് തുടങ്ങാൻ സഹായിച്ചാൽ മതി" അദ്ദേഹം അങ്ങനെയാകാം എന്ന് സമ്മതിച്ചു. അന്നുമുതലാണ് ഇരിങ്ങാലക്കുടയിൽ ഒരു കോളേജ് എന്ന ആശയം പ്രൊവിൻഷ്യാളിന്റെയും മറ്റും ശ്രദ്ധാവിഷയമായത് ഈ സംഭവമാണ്. ക്രൈസ്റ്റ് കോളേജ് രൂപപ്പെടാൻ കാരണമായിത്തീർന്നത്.

ഈ സന്ദർഭത്തിൽ ശ്രീ. കെ. പി. ജോൺ, തേവര കോളേജിൽ പോയി. അന്നവിടെ കെമിസ്ട്രി വിഭാഗം തലവനായി പ്രവർത്തിച്ചിരുന്ന പ്രൊഫ. എം.വി. വർഗീസ് മുഖേന ഫാ. ഗബ്രിയേലുമായി കോളേജിന്റെ കാര്യം സംസാരിച്ചു. പിന്നീട് ഫാ. ഗബ്രിയേൽ കെ.പി. ജോണിന്റെ വീട്ടിലേക്കുപോയി. ജോണിന്റെ ഇളയപ്പനും പൊതുജനസമ്മതനുമായ ശ്രീ. കെ.എൽ.ഫ്രാൻ

സിസുമായി ബന്ധപ്പെട്ടു.

നാട്ടിലെ ഏതാനും പൗരപ്രമുഖർ കോളേജ് തുടങ്ങുന്നതിനുവേണ്ടി പ്രൊവിൻഷ്യാളായിരുന്ന ഫാ. ക്ലെമൻസ് തോട്ടുങ്ങലിനെ സമീപിച്ചു. ഈ ആവശ്യം ഫാ. ക്ലെമൻസ് അനുഭാവപൂർവ്വം സ്വീകരിച്ചു. പ്രവിശ്യാ കൗൺസിലിൽ ഇത് പര്യാലോചനയ്ക്ക് വന്നപ്പോൾ കൗൺസിൽ ഒരു കർക്കശ നിലപാടാണ് സ്വീകരിച്ചത്. ദാനമായി അമ്പതേക്കർ സ്ഥലവും ഒരു ലക്ഷം രൂപയും ലഭിച്ചതിനു ശേഷമേ ഇതിലേക്കിറങ്ങാവൂ എന്ന് കൗൺസിൽ തീരുമാനിച്ചു. 1954ൽ ഇത്രയും ഭീമമായൊരു തുക ഇരിങ്ങാലക്കുട പോലുള്ള ഒരു ചെറിയ പട്ടണത്തിൽ നിന്ന് സമാഹരിക്കുക തികച്ചും ദുഷ്ക്കരമായിരുന്നു. അങ്ങിനെ കോളേജ് സംസ്ഥാപനമെന്ന ആശയം തൽക്കാലം സ്തംഭിച്ചു.

**ജനകീയാടിത്തറയുടെ നേട്ടങ്ങൾ**

ഫാ. ക്ലെമൻസിന് കോളേജ് സംസ്ഥാപനം എന്ന ആശയത്തോട് അനുഭാവമുണ്ടായിരുന്നു. ഈയവസരത്തിലാണ് ഫാ. സെറാഫീം തലോരിൽ നിന്നും സ്ഥലം മാറി പുല്ലൂരിൽ വന്നത്. അദ്ദേഹത്തിനും കോളേജ് പ്രസ്ഥാനത്തോട് താല്പര്യമുണ്ടായിരുന്നു. കെ.എൽ. ഫ്രാൻസിസും കൂട്ടരും ഒരു പുതിയ തന്ത്രം ആവിഷ്ക്കരിച്ചു ജനങ്ങളെ അതിനു വേണ്ടി ഇറക്കി.

പുല്ലൂരിൽ ദേവമാതാ പ്രോവിൻസ് ആരംഭിക്കാനുദ്ദേശിച്ച വിദ്യാഭ്യാസസ്ഥാപനം ഇരിങ്ങാലക്കുടയിലേക്ക് മാറ്റുക. അതിനാവശ്യമുള്ള പത്തേക്കർ സ്ഥലം നാട്ടുകാർ ദാനമായി നൽകും ഒരു ഹൈസ്ക്കുളെങ്കിലും സ്ഥാപിച്ചു തരിക. യാതൊരു നിബന്ധനകളുമില്ല. ജനസേവനത്തിനുവേണ്ടി അർപ്പിതമായിരിക്കുന്ന സന്യാസസഭയ്ക്ക് ഈ നിർദ്ദേശം തിരസ്ക്കരിക്കാൻ പ്രയാസമുണ്ടായിരുന്നു. അങ്ങിനെ ആ തന്ത്രം വിജയം കണ്ടു. പുല്ലൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ച സ്ഥാപനം ഇരിങ്ങാലക്കുടയിലേക്ക് മാറ്റിസ്ഥാപിക്കുന്നതിന് തൃശ്ശൂർ രൂപതാദ്ധ്യക്ഷന്റെ അനുമതി ആവശ്യമായിരുന്നു. അല്പം പ്രയാസമുള്ള ഇക്കാര്യം നാട്ടുകാർ തന്നെ ബിഷപ്പിനെ കണ്ടു സാധിച്ചെടുത്തു.

താമസിയാതെ കോളേജ് സംസ്ഥാപനത്തിനായി വിപുലമായ ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ചു. വിവിധ ജനവിഭാഗങ്ങളെ ഒന്നിച്ചു നിറുത്തുന്ന തരത്തിൽ അഡ്വ. രാമകൃഷ്ണയ്യർ അദ്ധ്യക്ഷനായും ശ്രീ. കെ. എൽ ഫ്രാൻസിസ് സെക്രട്ടറിയായും ഒരു കമ്മറ്റി പ്രവർത്തിച്ചു. കോളേജ് സ്ഥാപിക്കുന്നതിന് നാട്ടുകാരുടെ അനുഭാവവും ഉത്സാഹവും വളർത്താനും "ജനങ്ങൾക്കുവേണ്ടി ജനങ്ങൾ സ്ഥാപിക്കുന്ന കലാലയം" എന്ന ആശയത്തോട് ആഭിമുഖ്യം ഉണ്ടാക്കുവാനും അവർക്കു സാധിച്ചു. അതിന്റെ ഫലമായി നാട്ടുകാരുടെ ഊഷ്മളമായ സഹായസഹകരണം ഈ പ്രസ്ഥാനത്തിനു നേടാൻ കഴിഞ്ഞു. ഏകദേശം 68000 രൂപ സമാഹരിച്ചു. അന്നത്തെ ഗവൺമെന്റ് മങ്ങാടിക്കുന്നിൽ ഒരു വസൂരി ഹോസ്പിറ്റൽ തുടങ്ങുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ ഇവിടത്തെ ജനങ്ങളും മുൻസിപ്പൽ കൗൺസിലും ഈ തീരുമാനത്തെ എതിർക്കുകയും തുടർന്ന് എം.പി.കൊച്ചുദേവസ്സി ചെയർമാനായിരുന്ന മുൻസിപ്പൽ കൗൺസിലിൽ എം.സി.പോൾ അവതരിപ്പിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഇരിങ്ങാലക്കുടയിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിനായി മുനിസിപ്പാലിറ്റി വകയായുണ്ടായിരുന്ന പതിനാലിൽപരം ഏക്കർ സ്ഥലം വിട്ടുകൊടുക്കാൻ തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥലം ക്രൈസ്റ്റ് കോളേജ് തുടങ്ങുന്നതിനായി ലഭിക്കുകയായിരുന്നു. മങ്ങാടിക്കുന്നിലെ ദേവസ്വം സ്ഥലത്തെ കുടികിടപ്പുകാരെ ഒഴിപ്പിച്ച് പുനരധിവസിപ്പിച്ചു. കോളേജിനാവശ്യമായ സ്ഥലം പട്ടണത്തിനുള്ളിലെ മങ്ങാടിക്കുന്നിൽ തച്ചുടയക്കൈമൾ, പുളിക്കൻ പൈലോത്



ഉന്നത ലക്ഷ്യത്തിലേക്ക് ഒരുമയോടെ............... ജനകീയ കമ്മറ്റി (1956)

കുഞ്ഞുവറീത്, കൊറിയൻ, മുൻ എം.എൽ.എ. ആയിരുന്ന ചിറയ്ക്കൽ ആലുക്കൽ ആന്റണി, കാഞ്ഞാണി കുഞ്ഞുവറീത്, പാറയ്ക്കൽ അച്ചങ്ങാടൻ.......... തുടങ്ങിയവരുടെ പക്കൽ നിന്നായിരുന്നു ഭൂരിഭാഗം സ്ഥലവും വാങ്ങിയത്. ഊളക്കാടിനുസമീപം അഞ്ചേക്കർ സ്ഥലം വാങ്ങി ശ്മശാനം അവിടേക്കു മാറ്റി. എല്ലാം ശ്രീ.കെ.എൽ. ഫ്രാൻസിസിന്റെ നിസ്തുലയത്ന ത്തിന്റെ ഫലമായിരുന്നു. ശ്രീ. കെ.പി.കൊച്ചു ദേവസ്സിയുടെ പ്രയത്നവും പ്രസ്താവ്യമാണ്. ആദ്യകാലത്ത് പണം മുൻകൂറായി നൽകി സഹായിച്ചത് പുല്ലൂർ ഭവനത്തിലെ സുപ്പീരിയ റായിരുന്ന സെറാഫിം അച്ചനായിരുന്നു. മൊത്തം അറുപത്തിരണ്ട് ഏക്കർ സ്ഥലമായി രുന്നു. അന്ന് ക്രൈസ്റ്റ് കോളേജ് ക്യാമ്പസ്. ഇതിന്റെ പണം മുഴുവൻ നാട്ടുകാരുടെ സംഭാവ നയാണ്. (നാട്ടുകാർ നൽകിയ സംഭാവനകളുടെ രേഖ ഇപ്പോഴും കോളേജിലുണ്ട്. ഒരു രൂപയടക്കം സംഭാവനയായി സ്വീകരിച്ചിട്ടുണ്ട് എന്നത് ജനകീയ പങ്കാളിത്തത്തിന്റെ തെളിവ്) പിന്നീട് രണ്ടേക്കറോളം സ്ഥലം സഭവാങ്ങിയി ട്ടുണ്ട്. ഗതാഗത സൗകര്യത്തിനായി കിഴക്കേ റോഡിനും പിന്നീട് വാട്ടർ ടാങ്ക് നിർമ്മാണ ത്തിനും കുറച്ച് സ്ഥലം കൊടുക്കുക വഴി ഇന്നത്തെ കോളേജ് ക്യാംപസ് അറുപത്തി രണ്ടേക്കറോളം സ്ഥലം തന്നെയാണ്.

**സാധനസംഭാവനകൾ (1956)**

1) ക്രിസ്തുരാജ പ്രതിമ

നാലായിരം ഉറുപ്പിക വിലവരുന്ന ക്രിസ്തു ദേവന്റെ പൂർണ്ണകായ മാർബിൾ പ്രതിമ (ഇറ്റലി യിൽ നിന്ന് ഇറക്കുമതി ചെയ്തത്)

*ദാതാവ് : ശ്രീ. തളിയത്ത് പൈലോത് ഔസേപ്പ് ഇരിങ്ങാലക്കുട.*

2) ടവർ ക്ലോക്ക്

ആയിരത്തി ഇരുന്നൂറ് ഉറുപ്പിക വിലവരുന്ന ടവർ ക്ലോക്ക്. *ദാതാവ് : ശ്രീ. പി.വി. ഇട്ടിക്കുരു, പൊട്ടക്കൽ, ഇരിങ്ങാലക്കുട.*

3) റേഡിയോ


നാനൂറ് ഉറുപ്പിക വിലവരുന്ന റഡാർ റേഡിയോ *ദാതാവ് : ശ്രീ. സി.ആർ. കേശവൻ വൈദ്യർ, ഇരിങ്ങാലക്കുട.*

**സ്വപ്നസാഫല്യം : - ഒപ്പം ഗബ്രിയേൽ യുഗത്തിന്റെ ആരംഭവും**

കോളേജിന്റെ കെട്ടിടവും പരിസരവും ഇരിങ്ങാലക്കുടക്കാർക്ക് അഭിമാനം തോന്നത്ത ക്കവിധം മനോഹരമായിരിക്കണം എന്ന ധാരണ യോടെ ആദ്യമേ ചെയ്തത് വിശാലമായ ക്യാംപസ് ഉൾക്കൊള്ളുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയായിരുന്നു. എൻജിനീയർമാരായ ശ്രീ. പോൾപോത്തന്റെയും ശ്രീ. ഇ.ജി പണിക്ക

രുടെയും സഹായത്തോടെ കോളേജിന്റെ സ്കെച്ചും പ്ലാനും ശരിപ്പെടുത്തി. കോളേജ് കെട്ടിടം തന്നെ പലഘട്ടങ്ങളിലായി പൂർത്തിയാക്കും വിധമാണ് സംവിധാനം ചെയ്തിരുന്നത്.

1955 ഒക്ടോബർ 24 ന് സി.എം.ഐ. സഭയുടെ സുപ്പീരിയർ ജനറലായിരുന്ന റവ. ഫാ. മാവൂരുസ് കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. 1955 ൽ തന്നെ ട്രാവൻകൂർ യൂണിവേഴ്സിറ്റി




ലക്ഷ്യസ്ഥാനം ഇവിടമാകട്ടെ..........
സ്ഥല പരിശോധന


യിലേക്ക് അനുവാദത്തിനെഴുതി. ആ വർഷം തന്നെ അതിനുള്ള കമ്മീഷൻ - സിൻഡിക്കേറ്റംഗമായ ശ്രീ. ടി.സി. ശങ്കര മേനോൻ-വന്ന് സ്ഥല പരിശോധന നടത്തി അംഗീകാരം നൽകി. ഡിഗ്രി കോളേജിനാണ് അനുവാദം കിട്ടിയത്. എങ്കിലും ഇവിടത്തെ വിദ്യാർത്ഥികൾക്കു വേണ്ടി തുടക്കമെന്ന നിലയിൽ 1956 ൽ പ്രീ - യൂണിവേഴ്സിറ്റി കോഴ്സാണ് ആരംഭിച്ചത്. ആവശ്യമായ സൗകര്യങ്ങൾ വളരെ പെട്ടെന്നു തന്നെ ശരിയാക്കി. 1956 ജൂൺ 17 ന് തൃശൂർ മെത്രാൻ ഡോ. ജോർജ്ജ് ആലപ്പാട്ടിന്റെ ആശീർവാദത്തോടെ ഫാ. ക്ലെമൻസ് മാനേജരും, ഫാ. ഗബ്രിയേൽ പ്രിൻസിപ്പാളുമായി കോളേജ് പ്രവർത്തനമാരംഭിച്ചു. 14 അധ്യാപകരും പ്രീ-യൂണിവേഴ്സിറ്റിക്ക് മുന്നു ഡിവിഷനുകളിലായി 244 വിദ്യാർത്ഥികളുമാണ് തുടക്കത്തിൽ ഉണ്ടായിരുന്നത്.

മുകുന്ദപുരം താലൂക്കിലെ ആദ്യത്തെ കോളേജായ ക്രൈസ്റ്റ് കോളേജിന്റെ ഔദ്യോഗിക ഉദ്ഘാടനം 1957 ഒക്ടോബർ 13 ന് ബഹു. കേരള ഗവർണർ ഡോ. രാമകൃഷ്ണറാവു സാഘോഷം നിർവ്വഹിച്ചു.

1957 ൽ കോമേഴ്സ് , കെമിസ്ട്രി , സുവോ



കോളേജ് ശിലാസ്ഥാപനം (1955)




പ്രശസ്തിയിലേക്ക് ..........
കോളേജ് ഉദ്ഘാടനത്തിനൊരുങ്ങി....

ളജി എന്നീ വിഷയങ്ങൾക്ക് ബിരുദ ക്ലാസ്സുകൾ ആരംഭിച്ചു. പ്രഗത്ഭ അധ്യാപകരായിരുന്ന അരുവാമുദം അയ്യങ്കാർ, എ.സി.ജോസഫ്, ശേഷഗിരിറാവു എന്നിവരായിരുന്നു. യഥാക്രമം

## വിശ്വപ്രസിദ്ധമായ ഭാരതീയ ഉൽപ്പന്നം

ലോകമെങ്ങുമുള്ള
വിശിഷ്ട സേവനത്തിന്
സ്വന്തം നാട്ടിൽ അംഗീകാരം




ചന്ദ്രികയുടെ ഉപജ്ഞാതാവും സ്ഥാപകനുമായ ശ്രീ. സി. ആർ. കേശവൻ വൈദ്യർ വിവിധ വർഷങ്ങളിൽ മികച്ച കയറ്റുമതിക്കുള്ള ദേശീയ അവാർഡുകൾ സ്വീകരിക്കുന്നു.

ഉന്നത ഗുണമേന്മ - അതാണ് ചന്ദ്രികയുടെ വ്യവസായ വളർച്ചയുടെ നിദാനം. ലോകമെമ്പാടുമുള്ള ഉപഭോക്താക്കളുടെ സംതൃപ്തിക്കു കാരണവും അതുതന്നെ. ചന്ദ്രിക സോപ്പുനിർമ്മാതാക്കളെ, ഭാരതത്തിലെ ഏറ്റവും വലിയ ആയുർവ്വേദ സോപ്പു നിർമ്മാതാക്കളും കയറ്റുമതിയിൽ പ്രഥമസ്ഥാനീയരുമായി ഉയർത്തിയത് യഥാർത്ഥ ഗുണമേന്മയിലുള്ള ശ്രദ്ധയാകുന്നു.

ഗുണമേന്മയെ ഏറ്റവും അധികം ശ്രദ്ധിക്കുന്ന അമേരിക്ക, ഫ്രാൻസ്, ഇറ്റലി, സിങ്കപ്പൂർ, മലേഷ്യ, യു. എ. ഇ. തുടങ്ങി രാജ്യങ്ങളിൽ വളരെക്കാലമായി പ്രചാരം നേടിയ ചന്ദ്രിക തുടർച്ചയായി കയറ്റുമതിക്കുള്ള ദേശീയ അവാർഡുകൾ നേടിക്കൊണ്ടിരിക്കുന്നു.

# ചന്ദ്രിക

**വിശ്വപ്രസിദ്ധമായ ആയുർവ്വേദ സോപ്പ്**



ഡോ. ബി. രാമകൃഷ്ണറാവു
ഉദ്ഘാടനം നിർവ്വഹിക്കുന്നു.




കോളേജ് ആശീർവാദം
ഫാദർ ഡോ. ജോർജ്ജ് ആലപ്പാട്ട്


ഇംഗ്ലീഷ് , കെമിസ്ട്രി, കോമേഴ്സ് വകുപ്പുകളുടെ മേധാവികളായിരുന്നത്. അന്നത്തെ മദിരാശി സർവ്വകലാശാലയിൽ ഒന്നാമത്തേതെന്ന് പ്രകീർത്തിക്കപ്പെട്ടിരുന്നു തേവരകോളേജിലെ ജന്തുശാസ്ത്രവകുപ്പ് . അത് സ്ഥാപിക്കുന്നതിലും വികസിപ്പിക്കുന്നതിലും മുൻകയ്യെടുത്തയാളും 'ബങ്കിയാ ഗബ്രിയിലി' എന്നു നാമകരണം ചെയ്യപ്പെട്ട സമുദ്രജീവിയെ കണ്ടുപിടിക്കുകയും ചെയ്ത ഫാ. ഗബ്രിയേൽ തന്നെ സുവോളജി വകുപ്പിനു നേതൃത്വം നൽകി.

കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആദ്യകാലങ്ങളിൽ നേതൃത്വം കൊടുത്ത് നിർവ്വഹിച്ചത് പുല്ലൂരിൽ സെന്റ് സേവ്യേഴ്സിലുള്ള ഫാ. സെറാഫിം ആയിരുന്നു. പിന്നീട് ഫാ. വെർജിൽ സി.എം.ഐ നിർമ്മാണ പ്രവർത്തനത്തിന്റെ നേതൃത്വം ഏറ്റെടുത്തു. അതിനുശേഷം കോളേജ് നിർമ്മാണം ഒന്നുകൂടി ഊർജ്ജിതമാക്കുന്നതിനായി അന്ന് ബാംഗ്ലൂരുള്ള ധർമ്മാരം കോളേജിന്റെ പ്രാരംഭ പ്രവർത്തനത്തിലേർപ്പെട്ടിരുന്ന ബഹു. ഫാ. ഡിസ്മസിനെ ഇരിങ്ങാലക്കുട സ്ഥാപനത്തിലേക്ക് നിയോഗിക്കുകയായിരുന്നു. ഇദ്ദേഹത്തെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന ഏതൊരു കാര്യവും ആത്മാർത്ഥതയോടെയും പ്രതിബദ്ധതയോടെയും ചെയ്യുന്ന സ്വഭാവക്കാരനായ ഫാ. ഡിസ്മസിന്റെ സേവനം നിസ്തുലമായിരുന്നു. കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിയവർ ഫാ. സെറാഫിം , ഫാ. ഡിസ്മാസ് എന്നിവരായിരുന്നു.

നൈസർഗ്ഗീകമായ എഞ്ചിനീയറിംഗ് നൈപുണ്യം ഫാ. ഡിസ്മസിന്റെ വരദാനമായിരുന്നുവെന്നും അദ്ധ്വാനം അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നുവെന്നും കേട്ടിട്ടുണ്ട്. ഇരിങ്ങാലക്കുട കിഴക്കേ പള്ളിയിൽ അച്ചൻമാരുടെ മുറിത്തട്ടിൽ താമസിച്ചുകൊണ്ട് ഒരു കാൽക്കുട കൈയ്യിൽ പിടിച്ച് വെയിലും മഴയും കൂട്ടാക്കാതെ പള്ളി മുതൽ മങ്ങാടിക്കുന്നുവരെ നടന്ന് വന്ന് കെട്ടിട നിർമ്മാണത്തിന് നേതൃത്വം നല്കിയ ഫാ. ഡിസ്മസ് ക്രൈസ്റ്റ് കോളേജിന്റെ പ്രാരംഭചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ടു കിടക്കുന്ന വ്യക്തിയാണ്. കോളേജ് നിർമ്മിതിയുടെ ഒന്നാം ഘട്ടം പൂർത്തിയായതോടുകൂടി അദ്ദേഹം ആസ്മാ രോഗിയായിമാറി എന്ന ദു:ഖസത്യം കൂടി നാം അനുസ്മരിക്കേണ്ടതുണ്ട്. അധികാരസ്ഥാനങ്ങളിലും പദവികളിൽനിന്നും ഒഴിഞ്ഞു നിൽക്കുക എന്ന ഒരു സാധാരണ



ഫാ. ക്ലെമൻസ്



ഫാ. ഗബ്രിയേൽ



ഫാ. ഡിസ്മസ്




ഫാ. സെറാഫിം



വിദ്യാധനം - സർവ്വധനാൽ പ്രധാനം
ആരംഭത്തിലെ അദ്ധ്യാപകർ

കർമ്മലീത്താ സന്യാസിയുടെ ചിന്താഗതിയായിരുന്നു ഫാ. ഡിസ്മസിന് . ഫാ. ഡിസ്മസ് റിട്ടയർ ചെയ്തപ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1970 ൽ ആരംഭിച്ചതാണ് കോളേജ് സ്റ്റേഡിയത്തിനടുത്തുള്ള സ്നേഹഭവൻ. Snehabhavan christ craft - training centre for Handicaped poor എന്നായിരുന്നു അതിന്റെ ആദ്യത്തെ പേര്. മൊണാസ്ട്രിയെ സംബന്ധിച്ചിടത്തോളം ക്രൈസ്റ്റ് കോളേജ് വിദ്യാഭ്യാസ പ്രവർത്തന മേഖലയാണെങ്കിൽ സ്നേഹഭവൻ ആതുര സേവന മേഖലയാണ്. അംഗവിഹീനരും ബധിരമൂകരുമായ യുവജനങ്ങൾക്ക് അത്താണിയായിരിക്കുന്ന സ്നേഹഭവൻ ക്രൈസ്റ്റിന്റെ ചരിത്രത്തിലെ അഭിമാനപൂർവ്വമായ




ജൂനിയർ ഹോസ്റ്റൽ

ഒന്നാണ്. ഫാ. ഡിസ്മസിന്റെ ത്യാഗപൂർണ്ണമായ ബഹുവിധ സേവനങ്ങളെ എക്കാലവും സ്മർത്തവ്യമാക്കുവാനാണ് കോളേജിന്റെ കിഴക്കുഭാഗത്തുകൂടി പോകുന്ന റോഡിന് ഫാ. ഡിസ്മസ് റോഡ് എന്ന് മുൻസിപ്പാലിറ്റി നാമകരണം ചെയ്തത്.

1958 ൽ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദ ക്ലാസ്സുകൾ ആരംഭിച്ചു. അതേവർഷം തന്നെയായിരുന്നു ഇന്നത്തെ ജൂനിയർ ഹോസ്റ്റലിന്റെ പണി പൂർത്തിയായത്. ഇതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്തത് അമ്പഴക്കാട്ടുള്ള സെന്റ് തെരേസാസ് ആശ്രമമായിരുന്നു. വൈദികരും വിദ്യാർത്ഥികളും ഒത്തൊരുമയോടെ ആ കെട്ടിടത്തിൽ താമസിച്ചു. ആ വർഷം തന്നെ കായിക പുരോഗതി ലക്ഷ്യമാക്കി കണ്ടംകുളത്തി കപ്പിനുവേണ്ടിയുള്ള ഫുട്ബോൾ ടൂർണമെന്റ് ക്രൈസ്റ്റ് കോളേജിന്റെ നേതൃത്വത്തിൽ തുടങ്ങി.

ആദ്യകാലത്ത് 24,25,26, നമ്പർ മുറികൾ ചേർന്നുള്ള ഹാളിലാണ് കോളേജിന്റെ പൊതുപരിപാടികൾ നടക്കുക. കോളേജ് ദിനാഘോഷങ്ങൾ ഇപ്പോൾ വലിയഫൗണ്ടൻ നിൽക്കുന്ന സ്ഥലത്ത് താൽക്കാലിക വേദിയിലാണ് സംഘടിപ്പിച്ചിരുന്നത്. സുവോളജി ലാബ് ഇന്നത്തെ പ്രീ-ഡിഗ്രി വിദ്യാർത്ഥികളുടെ ഫിസിക്സ് ലാബിന്റെ സ്ഥാനത്തും, ലൈബ്രറിഹാൾ പുറത്ത് കിഴക്ക് ഭാഗത്ത് പ്ലാവിൻ ചുവട്ടിൽ ഓല കെട്ടിടമായിരുന്നു. കാന്റീൻ ഉണ്ടായിരുന്നില്ല. അതിനുപകരം സഹായമായി വർത്തിച്ചത് റോഡിന് തെക്കുഭാഗത്തുള്ള കൃഷ്ണകേഫ് ആയിരുന്നു. ഇന്നത്തെ ഓഡിറ്റോറിയം നിൽക്കുന്നിടം ഹോക്കികോർട്ടായിരുന്നു. അതിനു സമീപം ടെന്നീസ് കോർട്ട്. ഫുട്ബോൾ ഗ്രൗണ്ട് അന്നത്തേതുപോലെ ഇന്നും സ്ഥിതി ചെയ്യുന്നു. പ്രധാന കെട്ടിടത്തിന്റെ മുകളിൽ വിദ്യാർത്ഥികൾ താമസിച്ചിരുന്നു.



വിദ്യാർത്ഥി ഭവൻ (ഹോസ്റ്റൽ)

അമ്പതുകളുടെ അന്ത്യത്തിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കലാലയ വിദ്യാർത്ഥികൾക്കായി 'പഠനത്തോടൊപ്പം സമ്പാദിക്കുക' എന്ന പദ്ധതിയുമായി മുന്നോട്ടു വന്നു. വിനോദ തൊഴിൽ ശാലകൾ ആരംഭിക്കുന്നതിനുള്ള സബ്സിഡി വിതരണമായിരുന്നു ആ പദ്ധതി. അതനുവദിച്ച ആദ്യ കോളേജുകളിൽ ക്രൈസ്റ്റും ഉണ്ടായിരുന്നു.

വളരെ പുരോഗമനപരമായ ആശയങ്ങളുള്ളയാളായിരുന്നു ക്രൈസ്റ്റിന്റെ സ്ഥാപക പ്രിൻസിപ്പാളായിരുന്ന ഫാ. ഗബ്രിയേൽ. കോളേജിന്റെ ഉന്നമനം മാത്രം ലക്ഷ്യമാക്കിയിരുന്ന അദ്ദേഹത്തെ സങ്കുചിതമായ ചിന്താധാരകൾ ഒട്ടും തന്നെ സ്വാധീനിച്ചിരുന്നില്ല. 'വിദ്യാർത്ഥികളാണ് വിദ്യാലയം' എന്നു വിശ്വസിച്ചിരുന്ന അദ്ധ്യാപകനായിരുന്നു അദ്ദേഹം. അതുകൊണ്ട്തന്നെ അന്നുണ്ടായിരുന്ന ഏറ്റവും പ്രഗത്ഭരായിരുന്ന അധ്യാപകരെ കേരളത്തിനു പുറത്തുനിന്നുപോലും കോളേജിലെത്തിക്കുന്നതിലും അധ്യാപകർക്ക് അധ്യാപനത്തിനുവേണ്ട സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിലും അദ്ദേഹം വിജയിച്ചു. അക്രൈസ്തവരായ പല പ്രശസ്താദ്ധ്യാപകരും ക്രൈസ്റ്റിൽ ഉണ്ടായിരുന്നു എന്നത് മാനേജ്മെന്റിന്റെ വീക്ഷണവിശാലത വിളിച്ചോതുന്നു.


ഇന്നത്തെ കോളേജ് യൂണിയൻ കൗൺസിലിന്റെ സ്ഥാനത്ത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുല്യപ്രാതിനിധ്യമുള്ള എക്സിക്യൂട്ടിവ് കൗൺസിലായിരുന്നു. കോളേജിനെ സംബന്ധിച്ച എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളിലും തീരുമാനം എടുത്തിരുന്നത്. ഇത് കോളേജിന്റെ പുരോഗതിക്കും വിദ്യാർത്ഥികളുടെ ശിക്ഷണത്തിനും വലിയ പങ്കു വഹിച്ചിട്ടുണ്ട്.

1960 ൽ ബിരുദപഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിന് നൂറ് ശതമാനം വിജയം നേടിത്തന്നു എന്നുള്ളത് അന്നത്തെ അധ്യാപക - വിദ്യാർത്ഥി ബന്ധം എത്രത്തോളം മഹത്തരമായിരുന്നു എന്നു വെളിവാക്കുന്നു. കോളേജിന്റെ പുരോഗമന പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുക എന്ന ലക്ഷ്യത്തോടെ ആ വർഷം തന്നെ പൂർവ്വ വിദ്യാർത്ഥി സമിതി രൂപീകരിച്ചു. 1960 ൽ തന്നെ ഫിസിക്സ് വിഷയത്തിലുള്ള ബിരുദ കോഴ്സ് ആരംഭിച്ച് സയൻസ് വിഷയങ്ങളോടുള്ള ആഭിമുഖ്യം വർദ്ധിപ്പിച്ചു. ദൂരസ്ഥലങ്ങളിൽ നിന്നു വരുന്ന വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനു വേണ്ടി ഹോസ്റ്റൽ പണിതു. അതിന്റെ ഉദ്ഘാടനം ഒക്ടോ. 30 ന് ആഭ്യന്തര മന്ത്രി ശ്രീ. പി.ടി.ചാക്കോ നിർവ്വഹിച്ചു. അക്കാലത്തുതന്നെ ഹോസ്റ്റലിൽ 200-ാളം ഒറ്റ മുറികളും ഭോജനശാലയും പര്യാപ്തമായ ജലവിതരണ സംവിധാനവും ഉണ്ടായിരുന്നു.

ഇവിടെ ബിരുദ പഠനം കഴിഞ്ഞു പുറത്തു

വരുന്നവർക്ക് അവസരമൊരുക്കുന്നതിനായി ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭി ക്കേണ്ടിയിരുന്നു. അതിന്റെ തുടക്കമെന്നനില യിൽ വാണിജ്യ ശാസ്ത്രത്തിലും ജന്തുശാസ്ത്ര ത്തിലും ബിരുദാനന്തര ബിരുദ കോഴ്സുകൾ യഥാക്രമം പ്രൊഫ. കെ.എ. ജോസഫ്, പ്രൊഫ: എം.എ. ജോൺ എന്നിവരുടെ നേതൃത്വത്തിൽ 1961 ൽ തുടങ്ങി. ബിരുദാനന്തര ബിരുദ വിദ്യാർ ത്ഥികളുടെ പഠനത്തിനുവേണ്ടി ജന്തുശാസ്ത്ര വിഭാഗം വിപുലികരിക്കേണ്ടിയിരുന്നു. ഇതിനായി യു.ജി.സി.യിൽ നിന്ന് സഹായധന ത്തിനായി പരിശ്രമങ്ങൾ ആരംഭിച്ചു. ജന്തുശാ സ്ത്ര ലാബോറട്ടറിയും മ്യൂസിയവും ഇന്നത്തെ നിലയിൽ എത്തിയതിന് എം.എ. ജോൺസാറി ന്റെ പ്രവർത്തനങ്ങൾ വളരെയധികം സഹായി ച്ചിട്ടുണ്ട്.

യു.ജി.സി.യുടെ സഹായത്തോടെ ക്യാന്റിനും വായനാമുറിയും ഭക്ഷണമുറിയും ഉൾപ്പെട്ട സ്റ്റുഡന്റ് സെന്ററും വിനോദ തൊഴിൽ ശാലയും 1961– 62 അധ്യയനവർഷം തുറന്നു. (ഇന്നത്തെ റിട്ടയറിങ് റൂം സ്റ്റുഡൻസ് സെന്ററും, കാന്റീൻ വിനോദ തൊഴിൽ ശാലയുമായിരുന്നു) കോളേജിന്റെ പ്രവർത്തനങ്ങളിൽ അത്യാവശ്യം വേണ്ടിവരുന്നതാണല്ലോ സമ്മേളനശാല ഇവിടെ 1963 ൽ ഏകദേശം 800 പേർക്ക് ഇരിക്കാ വുന്ന സമ്മേളനശാലയുടെ നിർമ്മാണം പൂർത്തി യായി. (ഇന്നത്തെ ലൈബ്രറി) ഗണിത ശാസ്ത്ര ത്തിനുള്ള ബിരുദ കോഴ്സ് അതേവർഷം തന്നെ തുടങ്ങി.




സ്റ്റുഡൻസ് സെന്റർ (1962)



ഓഡിറ്റോറിയം - ശിലാസ്ഥാപനം
ലക്ഷ്മി. എൻ.മേനോൻ



നിർമ്മാണപ്രവർത്തനോദ്ഘാടനം
ശ്രീ കെ.പി. കൊച്ചുദേവസ്സി



ഓഡിറ്റോറിയം (ആദ്യകാലത്ത് ദിവസവും ഫിലിം പ്രദർശനമുണ്ടായിരുന്ന ഇവിടം ഇന്ന് വിജ്ഞാന ദാഹികളുടെ ആശ്രയകേന്ദ്രം) (1963)

അക്കാദമിക് കാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്താതെ വിദ്യാർത്ഥികളുടെ സമ്പൂർണ്ണ വളർച്ച സാധിക്കാനുള്ള സംവിധാനങ്ങൾ ആരംഭം മുതലേ ക്രൈസ്റ്റ് കോളേജിൽ ഉണ്ടായിരുന്നു. വിദ്യാർത്ഥികളെ കുതിരസവാരി പഠിപ്പിച്ചിരുന്ന കലാലയം ഒരു പക്ഷേ ക്രൈസ്റ്റ്

മാത്രമായിരിക്കും. ഇവിടെ ഇതിനായി കുതിരയുണ്ടായിരുന്നു. കോളേജിന്റെ വിദ്യാഭ്യാസ രംഗത്തും കായികരംഗത്തും ഉള്ള പ്രശസ്തി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇവിടേക്ക് കായിക പ്രതിഭകളുടെ കുടിയേറ്റത്തിന് വഴിവച്ചു. ഹോസ്റ്റലിന്റെ ആവശ്യം വർദ്ധിച്ചു. ജൂനിയർ ഹോസ്റ്റൽ മുഴുവനും വിദ്യാർത്ഥികൾക്ക് നൽകാമെന്ന ആശയം രൂപികൃതമായി. അതിന് അവിടെ താമസിച്ചിരുന്ന വൈദികരെ മാറ്റിത്താമസിപ്പിക്കേണ്ടിയിരുന്നു. ഇരിങ്ങാലക്കുടയിലെ ജനങ്ങൾ ഈ ആവശ്യം മനസ്സിലാക്കി മുന്നോട്ടിറങ്ങി. ശ്രീ കേശവൻവൈദ്യരുടെ അധ്യക്ഷതയിൽ കോളേജ് വികസന സമിതി രൂപികരിച്ച് ഉദ്ദേശം 65000 രൂപയോളം കെട്ടിട നിർമ്മാണത്തിന് ശേഖരിച്ചു. കോളേജ് വികസനം തങ്ങളുടെയും ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന കോളേജിലെ ജീവനക്കാർ തങ്ങളുടെ ഒരു മാസത്തെ ശമ്പളത്തിന്റെ പകുതി ഭാഗം ഈ ആവശ്യത്തിനായി നൽകി. കുട്ടികളും സാമ്പത്തിക സഹായമുൾപ്പെടെയുള്ള എല്ലാവിധ സഹകരണങ്ങളുമായി മുന്നോട്ടു വന്നു. അപ്രകാരം 1964 ൽ വൈദിക




ആശ്രമ ശിലാസ്ഥാപനം

ഭവനം പൂർത്തിയായി. ക്രൈസ്റ്റ് ആശ്രമം പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ച് ജൂനിയർ ഹോസ്റ്റൽ പൂർണ്ണമായും വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി നീക്കിവെച്ചു.

ഇനി കഥ അല്പം പിന്നോട്ട്................

ആദ്യകാല ചർച്ചയിൽ കോളേജ് കെട്ടിടം ക്യാമ്പസിന്റെ വടക്കുഭാഗത്തുള്ള കുന്നിൽ സ്ഥാപിക്കണമെന്നായിരുന്നു ധാരണ. ആശ്രമ ഭവനം തെക്കുഭാഗത്തുള്ള കുന്നിലും. എന്നാൽ കോളേജ് മന്ദിരം വടക്കോട്ടു മാറ്റിയാൽ ടൗൺ വഴി വരുന്ന ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും അതു ബുദ്ധിമുട്ടുണ്ടാക്കുമെന്ന് മനസ്സിലാക്കി



സഫലമായ ആഗ്രഹം - പുതുതായി പണിത ആശ്രമഭവനം

കോളേജ് കെട്ടിടം തെക്കുഭാഗത്തുള്ള കുന്നിലേക്കും ആശ്രമ കെട്ടിടം വടക്കുഭാഗത്തുള്ള കുന്നിലേക്കും മാറ്റണമെന്ന ആശയം വന്നു. എന്നാൽ ഇതിൻ പ്രകാരം കോളേജ് കെട്ടിടത്തിന്റെ സ്ഥാനനിർണ്ണയം ചെയ്തുകഴിഞ്ഞപ്പോൾ അത് വളരെയധികം തെക്കോട്ടുമാറിപ്പോവുകയും അതിന്റെ ഫലമായി ആശ്രമത്തിന്റെയും കോളേജിന്റെയും ഇടക്കുള്ള അകലം വളരെ കൂടുതലായിത്തീരുകയും ചെയ്തു. (മുമ്പ് കോളേജിന്റെ മുൻനിലകെട്ടിടം ഇന്നത്തെ പ്രധാന ഹോസ്റ്റലിരിക്കുന്നിടത്ത് പണിയാമെന്നാണ് കരുതിയത്. പക്ഷെ, സ്ഥാന നിർണ്ണയം ചെയ്തുകഴിഞ്ഞപ്പോൾ ഇരുന്നൂറ് മീറ്ററോളം തെക്കോട്ടുമാറി. അന്നത്തെ ആശ്രമമാണ് ഇന്നത്തെ ജൂനിയർ ഹോസ്റ്റൽ)

ഇത്ര വലിയ അകൽച്ച ആശ്രമത്തിൽ താമസിച്ചു പഠിപ്പിക്കുന്ന അധ്യാപകരായ വൈദീകർക്ക് ബുദ്ധിമുട്ടുണ്ടാക്കും എന്നു വിചാരിച്ച് വടക്കേ ഭാഗത്തു സ്ഥാപിച്ച ആശ്രമ ഭവനം ക്യാമ്പസിന്റെ മദ്ധ്യഭാഗത്തേക്ക് (മെയിൻ ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നിടത്തേക്ക്) മാറ്റണമെന്ന അഭിപ്രായം പൊന്തിവന്നു. എന്നാൽ ഒരിക്കൽ നിശ്ചയിച്ച സ്ഥാനം മാറ്റുകയെന്നത് അന്നത്തെ പ്രൊവിൻഷ്യലായ ബഹു. ഫാ. ക്ലെമൻസിന് തീരെ സ്വീകാര്യമായില്ല. പിന്നീട് അധികാരത്തിൽ വന്ന ബഹു. ഫാ. ഫ്ളാവിയനും ഫാ. ക്ലെമൻസിന്റെ ഇംഗിതത്തിനു വിപരീതമായി പ്രവർത്തിക്കുവാൻ സന്നദ്ധനായില്ല. ഈ നിലപാട് വലിയ ബുദ്ധിമുട്ടുകൾക്കും തെറ്റിദ്ധാരണകൾക്കും കാരണമായി. 1960 ൽ സ്ഥാപിച്ച ക്രൈസ്റ്റ് ആശ്രമം പിന്നീട് പ്രോവിൻഷ്യലായി വന്ന ബഹു. ഫാ. മലാക്കിയസിന്റെ കാലത്ത് 1964 ൽ കോളേജിന്റെ അടുത്ത് ഇന്നത്തെ സ്ഥാനത്തേക്ക് മാറ്റി സ്ഥാപിച്ചതോടു കൂടിയാണ് ഈ പ്രശ്നം പരിഹൃതമായത്.

### വനിതാ വിഭാഗം

ആൺകുട്ടികളുടെ വിദ്യാഭ്യാസ ഉയർച്ചകണ്ട് ആനന്ദതുന്ദിലരായ ഇരിങ്ങാലക്കുടയിലെ ജനങ്ങളിൽ വളർന്നുവരുന്ന സംസ്ക്കാരത്തിന്റെ കാതലായി മാറ്റിയെടുക്കുവാൻ പെൺകുട്ടികൾക്കുകൂടി ഉന്നതവിദ്യാഭ്യാസ സൗകര്യം ഉണ്ടാകണമെന്ന ആഗ്രഹം ഉടലെടുത്തു.

അവർ പെൺകുട്ടികളുടെ കോളേജിനായി പലരെയും സമീപിച്ചു. ഇവിടുത്തെ സി.എം.സി. സിസ്റ്റേഴ്സിന് സെന്റ് മേരീസ് കോളേജ് തൃശൂരിൽ ഉള്ളതുകാരണം വീണ്ടുമൊരു കോളേജ് സ്ഥാപിക്കുന്നതിൽ താൽപര്യമില്ലായിരുന്നു. ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ മമ്മിയൂരിൽ ഒരു കോളേജ് ആയിടക്ക് തുടങ്ങിയിരുന്നതിനാൽ അവർക്കും ഇവിടെയൊന്ന് തുടങ്ങുന്നതിനുദ്ദേശമില്ലായിരുന്നു. ശ്രീ. കെ.പി. ജോൺ ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ അന്നത്തെ മദർ ജോസഫിനയുമായി ഈ വിഷയം ചർച്ച ചെയ്തു. കോളേജ് അനുവദിക്കുന്നതിനായി ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചു. നിർഭാഗ്യവശാൽ ആ വർഷം ഗവൺമെന്റ് തലത്തിൽ കോളേജുകൾ ഒന്നും തന്നെ അനുവദിച്ചില്ല. ഈ പ്രതിസന്ധിയിൽ ഫാ. ഗബ്രിയേലിന്റെ കുശാഗ്രബുദ്ധി ഉണർന്നു പ്രവർത്തിച്ചു. പുതിയ കോളേജില്ലെങ്കിൽ ക്രൈസ്റ്റ് കോളേജിന്റെ ഒരു വിമെൻസ് സെക്ഷൻ എന്ന ആശയം അദ്ദേഹം മുന്നോട്ടു വച്ചു. തത്വത്തിൽ അത് പറയാൻ എളുപ്പമായിരുന്നെങ്കിലും പ്രായോഗികതലത്തിൽ വളരെയധികം പ്രശ്നങ്ങൾ തരണം ചെയ്യേണ്ടിവന്നു. യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിക്കേ

ണ്ടത് ഒരുവശത്ത്; മറുവശത്ത് സി.എം.ഐ. സഭയുടെ അംഗീകാരവും. സി.എം.ഐ സഭയുടെ നിയമപ്രകാരം അക്കാലത്ത് അച്ചൻമാർ പെൺകുട്ടികളെ പഠിപ്പിക്കാൻ പാടില്ലായിരുന്നു.

ജനറാളച്ചൻ മുതൽ താഴെ തലത്തിലുള്ള പല അച്ചൻമാരെയും കണ്ട് കാര്യങ്ങൾ വ്യക്തമായി അവതരിപ്പിക്കാൻ കെ.പിജോണിനും കൂട്ടർക്കും കുറെയേറെ ഓടി നടക്കേണ്ടതായി വന്നു. അനുവദിച്ചുകിട്ടുന്ന പുതിയ വനിതാ ഡിവിഷനുകൾ ഒരു വർഷത്തിനകം ഹോളി ഫാമിലി സഹോദരികൾ ഏറ്റെടുക്കാമെന്ന് സമ്മതിക്കുകയായിരുന്നു. സി.എം.ഐ. സഭാധാരികളെ ഇതിനു പ്രേരിപ്പിച്ചത് ഫാ. ഗബ്രിയേലാണ്. ബാംഗ്ലൂരുണ്ടായിരുന്ന ജനറാളച്ചനെ കെ.പി.ജോൺ നേരിൽ കണ്ട് അനുവാദം വാങ്ങി. പിന്നീട് ഇവിടത്തെ പ്രതിനിധികൾ തിരുവനന്തപുരത്തേക്ക് പോയി അന്നത്തെ വൈസ് ചാൻസലർ സാമുവൽ മത്തായിയെ കണ്ട് കാര്യങ്ങൾ ധരിപ്പിച്ച് ക്രൈസ്റ്റ് കോളേജിന് ഒരു വിമൻസ് ഡിവിഷൻ ആരംഭിക്കാനുള്ള സമ്മതം വാങ്ങി. തുടർന്ന് അന്നത്തെ മുനിസിപ്പൽ ചെയർമാനായിരുന്ന കെ.പി. ജോൺ ചെയർമാനായി ഇരുപതംഗകമ്മറ്റി രൂപീകരിച്ചു. ഓരോ അംഗവും ആയിരം ഉറുപ്പിക കയ്യിൽനിന്നെടുത്ത് 20,000 ഉറുപ്പിക സ്വരൂപിച്ചു. തിരുവന്തപുരത്തുനിന്ന് ഓർഡർ കിട്ടി ഏഴുദിവസത്തിനകം വിമൻസ് സെക്ഷൻ ഠാണാവിലെ പള്ളിവക കെട്ടിടത്തിൽ (ബിഷപ്പ് വാഴപ്പിള്ളി മെമ്മോറിയൽ ബിൽഡിംഗ്) ആരംഭിച്ചു. അദ്ധ്യയനവർഷം ആരംഭിച്ച് കുറച്ചു കഴിഞ്ഞതിനു ശേഷമാണ് പുതിയ ഡിവിഷന് അംഗീകാരം ലഭിച്ചത്. മറ്റുള്ള എല്ലായിടത്തും അഡ്മിഷൻ കഴിഞ്ഞ് ക്ലാസ് തുടങ്ങി. അതുകൊണ്ട് വിദ്യാർത്ഥികളെ കിട്ടേണ്ട കാര്യം ബുദ്ധിമുട്ടായി. പരിചയ സമ്പന്നരായ സ്റ്റാഫിനെയും ആവശ്യമായിരുന്നു. ഫാദർ ഗബ്രിയേലും ഇവിടുത്തെ പ്രമുഖരും ഈ ഘട്ടത്തിൽ വളരെ ശ്രദ്ധാപൂർവ്വം പ്രവർത്തിച്ചതിനാൽ ഇതിനെയെല്ലാം അതിജീവിക്കാൻ കഴിഞ്ഞു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ പ്രൊഫസറായിരുന്ന ഇരിങ്ങാലക്കുട നിവാസി റോസ് വില്യംസിനെ ഇവിടേക്ക്



ഒരു മഹത് സംരംഭത്തിനുകൂടി .......... ഇരുപതംഗ ജനകീയകമ്മറ്റി

**DIGITAL COMPUTER TECHNOLOGY**

*Franchise of*

**IRS**

**CATHOLIC CENTRE IRINJALAKUDA**
**PH: 822449, 826063**
**E-Mail:Jyothis @ md3. vsnl. net.in**

## Unbeatable Name in IT field

*Offers courses in*

**Oracle with Developer 2000**
**Power Builder**
**Visual C++**
**Java programming etc.**

# Champion
## FIRE WORKS INDUSTRIES

MARKET ROAD IRINJALAKUDA 680 121
PH: 822235,820605,825438

കൊണ്ടുവരുന്നതിന് ചങ്ങനാശ്ശേരി ബിഷപ്പിന്റെ സഹായത്തോടെ സാധിച്ചു. അവരെ വിമൻസ് സെക്ഷന്റെ പ്രൊഫസർ ഇൻ ചാർജായി നിയമിച്ചു. ക്രൈസ്റ്റിലെ അദ്ധ്യാപകർ തന്നെയായിരുന്നു വിമൻസ് സെക്ഷനിലും ക്ലാസ്സെടുത്തിരുന്നത്. തൃശൂർ സേക്രഡ് ഹാർട്ടിൽ നിന്നും ശ്രീമതി സി.ജെ. മേരിടീച്ചറെ ഓഫീസ് കാര്യങ്ങൾക്കായി ഡെപ്യൂട്ടേഷനിൽ ഇങ്ങോട്ടു കോണ്ടു വന്നു. ക്രൈസ്റ്റ് കോളേജിലെ തന്നെ സ്റ്റാഫായിരുന്ന കുറുപ്പിന്റെ സേവനവും ലഭിച്ചു. ഇരിങ്ങാലക്കുടയിലെ ഇരുപതോളം പെൺകുട്ടികൾ ആ വർഷം തൃശൂർ സെന്റ് മേരീസ് കോളേജിൽ ചേർന്നിരുന്നു. അന്നത്തെ സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ ഔദാര്യപൂർവ്വം അവരുടെ ഒരു ടേമിലെ ഫീസ് വിട്ടുതന്നു കൊണ്ട് അവരെ ഇരിങ്ങാലക്കുടയിൽതന്നെ ചേരാനനുവദിച്ചു. പളളിവക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വിമൻസ് സെക്ഷൻ പിന്നീട് റെയിൽവേസ്റ്റേഷൻ റോഡിൽ കെ.പി.ജോണിന്റെ സ്ഥലത്ത് താൽക്കാലിക കെട്ടിടം പണിത് അങ്ങോട്ടു മാറ്റി. അന്ന് നാട്ടുകാർ ഒരു ലക്ഷം രൂപ സഹായ വാഗ്ദാനം നൽകിയിരുന്നു. അമ്പതിനായിരത്തിലേറെ ലഭിക്കുകയും ചെയ്തു. തൊട്ടടുത്ത വർഷം ഹോളി ഫാമിലി സഹോദരികൾക്ക് ക്രൈസ്റ്റ് കോളേജിന്റെ വിമൻസ് സെക്ഷൻ ഏല്പ്പിച്ചു നല്കുകയായിരുന്നു. അതിൻ പ്രകാരം അവർ പുതിയ കോളേജിന് 1964ൽ അപേക്ഷിക്കുകയും കോളേജ് തുടങ്ങുവാനുള്ള അനുവാദം നേടുകയും ചെയ്തു. തുടർന്ന് കോളേജ് സ്ഥാപിക്കാനുളള സ്ഥലം കണ്ടെത്തേണ്ട ചുമതല ഇരുപതംഗ കമ്മിറ്റി കൃത്യമായി നിർവ്വഹിച്ചു. ഇക്കാര്യത്തിൽ മുന്നിട്ടു നിന്നത് കെ.എൽ. ഫ്രാൻസിസിന്റെയും എം.സി. പോളിന്റെയും പ്രവർത്തനമാണ്. നാട്ടുകാരുടെ സാമ്പത്തിക സഹായത്തോടെ ശ്രീ ആലേങ്ങാടൻ വാറുണ്ണിയുടെ ഓയിൽമിൽ നില നിന്നിരുന്ന സ്ഥലവും ചുറ്റുപാടുമാണ് കോളേജ് സ്ഥാപിക്കുവാനായി വാങ്ങിയത്. അതിനു സമീപത്ത് ശ്രീ കെ.എൽ. ഔസേപ്പ് നടത്തികൊണ്ടിരുന്ന പിക്കിൾ ഫാക്ടറി ഒഴിഞ്ഞുതരികയും ചെയ്തു. ആദ്യകാല ക്ലാസുകൾ നടത്താൻ ഉപയോഗിച്ചത് പിക്കിൾ ഫാക്ടറിയുടെ ഷെഡ്ഡുകളായിരുന്നു. പിന്നീട് അത് കോൺവെന്റായി ഉപയോഗിച്ചു.




വിദ്യാഭ്യാസ മേഖലയിൽ ഒരു ചുവടുകൂടി.......
ക്രൈസ്റ്റ് കോളേജ് വനിതാ വിഭാഗം (1963)



കെ.എൽ. ഫ്രാൻസിസ്



കെ.പി. ജോൺ



എം.സി.പോൾ



സി. ഫ്രാങ്കാ



പ്രൊഫ. റോസ് വില്യംസ്

നാട്ടുകാരിൽ നിന്ന് അമ്പതിനായിരത്തിൽപരം രൂപ ശേഖരിച്ചു. "ഹോളിഫാമിലി കോളേജ് " എന്നായിരുന്നു പുതിയ കോളേജിന് തീരുമാനിച്ചിരുന്ന പേരെങ്കിലും ബിഷപ്പ് ജോർജ് ആലപ്പാട്ടിന്റെ നിർദ്ദേശാനുസരണം ഫാദർ ജോസഫ് വിതയത്തിലിന്റെ സ്മരണാർത്ഥം "സെന്റ് ജോസഫ്സ് " എന്ന പേര് സ്വീകരിച്ചു. കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് ശ്രീ പോൾ പോത്തനും, പണികൾക്ക് നേതൃത്വം നൽകിയത് എൻജിനിയറായ ശ്രീ ഇ. ജി. പണിക്കരുമായിരുന്നു. ഇക്കാര്യത്തിൽ ഫാദർ ഗബ്രിയേലിന്റെ നിർദ്ദേശങ്ങളും ഉണ്ടായിരുന്നു. കോളേജിന്റെ മുൻവശത്ത് ഇപ്പോൾ ഫൗണ്ടൻ സ്ഥാപിച്ചിരുക്കുന്ന സ്ഥലത്തുകൂടി കിഴക്കുനിന്ന് പടിഞ്ഞാറോട്ട് കനാൽ ആയിരുന്നു. അതിനിപ്പുറം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ സ്ഥലമായിരുന്നു. ഇരുപതംഗകമ്മറ്റി ബുദ്ധിപൂർവ്വം പ്രവർത്തിച്ചതിന്റെ ഫലമായി ഈ സ്ഥലം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കയ്യിൽനിന്നും വാങ്ങി ഗാന്ധിഗ്രാമിൽ പകരം ഭൂമി നൽകി. കനാൽ ഇന്നു കാണുന്ന രീതിയിൽ ഗതി തിരിച്ച് വിട്ട് കോളേജിനു മുൻപിൽ ആവശ്യത്തിന് സൗകര്യങ്ങളൊരുക്കി.




മങ്ങാടിക്കുന്നിലെ സരസ്വതീക്ഷേത്രം (1964)

അങ്ങനെ സെന്റ് ജോസഫ്സ് കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സഹായങ്ങൾ ചെയ്തുകൊടുത്തശേഷം വനിതാ വിഭാഗത്തിന്റെ പ്രവർത്തനത്തിനുപയോഗിച്ചിരുന്ന ഫർണീച്ചറും ലൈബ്രറിയും അയ്യായിരം രൂപയും നൽകികൊണ്ട് വനിതാ വിഭാഗത്തിൽ നിന്ന് ക്രൈസ്റ്റിന്റെ സാരഥികൾ പിന്മാറി. തുടർന്ന് ക്രൈസ്റ്റ് കോളേജ് വിമൻസ് സെക്ഷൻ 1964ൽ റോസ് വില്യംസിന്റെയും, സിസ്റ്റർ ഫ്രാങ്കോയുടെയും നേതൃത്വത്തിൽ സെന്റ് ജോസഫ്സ് കോളേജായി പ്രവർത്തനം ആരംഭിച്ചു.

### വികസനങ്ങളുടെ ഉത്തരാർദ്ധം

പ്രീ-യൂണിവേഴ്സിറ്റി കോഴ്സിനു പകരം രണ്ടു വർഷത്തെ പ്രീ-ഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റി 1964ൽ ആരംഭിച്ചു. തത്ഫലമായി കോളേജിൽ കൂടുതൽ കേട്ടിടങ്ങളുടെ ആവശ്യകത ഉയർന്നു വന്നു. പുതുതായി ആരംഭിച്ച ഈ സുവോളജി, കോമേഴ്സ്, മുതലായ ഡിപ്പാർട്ട്മെന്റുകൾ വിപുലീകരിക്കേണ്ടതും ആധുനീകരിക്കേണ്ടതും അത്യാവശ്യ മായിരുന്നു. ഇതിനായി വിപുലമായ പ്ലാനുകൾ യു.ജി.സി.ക്ക് സമർപ്പിച്ച് അതിന്റെ സഹായത്തോടുകൂടി ഈ കെട്ടിട നിർമ്മാണം പൂർത്തിയാക്കി. 1966 ൽ ഈ വിഭാഗങ്ങൾ അതാതുകെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു. ക്രൈസ്റ്റിലെ ജന്തുശാസ്ത്ര വിഭാഗത്തിന്റെയും കോമേഴ്സ് വിഭാഗത്തിന്റെയും മ്യൂസിയങ്ങൾ ഉന്നതനിലവാരം പുലർത്തുന്നവയായിരുന്നു.

1966 ക്രൈസ്റ്റ് കോളേജിന്റെ ചരിത്രത്തിലെ പ്രധാനപ്പെട്ട വർഷമാണ്. ക്രൈസ്റ്റ് കലാലയം സ്ഥാപിതമായിട്ട് അപ്പോൾ പത്ത് വർഷം തികയുകയാണ്. അന്ന് ക്രൈസ്റ്റ് കോളേജ് കേരളത്തിലെ ഏറ്റവും നിലവാരമുള്ള കോളേജായി ഉയർന്നിരുന്നു. ശിക്ഷണത്തിലും അധ്യാപനത്തിലും കായിക-കലാരംഗങ്ങളിലും അദ്വിതീയമായ സ്ഥാനമാണ് ക്രൈസ്റ്റ് കോളേജിനുണ്ടായിരുന്നത്. ഈ പശ്ചാത്തലത്തിലാണ് ദശവത്സരാഘോഷം കേമമായി നടത്തണമെന്ന അഭിപ്രായം പൊതുജനങ്ങളിലും അദ്ധ്യാപക-വിദ്യാർത്ഥികളിലും ശക്തമായി ഉയർന്നുവന്നത്. ഇതിനുവേണ്ട ഭീമമായ ചെലവ് അവർ തന്നെ വഹിച്ചു. ഡിസംബർ 26 മുതൽ 31 വരെ അഞ്ചു ദിവസങ്ങളിലായി വിവിധ കലാ-സാംസ്കാ



ക്രൈസ്റ്റിനൊരു തിലകച്ചാർത്ത് - പൂന്തോട്ടം പണിപൂർത്തിയായപ്പോൾ (1967)




മങ്ങാടിക്കുന്നിൽ തലയെടുപ്പോടെ (1960)

രിക-വിദ്യാഭ്യാസ പരിപാടികളോടെ ദശവർഷാഘോഷം നടന്നു. ബഹു. കേരള ഗവർണർ ശ്രീ ഭഗ്‌വാൻസഹായ് ആയിരുന്നു മുഖ്യാതിഥി. പത്താം വർഷം കോളേജിന് ഭൗതികമായും പ്രൗഢി കൈവന്നു. സുന്ദരമായ വഴിത്താരയും പാർക്കും പണി പൂർത്തിയായി. മഹാത്മജിയുടെയും ചാച്ചാജിയുടെയും പ്രതിമകൾ പാർക്കിൽ സ്ഥാപിച്ചു. ആമക്കുളവും ജലധാരയും വിവിധങ്ങളായമൃഗക്കൂടുകളും പൂന്തോട്ടത്തിന്റെ മനോഹാരിത വർദ്ധിപ്പിച്ചു. ഇതിനുള്ള സാമ്പത്തിക ചെലവുകൾ വഹിച്ചത് പൊതു ജനങ്ങളും അദ്ധ്യാപക വിദ്യാർത്ഥികളു മായിരുന്നു. ഇതേ വർഷം തന്നെ കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദകോഴ്സും നമുക്ക് അനുവദിച്ചു കിട്ടി.

കായികമേഖലയുടെ അഭൂതപൂർവ്വമായ പുരോഗതി ദൃശ്യമായ കാലഘട്ടമായിരുന്നു അന്നത്തേത്. ഫുട്ബോളിനൊപ്പം തന്നെ വോളിബോളിനോടും ആഭിമുഖ്യം പുലർത്തണമെന്ന ലക്ഷ്യം വെച്ച് 1966-67 അധ്യയനവർഷത്തിൽ പൂർവ്വവിദ്യാർത്ഥി ട്രോഫിക്കു വേണ്ടിയുള്ള വോളിബോൾ ടൂർണമെന്റ് ആരംഭിച്ചു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി രൂപീകരിക്കപ്പെട്ടതിനെത്തുടർന്ന് കേരളയൂണിവേഴ്സിറ്റിക്കു കീഴിൽ നിന്നും 1968-ൽ ക്രൈസ്റ്റ് കോളേജ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലായി. അതേവർഷം ഒക്ടോബർ മാസത്തിൽ യു.ജി.സി. ടീം കോളേജ് സന്ദർശിച്ചു. നമ്മുടെ ക്യാംപസും മന്ദിരങ്ങളും, ലാബോറട്ടറികളും, ഹോസ്റ്റലുകളും, ലൈബ്രറിയും, മ്യൂസിയങ്ങളും അതിലുപരി അദ്ധ്യാപകൻമാരുടെ പ്രതിബദ്ധതയും വിദ്യാർത്ഥികളിൽ കണ്ട ശിക്ഷണവും വിദ്യാർത്ഥികൾക്കായി കോളേജ് ചെയ്തുകൊടു ക്കുന്ന ക്ഷേമപ്രവർത്തനങ്ങളും അവരെ ആശ്ചര്യഭരിതരാക്കി. കോമേഴ്സ് മ്യൂസിയം ഇവിടെ മാത്രം കാണുന്ന സവിശേഷതയത്രെ. അന്നത്തെ അവരുടെ റിപ്പോർട്ടിൽ ഇന്ത്യയിലെ തന്നെ ഒന്നാം നിലയിലുള്ള കോളേജുകളിലൊന്നായാണ് ക്രൈസ്റ്റ് കലാലയത്തെ വിലയിരുത്തിയത്. ഇക്കാര്യം ഡൽഹിയിൽ വെച്ച് നടന്ന വിദ്യാഭ്യാസ മന്ത്രിമാരുടെയും വൈസ്ചാൻസലർമാരുടെയും സമ്മേളനത്തിൽ യു.ജി.സി. സെക്രട്ടറി ശ്രീ കോത്താരി തന്നെ വെളിപ്പെടുത്തിയതാണ്. ഒരു സ്വയംഭരണകോളേജ് ആകാനുള്ള യോഗ്യത അന്നുതന്നെ ക്രൈസ്റ്റ് കലാലയത്തിനുണ്ടായിരുന്നു.

ഇതേ കാലഘട്ടത്തിൽ തന്നെ ഉണ്ടായ വലിയൊരു വികസനമാണ് ക്രൈസ്റ്റ് ചാപ്പലിന്റെ നിർമ്മാണം. തൂണില്ലാത്ത 75 അടി വ്യാസത്തിൽ നിർമ്മിതമായ ഈ ദേവാലയം ഇന്ത്യയിലെ തന്നെ ഒന്നാമത്തെ ഷെൽരൂപത്തിലുള്ള മേൽക്കൂരയുള്ളതാണ് . ഇത് സാധ്യമായത് ഡോ. കലിസ്റ്റസച്ചന്റെപ്രവർത്തനഫലമായാണ്. പരേതനായ എൻ.ജി. ജോർജ് ആണ് ഇതിന്റെ ശില്പി. 1971ൽ ഇതിന്റെ പണി പൂർത്തിയായി . ഇന്നും ഈ കെട്ടിടം എല്ലാവരെയും അത്ഭുതപ്പെടുത്തുന്നു.



ക്രൈസ്റ്റ് കോളേജിലെ സുന്ദര ദൃശ്യങ്ങളിലൊന്ന്
(കോളേജ് ചാപ്പൽ)



ഫാ. കലിസ്റ്റസ്

കെമിസ്ട്രി വിഭാഗത്തിൽ ബിരുദാനന്തര ബിരുദകോഴ്സ് ആരംഭിച്ചപ്പോൾ പലവിധ അപര്യാപ്തതകളും അനുഭവപ്പെട്ടു. നിലവിലുള്ള സൗകര്യങ്ങൾ തികയാതെ വന്നു. 1972ൽ യു.ജി സി. യുടെ സാമ്പത്തികസഹായത്തോടെ പരീക്ഷണശാലയടക്കമുള്ള കെമിസ്ട്രി കെട്ടിടം പൂർത്തിയായപ്പോഴാണ് ഈ ബുദ്ധിമുട്ടുകൾ തീർന്നത്.

1956 മുതൽ തന്നെ ക്രൈസ്റ്റ് കോളേജിന് കായികരംഗത്ത് മുൻതൂക്കമുണ്ടായിരുന്നു. ഫുട്ബോളിൽ അക്കാലത്തെ സോൺ വിജയികളായിരുന്നു ക്രൈസ്റ്റ് കോളേജ്. ഈ പാരമ്പര്യം തുടർന്നുപോകുന്നതിനായി കോളേജിന്റെ നേതൃത്വ ത്തിൽ സ്ഥാപിതമായതാണ് കണ്ടംകുളത്തി ട്രോഫിക്കുള്ള ഫുട്ബോൾ ടൂർണമെന്റ്. തുടർച്ചയായി ഫുട്ബോളിലും വോളിബോളിലും ഭാരോദ്വഹനത്തിലുംചാമ്പ്യന്മാരായി ക്രൈസ്റ്റ് കോളേജ് വിദ്യാർത്ഥികൾ ചരിത്രം സൃഷ്ടിച്ചു.

കായികമേഖലയിലുള്ള ഈ വളർച്ചക്ക് ആനുപാതികമായി ഭൗതിക സാഹചര്യങ്ങൾ കൂടി വളരേണ്ടിയിരുന്നു. അതിനുള്ള പരിശ്രമം 60 കളിൽ തന്നെ ആരംഭിച്ചതാണെങ്കിലും അതു പൂവണിയുന്നത് ഇന്ന് കാണുന്ന വിശാലമായ സ്റ്റേഡിയം ഗ്രൗണ്ട് 1974ൽ പൂർത്തിയായതോടെയാണ്. 1974 ലെ ഫീൽഡ് മാർഷൽ സാം മാനീക്ഷാ ഫെബ്രുവരി 5ന് യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തു. അന്ന് ഇരിങ്ങാലക്കുടയിൽ ഉത്സവത്തിന്റെ പ്രതീതിയായിരുന്നു. പിറ്റേ വർഷത്തെ സംസ്ഥാന അത്‌ലറ്റിക് മീറ്റും ക്രൈസ്റ്റ് കോളേജ് ഗ്രൗണ്ടിൽതന്നെ നടത്തി ഇരിങ്ങാലക്കുട പട്ടണത്തെ കായിക ഭൂപടത്തിലേക്ക് ഉയർത്താൻ സാധിച്ചു.


അക്കാലത്ത് കോളേജിൽ 1700ൽ പരം വിദ്യാർത്ഥികളുണ്ടായിരുന്നു. ലൈബ്രറിയും വലുതാക്കേണ്ടിയിരുന്നു. സ്റ്റേഡിയം ഗ്രൗണ്ടിനും ലൈബ്രറി വികസനത്തിനും വേണ്ടി യു.ജി.സി. യിൽ നിന്നും ലഭിച്ച ഗ്രാന്റിനു പുറമെ വിദ്യാർത്ഥികളുടെയും കോളേജ് സ്റ്റാഫിന്റെയും സാമ്പത്തിക പിന്തുണ ഫാ. ഗബ്രിയേലിന് ലഭിച്ചു. ക്രൈസ്റ്റിന്റെ വികസനം തങ്ങളുടേതുകൂടിയാണെന്ന് കരുതിയിരുന്ന നല്ലവരായ നാട്ടുകാരു



ലൈബ്രറി കെട്ടിടം - ശിലാസ്ഥാപനം
ഫാ. ഗബ്രിയേൽ

ടെ സാമ്പത്തികസഹായത്തോടെ 1975 ൽ ലൈബ്രറിക്കെട്ടിടം പൂർത്തിയായി. ഈ ലൈബ്രറി ക്കെട്ടിടത്തിന്റെ ഉദ്ഘാടനം 1975 മാർച്ച് 17 ന് കേന്ദ്ര മന്ത്രി എം. എം. തോമസ് നിർവ്വഹിച്ചു. (ഈ കെട്ടിടമാണ് ഇന്നത്തെ ഓഡിറ്റോറിയം. പഴയ ഓഡിറ്റോറിയം ലൈബ്രറിയാക്കിമാറ്റി. ഇന്നത്തെ ഓഡിറ്റോറിയം സ്ഥിതിചെയ്യുന്നിടത്ത് പഴയകാലത്ത് ഹോക്കിഗ്രൗണ്ടും ടെന്നീസ് കോർട്ടുമായിരുന്നു. ടെന്നീസ് കോർട്ട് പിന്നീട് ഇന്നത്തെ ലൈബ്രറിയുടെ കിഴക്കുവശത്തേക്കു മാറ്റി. കാലക്രമേണ ടെന്നീസ് കോർട്ട് അപ്രത്യക്ഷമായി.)

കായികമേഖലയിൽ മുൻതൂക്കമുണ്ടായിരുന്നുവെങ്കിലും, കലാരംഗത്ത് ക്രൈസ്റ്റ് കലാലയത്തിന്റെ സ്ഥാനം വളരെ പുറകിലായിരുന്നു. ക്രൈസ്റ്റിലെ വിദ്യാർത്ഥികൾക്ക് കലാരംഗത്തും കഴിവുണ്ടാക്കണമെന്നതായി ഫാ. ഗബ്രിയേലിന്റെ പിന്നീടുള്ള ലക്ഷ്യം . ഇതിനായി കലാവാസനയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കായി പത്ത് ദിവസത്തെ ഒരു പരിശീലന ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പരിശീലനം നല്കുകയുണ്ടായി. ഇത് കലാരംഗത്തുള്ള ക്രൈസ്റ്റിന്റെ മുന്നേറ്റമായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ യൂത്ത്ഫെസ്റ്റിവലിൽ മുൻസ്ഥാനത്തേക്ക് ക്രൈസ്റ്റ് കോളേജിനെ എത്തിച്ചത് ഈ പരിശീലന പദ്ധതിയായിരുന്നെന്നു പറയാം. രാമകൃഷ്ണൻ എന്ന ജീവനക്കാരനും കുറച്ച് അദ്ധ്യാപകരും ഇക്കാര്യത്തിൽ വളരെയധികം പ്രശംസയർഹിക്കുന്നു. ഇവർ ഫൈനാർട്സ്



സൗന്ദര്യബോധത്തിനൊരു ഉത്തമ ദൃഷ്ടാന്തം - കോളേജ് ഓഡിറ്റോറിയം

ക്ലബിലെ വിദ്യാർത്ഥികൾക്കൊപ്പം പാതിരാത്രി വരെ പ്രാക്ടീസ് ചെയ്യുവാൻ ബുദ്ധിമുട്ടിയിരുന്നു. ജോർജ്.എസ്.പോൾ, ആർ. ജയറാം, എം.കെ. ചന്ദ്രൻ, എൻ.നാരായണൻകുട്ടി തുടങ്ങിയ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒത്തൊരുമയോടെ നാടകത്തിൽ അഭിനയിച്ചിരുന്നു. സ്വന്തമായി പാട്ടെഴുതി സംഗീതം നല്കി റേഡിയോയിൽ യുവവാണിക്കുവേണ്ടി ഇവർ പരിപാടികൾ അവതരിപ്പിച്ചിരുന്നു. കലാരംഗത്തുള്ള ഈ മുന്നേറ്റം തുടർന്നു കൊണ്ട് പോകുന്നതിന് വേണ്ടിയാണ് ആർട്ട്സ് കേരളയെന്ന കലാസംഘടനക്ക് 1974 ൽ രൂപം കൊടുത്തത്. ഇരിങ്ങാലക്കുടയിലെ രണ്ട് കലാലയങ്ങളിലേയും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ കലാവാസന പ്രോത്സാഹിപ്പിക്കലായിരുന്നു അതിന്റെ ലക്ഷ്യം. ഇതിന് നാട്ടുകാരുടെ നിർലോഭമായ സഹായ സഹകരണങ്ങളുണ്ടായിരുന്നു. കേരളത്തിലെ മുഴുവൻ കലാലയ വിദ്യാർത്ഥികൾക്കും മത്സരിക്കാവുന്ന തരത്തിലാണ് ആർട്ട്സ് കേരളയിൽ മത്സരം സംഘടിപ്പിച്ചിരുന്നത്. മൂന്നു ദിവസം കൊണ്ട് തീരുന്ന തരത്തിലാണ് പരിപാടി സംഘടിപ്പിച്ചിരുന്നത്. തുടക്കത്തിൽ സെന്റ് ജോസഫ്സ് കോളേജിൽ വെച്ച് നടന്ന ഈ പരിപാടി പിന്നീട് അയ്യങ്കാവ് മൈതാനത്തിലേക്ക് മാറ്റി. പിന്നീട് മറ്റുവേദികൾ വിദ്യാർത്ഥികൾക്ക് ലഭ്യമായി തുടങ്ങിയതോടെ ആർട്സ് കേരളയുടെ പ്രവർത്തനം മരവിച്ചു. ജോർജ് എസ്. പോൾ സെക്രട്ടറിയും, എം. സി. പോൾ പ്രസിഡന്റുമായി നാമമാത്രമായി ഇന്നും ആർട്സ് കേരള തുടരുന്നു.


**ഗബ്രിയേൽ യുഗത്തിനു വിരാമം.**

1975 കോളേജിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വർഷമാണ്. നീണ്ട പത്തൊൻപത് വർഷം പ്രിൻസിപ്പാളായി ഒരുകോളേജിൽ തന്നെ സേവനം അനുഷ്ഠിച്ച് റെക്കോർഡ് സൃഷ്ടിച്ച ഏവരുടെയും പ്രിയപ്പെട്ട ഗബ്രിയേലച്ചൻ വിരമിച്ചത് ഈ വർഷമാണ്. 'ക്രൈസ്റ്റ് കലാലയത്തിന്റെ പിതാവ് ' എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചാൽ പോലും തെറ്റാവില്ല. ക്രൈസ്റ്റിന്റെ ഉയർച്ചക്ക് വേണ്ടി അദ്ദേഹം അത്രയധികം പ്രയത്നിച്ചിട്ടുണ്ട്. ഗബ്രിയേലച്ചനോടുള്ള ബഹുമാനാർത്ഥം ഒരു സുവനീർ യാത്രയയപ്പിനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ചിരുന്നു.

1956ൽ തുടങ്ങിയതിനുശേഷമുള്ള ഇരുപതുവർഷം കോളേജിന്റെ ഉയർച്ചയുടേയും



ക്രൈസ്റ്റ് കോളേജ് (1956)



# "When I joined NIIT I never dreamt I'd have a car like this.

# But then, I never dreamt I'd have a job at Bell Labs either."

Ravi Narayan's job with Bell Labs in America may sound like a fairy life, but it I took a lot of very hard work. It also took some very careful training.

Which is just what NIIT gives you.

Its new GlobalNet Curriculum arms you with the skills employers look for.

While NIIT's unique methodology helps you master computers through something called 'self-paced learning' Which makes learning easier and retaining what you learn simpler too.

I addition, the NIIT NetVarsity, a global learning facility on the Internet, introduces you to the environment you'll be working in tomorrow.

Add to this the hours of practice you get at the Computerdrome working with Multimedia, Networking and current as well as emerging software.

GNIIT
Global Net

COMPUTERS
★
QUALITY MANAGEMENT
★
PERSONAL EFFECTIVENESS

In the real world, however, you'll need more than computer skills. And that's exactly what the new Quality Management modules give you: essential skills in Quality that are critical for an IT professional in today's world. These have been developed with the involvement of the world's leading guru on Quality Management, Philip B.Crosby.

Naturally, all this, plus the year of work experience you gain through Professional Practice™, makes you a rather sought-after professional.

Just like Ravi, and other NIIT-ians working at place like Ford Detroit, Singapore Telecom and Merril Lynch, Japan.

Now, we suggest you walk into NIIT and start preparing for your future, instead of dreaming about it.

## If you're not studying at NIIT you're missing something

For More details Contact:

NIIT,
Devaswom Shopping Complex,
Karunakaran Nambiar Road,
**TRICHUR** - 20. Phone: 331047

NIIT, Blaze Court,
Opp. Boys High School,
Main Road, **IRINJALAKUDA**
Phone : 828228



പ്രേം നസീർ ആർട്സ് കേരളയിൽ



വിജയികൾക്ക് ശ്രീവിദ്യ ട്രോഫി നൽകുന്നു.

പ്രസിദ്ധിയുടെയും കാലമായിരുന്നു. സയൻസ് വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കോളേജിൽ പഠനരംഗത്തും, കലാ–കായികരംഗത്തും നേട്ടങ്ങൾ മാത്രം കൊയ്ത കാലമായിരുന്നു അത്. ഏറ്റവും കൂടുതൽ യു.ജി.സി.ഗ്രാന്റുകൾ നേടിയെടുത്ത് കോളേജ് വികസനം യാഥാർത്ഥ്യമാക്കിയ കലാലയമായിരുന്നു ക്രൈസ്റ്റ് കോളേജ്.

ഇരിങ്ങാലക്കുടയുടെ സാംസ്ക്കാരിക പുരോഗതിയിൽ ഒരു വഴിത്തിരിവായി തീർന്നു ക്രൈസ്റ്റ് കോളേജ്. ഇക്കാര്യത്തിൽ ഗബ്രിയേലച്ചനുളള പങ്ക് സുവനീറിൽ വ്യക്തമായി പറയുന്നുണ്ട്. ഗബ്രിയേലച്ചന്റെ സൗന്ദര്യബോധത്തിന്റെ തെളിവുകളാണ് കോളേജ് പാർക്കും, കോളേജ് കെട്ടിടങ്ങളും. തന്റെ അറുപതാം വയസ്സിൽ ഫാദർ ഗബ്രിയേൽ വിരമിച്ചതിനെ തുടർന്ന് ഫാദർ വിവിയൻ അമ്പൂക്കൻ പ്രിൻസിപ്പാളായി ചുമതലയേറ്റു. ഫാദർ ഗബ്രീയേലിനെപ്പോലെ തന്നെ ദീർഘവീക്ഷണം ഉളളയാളായിരുന്നു ഫാദർ അമ്പൂക്കനും.

### ആദ്യകാല കോളേജ് യൂണിയൻ

പ്രിൻസിപ്പാൾ, ബർസാർ, ഡിപ്പാ: തലവൻമാർ, അസോസിയേഷൻ ഭാരവാഹികൾ എന്നിവർ അടങ്ങുന്നതായിരുന്നു കോളേജ് എക്സിക്യൂട്ടീവ് കൗൺസിൽ. അതിൽ നിന്നുള്ള വിദ്യാർത്ഥി പ്രതിനിധികളാണ് ചെയർമാനെയും ജനറൽ സെക്രട്ടറിയെയും തെരഞ്ഞെടുത്തിരുന്നത്. അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും പ്രാതിനിധ്യം ഉണ്ടായിരുന്ന ഈ സംവിധാനത്തിൽ എല്ലാതലങ്ങളിലും മികച്ചുനിന്ന വിദ്യാർത്ഥികളായിരുന്നു എക്സിക്യൂട്ടീവിലേക്ക് ക്ലാസുകളിൽനിന്ന് തെരഞ്ഞെടുത്തയക്കപ്പെട്ടിരുന്നത്. ഇന്നത്തേതിൽ നിന്നും വിഭിന്നമായി കോളേജിനെ സംബന്ധിച്ച എല്ലാ നയപരമായ തീരുമാനങ്ങളും എടുത്തിരുന്നത് അദ്ധ്യാപക



'ക്രൈസ്റ്റിന്റെ പിതാവ്'
ഫാ. ഗബ്രിയേൽ

വിദ്യാർത്ഥി പ്രാതിനിധ്യമുള്ള ഈ എക്സിക്യൂട്ടീവ് കൗൺസിലായിരുന്നു. ആദ്യത്തെ കോളേജ് യുണിയൻ ചെയർമാൻ ഗംഗാധരനായിരുന്നു. (ഇദ്ദേഹം പിന്നീട് അദ്ധ്യാപക വൃത്തി സ്വീകരിച്ചു) തുടർച്ചയായി രണ്ടുവർഷം അദ്ദേഹം ആ പദവി അലങ്കരിച്ചു.

വിദ്യാർത്ഥി പ്രതിനിധികളെ ക്ലാസ്സിൽ നിന്ന് തെരഞ്ഞെടുത്ത് അവരിൽ നിന്ന് പ്രധാന യൂണിയൻ ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന രീതി മാറ്റി ഭാരവാഹികളെ നേരിട്ട് വിദ്യാർത്ഥി സമൂഹം തെരഞ്ഞെടുക്കുന്ന ഇന്നത്തെ യൂണിയൻ ഇലക്ഷൻ രീതി എഴുപതുകളുടെ ആരംഭത്തിൽ കോളേജിൽ നടപ്പാക്കി.

ഇന്ത്യൻ രാഷ്ട്രീയ സംഭവങ്ങളിൽ പ്രധാനപ്പെട്ട അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ വിദ്യാർത്ഥി രാഷ്ട്രീയക്കാർ പൊതുവെ അടങ്ങിയൊതുങ്ങികഴിഞ്ഞിരുന്നുവെങ്കിലും അടിയന്തിരാവസ്ഥയോടുള്ള എതിർപ്പ് ചെറിയതോതിൽ ക്രൈസ്റ്റ് ക്യാംപസിലും പ്രതിഫലിച്ചിരുന്നു. ഇവിടുത്തെ അദ്ധ്യാപകനായിരുന്ന ശ്രീ. സച്ചിദാനന്ദൻ അടിയന്തിരാവസ്ഥക്കെതിരെ ശബ്ദമുയർത്തിയിരുന്നു. അന്നത്തെ നക്സലുകളോട് അനുഭാവമുണ്ടായിരുന്ന അദ്ദേഹം നടവരമ്പത്തേക്ക് പ്രതിഷേധജാഥ സംഘടിപ്പിക്കുകയുണ്ടായി. അടിയന്തിരാവസ്ഥക്കെതിരെ പ്രവർത്തിച്ച വൈക്ലിഫ്, നാരായണൻ എന്നിവർ അതിൽ ചിലർ മാത്രം, നാരായണൻ അറസ്റ്റു ചെയ്യപ്പെട്ടു.


1976 ഏപ്രിൽ 30 ന് യു. ജി. സി. സംഘം കോളേജ് സന്ദർശിച്ചു. അവരുടെ റിപ്പോർട്ടിൽ ഇന്ത്യയിലെ ഏറ്റവും നല്ല കോളേജുകളിലൊന്നാണ് ക്രൈസ്റ്റ് കോളേജ് എന്ന് അഭിപ്രായപ്പെട്ടു, ആർട്സ്, സ്പോർട്സ് മേഖലകളിലെ ക്രൈസ്റ്റ് കോളേജിന്റെ ആധിപത്യത്തേയും അധ്യയന അന്തരീക്ഷത്തെയും ക്രൈസ്റ്റിനുള്ള ജനകീയ പിന്തുണയേയും കുറിച്ച് അവർ പ്രത്യേകം പരാമർശിച്ചു.

എഴുപതുകളുടെ അവസാനത്തിൽ തന്നെ റിസർച്ച് ലാബോറട്ടറി സ്ഥാപിച്ച് ഗവേഷണത്തോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുവാൻ കോളേജിനു സാധിച്ചു. എഴുപതുകളുടെ പ്രത്യേകത കായികമേഖലയിലെ കീർത്തി കലാരംഗത്തുകൂടി പകരുവാൻ ക്രൈസ്റ്റ് കലാലയത്തിനു കഴിഞ്ഞുവെന്നതാണ്.

**ക്രൈസ്റ്റ് കോളേജ്-എൺപതുകളിൽ**

കലാലയത്തെ എല്ലാ മേഖലകളിലും ഉന്നതിയിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളായിരുന്നു 60-70കാലഘട്ടങ്ങളിൽ ഉണ്ടായത്. ആ പരിശ്രമങ്ങളുടെ ഫലമായി കലാ-കായിക-വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം തന്നെ ക്രൈസ്റ്റ് കോളേജ് ഉന്നതിയിലെത്തിയിരുന്നു. ഈ ഉന്നത നിലവാരത്തെ സ്ഥിരമായി നിലനിർത്തുക എന്നതായിരുന്നു എൺപതുകളിൽ ചെയ്യേണ്ടിയിരുന്നത്. അക്കാര്യത്തിൽ കുറെയേറെ വിജയിക്കുകയും ചെയ്തു വെന്നുപറയാം.

ഭൗതികമേഖലയിൽ ചെറിയ പുരോഗതികൾ ഈ കാലഘട്ടത്തിൽ ദൃശ്യമാണ്. എൺപതുകൾ തുടങ്ങുന്നതുതന്നെ പ്രീ-ഡിഗ്രിക്ക് കൂടുതൽ ബാച്ചുകൾ തുടങ്ങിയിട്ടായിരുന്നു. 1979-80 അധ്യയന വർഷത്തിൽ പ്രീ-ഡിഗ്രിക്ക് നാലു ബാച്ചുകൾ കൂടുതലായി തുടങ്ങി. അതോടൊപ്പം തന്നെ ആ വിഭാഗത്തിന് ഷിഫ്റ്റ് സമ്പ്രദായം ആരംഭിച്ചു. 1981ൽ വിദ്യാർത്ഥികൾക്ക് കൂടുതൽ



അഭിമാനപൂർവ്വം സമൂഹ മദ്ധ്യത്തിലേക്ക് (1967)

അവസരങ്ങൾ നൽകുന്നതും അപൂർവ്വവുമായ ഡിഗ്രി എന്ന നിലയിൽ ജിയോളജി വിഷയത്തിലുള്ള ബിരുദകോഴ്സ് ആരംഭിച്ചു. യൂണിവേഴ്സിറ്റിയിൽ തന്നെ വേറെ രണ്ടു കോളേജുകളിൽ മാത്രമേ ഈ കോഴ്സ് ഉള്ളൂ.

1982ൽ ക്രൈസ്റ്റ് കലാലയത്തിന് 25 വയസ്സ് തികഞ്ഞു സിൽവർ ജൂബിലി ആഘോഷങ്ങൾ മാർച്ച് മാസം 4-ാം തിയ്യതിമുതൽ 7-ാം തിയ്യതി വരെ നാല് ദിവസങ്ങളിലായി നടന്നു. ഫാ. ഗബ്രിയേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫാദർ ഡോ. സെബാസ്റ്റ്യൻ മാങ്കുഴിക്കരി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സംവാദം കവിയരങ്ങ്, സാഹിത്യ സംവാദം തുടങ്ങി വിവിധങ്ങളായ പരിപാടികളോടെ സിൽവർ ജൂബിലി ആഘോഷിച്ചു. സമാപനസമ്മേളനത്തിൽ ശ്രീ. കെ.കരുണാകരൻ, ഫാ. ക്ലെമൻസ് എന്നിവർ സംബന്ധിച്ചു.

അതേവർഷം തന്നെ സാമ്പത്തിക ശാസ്ത്രത്തിനുള്ള ബിരുദാനന്തര ബിരുദകോഴ്സ് ആരംഭിച്ച് ആർട്സ് മേഖലക്കുള്ള പ്രാധാന്യത്തെ ഉൾകൊള്ളുവാൻ കോളേജ് ശ്രമിച്ചു. ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിലുണ്ടായ നല്ലൊരു കാൽവെയ്പായിരുന്നു 1985ൽ പൂർത്തിയായ ഭാഷാ ലാബ്. ഇംഗ്ലീഷ് ഭാഷയിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഭാഷാ ലാബ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിന് കീഴിലാണ് പ്രവർത്തിച്ച് വന്നത്. നിർഭാഗ്യവശാൽ ആരുടെയൊക്കെയോ ഉത്തരവാദിത്തരാഹിത്യം കാരണം ഇന്ന് ഈ ലാബ് പ്രവർത്തിക്കാതായിരിക്കുന്നു. (ഈ ലാബിൽ ഇന്നും ഉപകരണങ്ങളും മറ്റു സൗകര്യങ്ങളുമുണ്ട് എന്നാണ് അറിയാൻ സാധിച്ചത്.)

ഫാദർ അമ്പൂക്കൻ പ്രിൻസിപ്പൽ സ്ഥാനത്തുനിന്നും വിരമിച്ചതിനെ തുടർന്ന് ഫാദർ ജോസ് സ്റ്റീഫൻ പ്രിൻസിപ്പലായി 1985ൽ ചുമതലയേറ്റു. കൂടുതൽ സൗകര്യങ്ങളൊരുക്കുവാൻ കഴിഞ്ഞതിനാൽ പ്രീ-ഡിഗ്രി വിഭാഗത്തിൽ നടപ്പിലുണ്ടായിരുന്ന ഷിഫ്റ്റ് സമ്പ്രദായം അവസാ

നിപ്പിച്ച് പ്രീ-ഡിഗ്രി വിദ്യാർത്ഥികളെ മുഴുവൻ സമയ വിദ്യാർത്ഥികളാക്കുവാൻ 1989ൽ സാധിച്ചു.

എൺപതുകളിലേക്ക് കടന്നപ്പോൾ വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ദിശാ ബോധം ഉണ്ടായി. വ്യക്തമായ ആദർശങ്ങളുമായി അവർക്ക് പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്നത് ഈ കാലഘട്ടത്തിലെ വിശേഷപ്പെട്ട ഒരു വസ്തുതയാണ്. കായികമേഖലയിൽ നമ്മുടെ ഫുട്ബോൾ, വോളിബോൾ, അത്‌ലറ്റിക്സ് എന്നീ വിഭാഗങ്ങൾ സ്ഥിരതയുള്ള പ്രകടനം കാഴ്ച വെച്ചു പോന്നു. കായികമേഖലയുടെ പുരോഗതി ലക്ഷ്യമാക്കി നിർമ്മിച്ച കോളേജ് സ്റ്റേഡിയത്തിൽ സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മീറ്റ്, സർവ്വകലാശാല അത്‌ലറ്റിക് മീറ്റ്, സംസ്ഥാന അത്‌ലറ്റിക് മീറ്റ് എന്നിവ പല പ്രാവശ്യവും നടത്തിയെന്നത് സ്റ്റേഡിയത്തിന്റെ നിലവാരം സൂചിപ്പിക്കുന്നു.

സമൂഹത്തിന് സംഭവിച്ച മൂല്യച്യുതി സ്വാഭാവികമായും ഇവിടത്തെ അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിലും പ്രതിഫലിച്ചിരുന്നു. അറുപതുകളിലും എഴുപതുകളിലും കലാ-കായികരംഗത്ത് ഒത്തൊരുമയോടെയാണ് അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രവർത്തിച്ചിരുന്നതെങ്കിൽ എൺപത് കാലഘട്ടമായപ്പോൾ ഈ സംവിധാനത്തിന് മാറ്റം വന്നു. വിദ്യാർത്ഥികൾ അദ്ധ്യാപകരുടെ സഹകരണം ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധിക്കാതിരുന്നതിന്റെ ഫലമായിരുന്നു അത്. എങ്കിലും വിവിധ മേഖലകളിൽ ക്രൈസ്റ്റ് കോളേജിനുണ്ടായിരുന്ന മേധാവിത്വം നില നിർത്തുവാൻ കഴിഞ്ഞുവന്നതായാണ് എൺപതുകളെ പൊതുവെ വിലയിരുത്തുമ്പോൾ കാണുന്നത്.

**ഇന്നത്തെ ക്രൈസ്റ്റ് കലാലയം**

ക്രൈസ്റ്റിലെ ഇന്നത്തെ സ്ഥിതി വിദ്യാർത്ഥികൾക്കെല്ലാം കുറെയേറെ അറിയുന്നതുകൊണ്ട് കോളേജിന്റെ ഈ കാലഘട്ടത്തെക്കുറിച്ച് കൂടുതൽ വിശദീകരണത്തിനു മുതിരുന്നില്ല.

തൊണ്ണൂറുകളുടെ ആരംഭത്തിലെ പ്രത്യേകത തന്നെ പ്രീഡിഗ്രി വിദ്യാർത്ഥികൾ കോളേജിലെ മുഴുവൻ സമയ വിദ്യാർത്ഥികളായി എന്നതു തന്നെയാണ്.കായികമേഖലയിൽ കൂടുതൽ പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടെ, 1990ൽ തന്നെ ബി.എസ്.സി. ബിരുദമുള്ള ഫിസിക്കൽ എജ്യൂക്കേഷൻ കോഴ്സ് തുടങ്ങുവാൻ സാധിച്ചു. കേരളത്തിൽ ആദ്യമായി യു.ജി.സി. യുടെ സഹായത്തോടുകൂടിയാണ് ഈ കോഴ്സ് തുടങ്ങിയത് എന്നതാണ് ഇതിന്റെ വിജയം.

പക്ഷെ കായികാധ്യാപകനായി ഹൈസ്കൂളുകളിൽ നിയമിക്കപ്പെടണമെങ്കിൽ B.P.Ed യോഗ്യത വേണമെന്ന നിയമം വന്നപ്പോൾ നമ്മുടെ കോളേജിലെ ബിരുദത്തിനു വിലയില്ലാത്ത അവസ്ഥ സംജാതമായി. ഇതിനു പരിഹാരം വന്നത്, 1994ൽ ഫിസിക്കൽ എഡ്യൂക്കേഷൻ കോഴ്സ് പ്രൊഫഷണൽ കോഴ്സായ ബി.പി.ഇ് കോഴ്സാക്കി മാറ്റിയതോടെയാണ്. ഇതും ഇവിടെയാണ് ഒരു ആർട്സ് & സയൻസ് കോളേജിൽ ആദ്യമായി തുടങ്ങുന്നത്.

1991ൽ ഫാ. തോമാസ്.എ.അച്ചാണ്ടി പ്രിൻസിപ്പാളായി സ്ഥാനമേറ്റു. 1992-93 അധ്യയന വർഷം ക്രൈസ്റ്റിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഒരു ചുവടു വെയ്പു നടന്ന വർഷമാണ്. അതുവരെ സഹവിദ്യാഭ്യാസം തങ്ങളുടെ പോളിസിയായി


അംഗീകരിക്കാതിരുന്ന സി.എം.ഐ. സന്യാസ സഭയും സമൂഹത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ തീരുമാനിച്ചു. ഇതിന്റെ അല ആദ്യമുണ്ടായത് തേവരകോളേജിലും മറ്റുമാണ്. കുറച്ചു വൈകിയാണെങ്കിലും ഈ മാറ്റത്തിന്റെ കാറ്റ് ക്രൈസ്റ്റിലുമെത്തി.

92–93 അധ്യയന വർഷം ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ സഹവിദ്യാഭ്യാസം ആരംഭിച്ചു. ഇതിനു മുൻപു തന്നെ കോളേജിൽ പെൺകുട്ടികൾക്ക് പ്രവേശനം നൽകണമെന്ന നിർദ്ദേശം കോളേജധികാരികളിൽ നിന്ന് വന്നിരുന്നു. എന്നാൽ പെൺകുട്ടികളെകൂടി മെറിറ്റടിസ്ഥാനത്തിൽ ചേർത്താൽ ആൺകുട്ടികൾക്ക് അവസരം കുറയുമെന്ന ഒരാശങ്ക നാട്ടിൽ പൊതുവായി വന്നതിന്റെ ഫലമായി അന്ന് അത് നടന്നില്ല. പിന്നീട് ഒരു ഉന്നതതല കമ്മീഷനെ വച്ച് പ്രശ്നത്തിന്റെ എല്ലാ വശങ്ങളും പഠിച്ചതിന് ശേഷമാണ് പെൺകുട്ടികളെ ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും ചേർക്കാമെന്ന് തീരുമാനമുണ്ടായത്. എന്നാൽ മാനേജ്മെന്റിനുള്ള ഇരുപത് ശതമാനം സീറ്റ് ആൺകുട്ടികൾക്കായി മാറ്റിവയ്ക്കണമെന്നുള്ള നിബന്ധനയും ഈകാര്യത്തിലുണ്ടായിരുന്നു. പലവിധ നിയന്ത്രണങ്ങളുമേർപ്പെടുത്തിയാണ് ഇപ്പോഴും ഇത് തുടർന്നു പോകുന്നത്. സഹവിദ്യാഭ്യാസം ഇവിടെ നടപ്പിലായപ്പോൾ പല പ്രശ്നങ്ങളും സ്വാഭാവികമായി ഉണ്ടായി. ഈ വിദ്യാഭ്യാസ സമ്പ്രദായം പ്രതീക്ഷിച്ചതുപോലെ ഉയർന്നുവോ എന്നുകൂടി ചിന്തിക്കണം. സർവ്വകലാശാലയിൽ റാങ്കുകളെല്ലാം പെൺകുട്ടികൾ വാങ്ങികൂട്ടുന്നു എന്നിരിക്കെ ക്രൈസ്റ്റിലെ വനിതകളാരെങ്കിലും ആ പട്ടികയിലേക്കുയർന്നുവോ ? ആൺകുട്ടികൾ തന്നെയാണിന്നും ക്രൈസ്റ്റിനുവേണ്ടി റാങ്കു കരസ്ഥമാക്കുന്നത്.

തൊണ്ണൂറുകളിലും ക്രൈസ്റ്റിന് അതിന്റെ കലാ-കായിക മേഖലയിലുള്ള കീർത്തി നില നിർത്തുവാൻ സാധിക്കുന്നുണ്ട്. കായികമേഖലയിലുള്ള കീർത്തിക്ക് ഭ്രംശം സംഭവിക്കുന്നതായും അനുഭവപ്പെടുന്നുണ്ടത്രെ. സർവ്വകലാശാല ഡി-സോൺ കിരീടം ക്രൈസ്റ്റ് കുത്തകയായി നില നിർത്തുന്നു എന്നത് പ്രതീക്ഷ നൽകുന്നു.

1996ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കു കീഴിലുള്ള ഏറ്റവും നല്ല കോളേജെന്നുള്ള ബഹുമതിയായി രാജീവ് ഗാന്ധി മെമ്മോറിയൽ ട്രോഫി നമുക്ക് നേടാൻ കഴിഞ്ഞുവെന്നത് അഭിമാനാർഹം തന്നെ.

സംസ്ഥാന ഗവൺമെന്റിന്റെപുതിയ വിദ്യാഭ്യാസ നയമനുസരിച്ച്, പ്രീഡിഗ്രി വിഭാഗം യൂണിവേഴ്സിറ്റി തലത്തിൽനിന്നും വേർപെടുത്തി സ്കൂളുകളിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി 1998 – 99 അധ്യയനവർഷം, പ്രീഡിഗ്രി വിഭാഗത്തിലെ സീറ്റുകളുടെ എണ്ണം കുറച്ചു. പ്രീഡിഗ്രി വിഭാഗം പൂർണ്ണമായും കോളേജുകളിൽനിന്നും മാറ്റുന്നതുകൊണ്ട് ഇവിടെ കൂടുതൽ കോഴ്സുകൾ തുടങ്ങുവാനുള്ള സാധ്യതകളുണ്ട് . അതിന്റെ തുടക്കമെന്നോണം 1998–99അധ്യയനവർഷം ഫങ്ഷനൽ ഇംഗ്ലീഷിലുള്ള ബിരുദകോഴ്സ് ആരംഭിച്ചു.



പ്രതികരണശേഷി നഷ്ടപ്പെട്ടിട്ടില്ല..........



അച്ഛനും മകനും

M

# General Metals

MARKET LINK ROAD, IRINJALAKUDA - 680121

Dealers in

M.S. ANGLES, FLATS, SQUIRES, TORSTEEL ROUNDS ETC.

PH: 823524, 825052,827218,820314

ചുരുങ്ങിയ കാലയളവിൽ ഇരിങ്ങാലക്കുടയിലെ കുറിസ്ഥാപനങ്ങളുടെ മുൻനിരയിലെത്തിയ ഏകസ്ഥാപനം

# ഭാഗ്യം

## കുറീസ് (പ്രൈ) ലിമിറ്റഡ്

ഹെഡ്ഡാഫീസ് : ഇരിങ്ങാലക്കുട

ബ്രാഞ്ചുകൾ : ഫരീദാബാദ്, ജമ്മു താവി

ഫോൺ : 821091

5 വർഷത്തിനുള്ളിൽ 29 കുറികൾ

1 കോടിയിലധികം സല

5000ത്തിൽ പരം വരിക്കാർ

## A.K.P. METALS & ALLOYS

ROLLING, PRESSING & SPINNING MILLS

IRINJALAKUDA 680 121

PH: 821777, RES: 822444

## ALENGHADENS VESSELS HOUSE

MAIN ROAD TANA

IRINJALAKUDA 680121

PH: OFF : 821777,

RESI :820040,822444

## A.K.P. METALS & WARES

POST OFFICE ROAD

THRISSUR 680001

PH:425548, RES :427748

**George Allen Exports**

SHARJA

### ഫാ. ഗബ്രിയേലിനുശേഷം ക്രൈസ്റ്റ് കലാലയത്തെ നയിച്ചവർ



ഫാ. വിവിയൻ അമ്പൂക്കൻ (1975 – 85)



ഫാ. ജോസ് സ്റ്റീഫൻ (1985 – 91)



ഫാ. തോമസ് അച്ചാണ്ടി ( 1991 – 94)



ഫാ. ജോസ് ചിറ്റിലപ്പിള്ളി (1994 – 98)



ഫാ. തോമസ് ചക്രമാക്കൽ (1998 – )

1994 മുതൽ 1998 വരെ പ്രിൻസിപ്പാളായി ചുമതല നിർവ്വഹിച്ചുവന്ന ഫാ. ജോസ് ചിറ്റിലപ്പിള്ളി സെനറ്റ് , അക്കാദമിക് കൗൺസിൽ എന്നിവയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് അദ്ദേഹത്തെ സിൻഡിക്കേറ്റ് അംഗമായി നോമിനേറ്റ് ചെയ്യുകയുണ്ടായി എന്നതുകൂടി കൂട്ടിവായിച്ചാൽ ക്രൈസ്റ്റിന്റെ കീർത്തി എത്ര ഉയരങ്ങളിലാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

**ഔദ്യോഗിക വിശകലനങ്ങൾ**

ഫിസിക്സ്, കെമിസ്ട്രി, സുവോളജി, മാത്ത്സ്, ജിയോളജി, ഇക്കണോമിക്സ്, കൊമേഴ്സ്, ഫിസിക്കൽ എജ്യൂക്കേഷൻ, എന്നിങ്ങനെ എട്ടു വിഭാഗങ്ങൾക്ക് അസോസിയേഷൻ സെക്രട്ടറിമാരെ ബാലറ്റ് രീതിയിൽ തെരഞ്ഞെടുക്കുകയും അവരുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തുകയും ചെയ്യുന്നു. എന്നാൽ മിക്ക അസോസിയേഷനുകളും കാലങ്ങളായി ചെയ്തുവരുന്ന പരിപാടികളല്ലാതെ പുതുമയാർന്ന യാതൊന്നും നടത്താറില്ലെന്നതാണ് യാഥാർത്ഥ്യം.

**മറ്റു സംഘടനകൾ**

സാമൂഹ്യസേവനം ലക്ഷ്യമാക്കി എൻ. എസ്.എസ്. മൂന്ന് യൂണിറ്റുകളുമായി പ്രവർത്തിക്കുന്നു. ഒരുകാലത്ത് ശക്തമായിരുന്ന എൻ. സി.സി. ഇന്ന് സുവർണകാലത്തിന്റെ ഓർമ്മകളുമായി കഴിയുന്നു. ആദ്യകാലത്ത് ഉണ്ടായിരുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഇപ്പോഴുള്ളവരുടെ എണ്ണവും താരതമ്യപ്പെടുത്താതിരിക്കുന്നതായിരിക്കും ഉചിതം. യൂണിറ്റുകൾ കുറഞ്ഞു.എൻ. സി.സി.യോട് വിദ്യാർത്ഥികൾക്ക് ആഭിമുഖ്യം കുറഞ്ഞതാണോ ഇതിനു കാരണം?

സയൻസ് ഫോറം, സോപ്പാക്നേച്ചർ, സ്പിക് മക്കേ, എമ്മാറോസ്, സി.എസ്.എ. എന്നീ സംഘടനകളും കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്നു.

**ക്രൈസ്റ്റിനെ പ്രശസ്തരാക്കിയവർ....**

ഒരു കലാലയം മറ്റുള്ളവരാൽ അംഗീകരിക്കപ്പെടണമെങ്കിൽ ആ കലാലയത്തിലെ വിദ്യാർത്ഥികൾ സമൂഹത്തിൽ ഉന്നതസ്ഥാനങ്ങളെ അലങ്കരിക്കണം. ക്രൈസ്റ്റ് കലാലയത്തിനെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രശസ്തി ഉയരെയാണ്. ലോകത്തെവിടെയും ക്രൈസ്റ്റ് കലാലയത്തിന്റെ സന്തതികളെ നമുക്ക് കണ്ടെത്താം. ക്രൈസ്റ്റ് കോളേജിൽ വെച്ച് തന്നെ പ്രശസ്തരായ ചിലരെക്കുറിച്ച് പ്രതിപാദിക്കാതെ ഈ പ്രയാണം സഫലീകൃതമാകില്ലല്ലോ.

## ഇവർ റാങ്ക് ജേതാക്കൾ

| വർഷം | പേര് | വിഷയം | റാങ്ക് |
|---|---|---|---|
| 1959–60 | എ.ജെ. സക്കറിയ | ബി.എസ്.സി സുവോളജി | I |
| | എം.എ.അഗസ്റ്റിൻ | ബി.എസ്.സി കെമിസ്ട്രി | I |
| 1960–61 | പി.ചെല്ലപ്പൻ | ബി.കോം | I |
| | വി.എൽ. ജേക്കബ്ബ് | ബി.എസ്.സി കെമിസ്ട്രി | I |
| 1962–63 | എ.ജെ.സക്കറിയ | എം.എസ്.സി.സുവോളജി | II |
| | വി.ബാലകൃഷ്ണൻ | എം.കോം | II |
| 1963–64 | പി.ജെ.തോമാസ് | എം.എസ്.സി.സുവോളജി | II |
| | കെ.ശ്രീധരൻ | എം.കോം | I |
| 1964–65 | കെ.പരമേശ്വരൻ | ബി.എസ്.സി ഫിസിക്സ് | I |
| | ആർ.വിജയൻ | എം.കോം | I |
| 1965–66 | പി.രാമചന്ദ്രൻ | ബി.എ.ഇക്കണോമിക്സ് | II |
| | സി.എൽ.ലോനപ്പൻ | ബി.എസ്.സി ഫിസിക്സ് | I |
| | കുമാരൻ പാലാ | എം.കോം | I |
| 1966–67 | വിജയകുമാരൻ.കെ.സി | എം.കോം | II |
| 1967–68 | രാധാകൃഷ്ണൻ.സി.ആർ | എം.കോം | I |
| 1968–69 | രഘുനാഥൻ.ഐ | എം.കോം | I |
| 1970–71 | സി.ആർ.സത്യമൂർത്തി | എം.കോം | I |
| 1971–72 | റോബർട്ട്.പി.പാനക്കൽ | പ്രീ–ഡിഗ്രി | I |
| | ശശിധരൻ.എ. | പ്രീഡിഗ്രി | II |
| | പി.എം.എബ്രഹാം | ബി.കോം | I |
| | കെ.ശിവദാസൻ | എം.എസ്.സി.കെമിസ്ട്രി | I |
| | എം.കെ.ശക്തിധരൻ | എം.എസ്.സി.കെമിസ്ട്രി | III |
| | എൻ.വിജയൻ | എം.കോം | I |
| 1972–73 | കെ.വി.ജോസഫ് | ബി.കോം | II |
| | ടി.പി.കൃഷ്ണൻകുട്ടി | ബി.കോം | II |
| | ടോമിക്കുട്ടി തോമസ് | എം.എസ്.സി.കെമിസ്ട്രി | I |
| | എം.ആർ.ശിവരാമകൃഷ്ണൻ | എം.എസ്.സി.കെമിസ്ട്രി | II |
| | പി.വി.വേലായുധൻ നമ്പ്യാർ | എം.എസ്.സി.കെമിസ്ട്രി | III |
| | കെ.അരവിന്ദാക്ഷൻ. | എം.കോം | I |
| | ജേക്കബ്ബ് മാമ്പിള്ളി | എം.കോം | II |
| | കെ.കെ.ഗോപാലൻ | എം.കോം | III |
| 1973–74 | സോമശേഖരൻ.എ. | പ്രീ–ഡിഗ്രി | III |
| | കെ.ഗംഗാധരൻ | ബി.എസ്.സി ഫിസിക്സ് | I |
| 1974–75 | കെ.ജി.ജോസ് | എം.കോം. | I |
| | ടി.പി.കൃഷ്ണൻകുട്ടി | എം.കോം | II |
| 1975–76 | ഡൊമിനിക്.കെ.പുത്തൂർ | ബി.എസ്.സി കെമിസ്ട്രി | I |
| | എൻ.എൽ.ജോൺസൺ | എം.എസ്.സി.കെമിസ്ട്രി | II |
| | വി.എൽ.എബ്രഹാം | എം.കോം | II |
| 1976–77 | സി.എ.തോമാസ് | ബി.എസി.സി മാത്സ് | II |
| | തോമാസ്.ജെ.നെടുംമ്പറ | ബി.എസ്.സി.കെമിസ്ട്രി | II |
| 1977–78 | കെ.എൻ.സുനിൽ | പ്രീ–ഡിഗ്രി | I |
| | റോജൻ.കുരുവിള | പ്രീ–ഡിഗ്രി | II |
| | ടി.വി.വർഗ്ഗീസ് | ബി.എസ്.സി മാത്സ് | I |
| | കൂടത്തിൽ കൃഷ്ണൻ | എം.എസ്.സി.കെമിസ്ട്രി | II |
| | പി.സുകുമാരൻ | എം.എസ്.സി.കെമിസ്ട്രി | III |

| | | | |
|---|---|---|---|
| | എസ്.മാധവൻ | എം.എസ്.സി.സുവോളജി | II |
| | ഇ.കൃഷ്ണനന്ദൻ | എം.എസ്.സി.സുവോളജി | III |
| 1978–79 | ടി.ഐ.ജോൺസൺ | എം.എസ്.സി.കെമിസ്ട്രി | II |
| | കെ.ഗോപാലകൃഷ്ണൻ | എം.എസ്.സി.സുവോളജി | II |
| 1979–80 | സുരേഷ്കുമാർ.പി.ആർ | പ്രീ–ഡിഗ്രി | II |
| | ചന്ദ്രൻ.ഇ.ആർ | എം.എസ്.സി.സുവോളജി | I |
| | മുകുന്ദൻ.പി.ജി. | എം.എസ്.സി.സുവോളജി | II |
| 1980–81 | രാംദാസ്.എം.എം. | ബി.എസ്.സി.കെമിസ്ട്രി | I |
| | നാഗരാജൻ.പി.എ. | ബി.കോം | I |
| | ഉണ്ണികൃഷ്ണൻ.വി.വി | ബി.എസ്.സി.സുവോളജി | II |
| | സി.ഡി. പൗലോസ്. | എം.എസ്.സി.സുവോളജി | III |
| 1981–82 | സി.വി.ടോമി | ബി.എസ്.സി.ഫിസിക്സ് | II |
| | രവിവർമ്മരാജ | ബി.കോം | II |
| 1982–83 | എം.ശശികുമാർ | പ്രീ–ഡിഗ്രി | III |
| | വത്സരാജൻ എം.പി | ബി.എസ്.സി. സുവോളജി | III |
| | നാരായണൻ ബി. | എം.എസ്.സി. കെമിസ്ട്രി | III |
| 1983–84 | വർഗ്ഗീസ് ടി.വി. | ബി.എസ്.സി. മാത്സ് | I |
| | ബാബു ജോസഫ് | ബി.എസ്.സി. ജിയോളജി | I |
| | നന്ദനൻ ടി.വി. | ബി.എസ്.സി. ജിയോളജി | III |
| | ശ്രീകുമാർ ടി.കെ. | എം.എസ്.സി. കെമിസ്ട്രി | I |
| 1984–85 | ബെന്നി ജോർജ്ജ് | ബി.എസ്.സി.ജിയോളജി | II |
| | പ്രദീപ് കുമാർ എം.എൻ | ബി.എസ്.സി. ജിയോളജി | III |
| | ജയൻ യു. | ബി.എസ്.സി.ജിയോളജി | III |
| 1985–86 | വിനയൻ വി.ബി. | ബി.എസ്.സി.ജിയോളജി | II |
| | ദേവസ്യ കെ.പി. | എം.എ. ഇക്കണോമിക്സ് | I |
| | ഉല്ലാസ് എം.എ. | എം.എ. ഇക്കണോമിക്സ് | II |
| | ലോറൻസ് പി.വി. | എം.കോം | II |
| 1986–87 | ആന്റോ ഫ്രാൻസീസ് കെ. | ബി.എസ്.സി.ജിയോളജി | I |
| | അനിൽ കുമാർ എ.വി. | ബി.എസ്.സി. ജിയോളജി | II |
| | രഘുനന്ദനൻ വി.എം. | ബി.എസ്.സി.ജിയോളജി | III |
| | ബ്രിറ്റോ ജോസഫ് കെ. | എം.എസ്.സി.സുവോളജി | I |
| 1987–88 | മോഹൻ ദാസ് പി. | എം.എസ്.സി.കെമിസ്ട്രി | I |
| | ജോജു പി.ആന്റണി | ബി.എസ്.സി. ജിയോളജി | I |
| | ജെയ്മോൻ സണ്ണി | ബി.എസ്.സി.ജിയോളജി | III |
| 1988–89 | ബ്രദർ ജോസ് എൻ.പി. | ബി.എസ്.സി.ജിയോളജി | I |
| | സാജു മേനാച്ചേരി | ബി.എസ്.സി. ജിയോളജി | III |
| | രാമവർമ്മ നന്ദകുമാർ | ബി.എസ്.സി. ഫിസിക്സ് | II |
| | ബ്രദർ ജോസ് ടി.എം | ബി.എസ്.സി. കെമിസ്ട്രി | III |
| 1989–90 | അജിത്ത് ജോസ് കോക്കാട് | പ്രീ–ഡിഗ്രി | I |
| | അനീഷ് എം.ആർ | പ്രീ–ഡിഗ്രി | III |
| | ആന്റോ എം.സി. | ബി.എസ്.സി.ജിയോളജി | I |
| | ജോൺസൺ സി.പി. | ബി.എസ്.സി.ജിയോളജി | II |
| | വർഗ്ഗീസ് വി.എ. | ബി.എസ്.സി. ജിയോളജി | III |
| 1990–91 | ബിജു സൈമൺ | ബി.എസ്.സി.ജിയോളജി | I |
| | താജി ജോസഫ് | ബി.എസ്.സി. ഫിസിക്സ് | III |
| 1991–92 | ജെയ്ക്കബ് ജോസ് | ബി.എസ്.സി.ജിയോളജി | I |
| | ബിജു ജെയിംസ് | ബി.എസ്.സി. ജിയോളജി | II |
| 1992–93 | സജീവ് അരീക്കാട്ട് | ബി.എസ്.സി.ജിയോളജി | I |

| | | | |
|---|---|---|---|
| 1993-94 | രശ്മി എം.ആർ | എം.എസ്.സി. കെമിസ്ട്രി | II |
| | സിനു വി.ഡേവിസ് | എം.എസ്.സി. സുവോളജി | III |
| 1994-95 | ജിതേഷ് പി. ജോസഫ് | ബി.എസ്.സി. ഫിസിക്കൽ എജ്യു. | I |
| | പ്രിൻസി കെ.ജി. | എം.എസ്.സി. കെമിസ്ട്രി | I |
| | റഫീഖ് എ.എച്ച് | എം.എ ഇക്കണോമിക്സ് | I |
| 1995-96 | ഹരി കെ.പി. | ബി.എസ്.സി. ഫിസിക്കൽ എജ്യു. | I |
| | കെവിൻ എം.എസ് | ബി.എസ്.സി. ഫിസിക്കൽ എജ്യു. | II |
| | ബ്ലെസ്സി ജോബ് എലിഞ്ചേരി | ബി.എസ്.സി. ഫിസിക്കൽ എജ്യു. | III |
| | ഹരി കെ.എസ്. | ബി.എ. ഇക്കണോമിക്സ് | III |
| | രാജേഷ് കെ.ജി | ബി.എസ്.സി. ഫിസിക്സ് | III |
| | സ്റ്റാൻലി കെ.ഡി. | എം.കോം. | I |
| | മാധവൻ കെ. | എം.എസ്.സി. സുവോളജി | III |

**ക്രൈസ്റ്റിനെ പ്രതിനിധീകരിച്ച് പ്രശസ്തരായവർ :- കലാരംഗം**

1960 കളിൽ ഇവിടെയുണ്ടായിരുന്ന ജയശങ്കർ, മോഹൻദാസ്, രാമചന്ദ്രൻ, ജയറാം, വിജയൻ, ശിവകുമാർ തുടങ്ങിയവരായിരുന്നു കഥകളിക്കുവേണ്ടി നമ്മുടെ കോളേജിനെ പ്രതിനിധീകരിച്ചിരുന്നത്. ജയശങ്കർ ഇന്ന് ഡെൽഹിയിൽ ഇന്റർനാഷണൽലെവലിലുള്ള ഡാൻസ് സ്കൂൾ നടത്തുന്നു. രാമചന്ദ്രൻ ഇന്ന് നമ്മോടൊപ്പമില്ല, മോഹൻദാസ് കെ.എസ്.ഇ. ലിമിറ്റഡിന്റെ മാർക്കറ്റിങ്ങ് മാനേജരായി ജോലി നോക്കുന്നു. ജയറാം നമ്മുടെ കെമിസ്ട്രി വിഭാഗം തലവനും, വിജയൻ സ്റ്റേറ്റ് ബാങ്കിന്റെ ഡി.ജി.എം. ആണ്. ഇവർക്കുശേഷം ഇന്നത്തെ പ്രശസ്ത പിന്നണി ഗായകൻ ജയചന്ദ്രൻ, അക്ബർ, ഗബ്രിയേൽ, പനങ്ങോടൻ പോൾസൺ, കെ.പി. ജോണി, ജോർജ്ജ് ജോസഫ്, നളിനാക്ഷൻ, ബാലകൃഷ്ണൻ, ജോയ് മാത്യു, ശശികുമാർ, ഫ്രാൻസിസ്, ആന്റണി വർഗ്ഗീസ്, സുഭാഷ് കോന്നിക്കര, ഹരികുമാർ, ഇൻസ്ട്രമെന്റൽ മ്യുസിഷൻ നെൽസൺ എന്നിവർ എഴുപതുകാലഘട്ടങ്ങളിൽ ക്രൈസ്റ്റിനെ നയിച്ചു.

പ്രേമചന്ദ്രൻ, ജോയ്.പി.കെ, സി.പ്രേംകുമാർ തുടങ്ങിയവർ ഡാൻസിന് എൺപതുകളിൽ നേതൃത്വം കൊടുത്തുപോന്നവരാണ്. യൂണിവേഴ്സിറ്റി തലത്തിൽ 7 വർഷം തുടർച്ചയായി ഗ്രൂപ്പ് ഡാൻസിൽ ഒന്നാം സ്ഥാനം നേടിയ ടീമിലെ അംഗമായിരുന്ന ജോയ്.പി.കെ യും7 വർഷം ട്രിപ്പിൾ ജാസിൽ ഒന്നാമനായ ജോൺസ്.പി.കരേടനും കലാരംഗത്ത് ഉന്നതശീർഷരാണ്.

**കായികരംഗം**

അർജുന അവാർഡ് നേടിയ സിറിൽ. സി.വെള്ളൂർ, വോളിബോളിൽ പ്രശസ്തരായ പ്രദീപ്, ബിജു.എം.സി,ജോൺസൺ, അൻവർ, എൻ.സി. ചാക്കോ, എം.ഒ.ജോസ്, ജോർജ് സെബാസ്റ്റൻ. ആദ്യകാലത്ത് സംസ്ഥാന ബെസ്റ്റ് സ്പോർട്സ്മാൻ അവാർഡ് നേടിയ തോമസ് വർഗീസ് പിന്നീട് ഇവിടെതന്നെ അധ്യാപകനായിത്തീർന്നു.

ഫുട്ബോൾ രംഗത്ത് പ്രശസ്തരായ ഷെറഫ്അലി, പാപ്പച്ചൻ, എം.എഫ്.പോൾ, മൃഡാനന്ദൻ, ആന്റോവർഗ്ഗീസ്, ഇട്ടിമാത്യു, മാണിഎഡ്വിൻ, വർക്കിതരകൻ, കെ.എൽ ജോൺസൺ, ആന്റോ വർഗ്ഗീസ്, അരുണാചലം പിള്ള, കെ.സി.ജോയി , കെ.ജി.വിജയൻ, ദേവസിക്കുട്ടി, ജോസ്, ജോണി, ടോണി, ജോയ്

തോമാസ്, പൗലോസ് ബാബു, നന്ദകുമാർ, സുഭാഷ്, വിനോദ്, ജോഷോ, പ്രദീപ് ജോസ്, ബിജു ജോണി, സുനിൽകുമാർ, സനിൽ എം. കെ, ഗോഡ്‌വിൻ മിറാൻഡാ, ആന്റണി.എം.ജെ, സിനീഷ്.കെ, നെൽസൺ, ലേണൽ തോമസ്, ഷാജു.വി.പി. തുടങ്ങിയവരെല്ലാം ക്രൈസ്റ്റിന്റെ കളിക്കളത്തിൽ കളിച്ചു വളർന്നവർ.

വോളിബോളിൽ തോമസ് വർഗ്ഗീസ്, ജി.എ. ജോർജ്ജ്, ഭുവനദാസൻ, കെ.ആർ. പ്രതാപൻ, ജ്യോതി പ്രകാശൻ, തോമസ്, താരാനാഥൻ, സെബാസ്റ്റ്യൻ, ബേബി ജേക്കബ്, റോയി മാത്യു, അഭിജോൺ എന്നിവരും ക്രൈസ്റ്റിനെ ഉയരങ്ങളിലെത്തിച്ചു.

ടേബിൾ ടെന്നീസിൽ എ.സി. ജേക്കബ്, പോൾ.കെ.ആർ, ഉമേഷ്മോൻ. നീന്തലിൽ സുഭാനന്ദൻ, ദിനേശ്കുമാർ, എന്നിവിർ തങ്ങളുടെ കഴിവു തെളിയിച്ചു.

ഹൈജംബിൽ റെക്കോഡ് സ്ഥാപിച്ച രാജീവ്കുമാർ, ഏഷ്യൻ ഗെയിംസിൽ ട്രിപ്പിൾജംബിൽ ഇന്ത്യയെ പ്രതിനിധീകരിച്ച സുഭാഷ് ജോർജ്, തോമസ് വർഗ്ഗീസ്, സി.സി. വിശ്വംഭരൻ, ജോർജ്ജ് തര്യൻ, കരുണാകരൻ, ഒ.കെ. ശിവൻ, രത്നാകരൻ, പ്രിൻസ് വി.വി.പോൾ, മുഹമ്മദേശൻ, ജോസഫ് മാത്യു, റഫീക്ക് എ.എ., ജോൺസൺ എബ്രഹാം, ലോയിറ്റ് ജോസഫ്, കെ.ബാബുരാജ് , സ്റ്റീഫൻ.പി.കെ തുടങ്ങിയവർ അത്‌ലറ്റിക്സിലെ ചിലർ മാത്രം.

വെയിറ്റ് ലിഫ്റ്റിംങ്ങിൽ ഇപ്പോൾ ഇന്ത്യയുടെ പ്രതിനിധി ബ്ലസിജോബ് ക്രൈസ്റ്റ് കലാലയത്തിന്റെ യശസ്സ് ഉയർത്തിയിരിക്കുന്നു.

ഇവർക്കുപുറമെ ശ്രീ. എൻ.വി.മാധവൻ ഐ.എ.എസ്, കേന്ദ്രസാഹിത്യ അക്കാദമി സെക്രട്ടറി ശ്രീ. കെ.സച്ചിദാനന്ദൻ,രാഷ്ട്രീയ നേതാവായ ശ്രീ. കെ.വേണു, പ്രശസ്ത സിനിമാ പിന്നണി ഗായകൻ ശ്രീ. പി.ജയചന്ദ്രൻ, സിനിമാ സംവിധായകരായ മോഹൻ, കമൽ, പവിത്രൻ, സിനിമാ നിർമ്മാതാവ് മാണി സി.കാപ്പൻ, സിനിമാനടനായ ഇടവേള ബാബു, ബഹിരാകാശ വകുപ്പിലെ ഉന്നതനായ ശാസ്ത്രജ്ഞൻ രാധാകൃഷ്ണൻ, അമേരിക്കയിൽ താമസമാക്കിയ ലോകപ്രശസ്ത ശാസ്ത്രജ്ഞനായ മുരളീധരമേനോൻ, ഈയടുത്ത് വിമാനപകടത്തിൽ മരിച്ച ശാസ്ത്രജ്ഞനായ കെ.പി. ഷാജു, കേരള യൂണിവേഴ്സിറ്റിയിൽ പരീക്ഷാ കൺട്രോളറായിരുന്ന ഒ.കെ.ശ്രീധരൻ, സാഹിത്യകാരനായ കെ.ഗോവിന്ദൻ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ വി.എം.മനോഹരൻ, ചീഫ് ഫോറസ്റ്റ് കൺസർ വേറ്റർ മനോഹരൻ, തൃശ്ശൂർ ജില്ലാ സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി എ.ഡി. ഫ്രാൻസിസ്, ആർ.ഡി.ഒ. ഗുണവർദ്ധനൻ, ലഫ്റ്റനന്റ് കേണൽ കെ.എ.സണ്ണി, കേണൽ കെ.വി. പോൾ, ടി.പി.സെൻകുമാർ, ഐ.പി.എസ്. പ്രസിഡന്റിന്റെ സേനാ മെഡൽ നേടിയ ക്യാപ്റ്റൻ വി.കൃഷ്ണകുമാർ, ക്യാപ്റ്റൻ പി.കെ. കുമാർ, ക്യാപ്റ്റൻ വിനോദൻ, ക്യാപ്റ്റൻ കെ.എ. വേണുഗോപാൽ, ക്യാപ്റ്റൻ നന്ദകുമാരൻ പി.ഹവിൽദാർ വർഗ്ഗീസ്, ലഫ്റ്റനന്റ് കേണൽ ടി.കെ. സേതു മാധവൻ, എസ്.പി.യായിരുന്ന ദാസൻ, ഡി.വൈ.എസ്.പിമാരായ സുബ്രഹ്മണ്യൻ, ശ്രീനിവാസൻ, മോഹനൻ, രാമചന്ദ്രൻ പ്രസിഡന്റിന്റെ അവാർഡ് നേടിയ എസ്.ഐ. പി.ഡി.ജോയ് എന്നിവരും ക്രൈസ്റ്റിൽ പഠിച്ചു വളർന്നവർ.

പ്രശസ്തരായ അധ്യാപകരും ഇവിടെ

A.B Travels

E.T. BUILDING,
TANA-IRINJALAKUDA
PH:826806

PASSPORT ♦ EMIGRATION ♦ AIRTICKET ETC.

FAMOUS BUILDERS

FAMOUS BUILDERS
K.K.M. COMPLEX, OPP. FEDERAL BANK LTD.
TANA , IRINJALAKUDA
PH : 0488-827518

- COMPUTERISED BUILDING DESIGN
- INTERIOR DESIGN
- SUPERVISION
- ESTIMATES
- CONTRACTS

16MM
സിനിമാ പ്രദർശനത്തിന്

ആനന്ദ് ഫിലിംസ്

ഇ.ടി. ബിൽഡിംഗ്സ് (ഹോട്ടൽ അപ്പോള),തൃശ്ശൂർ റോഡ്, ഠാണാ ഇരിങ്ങാലക്കുട
ഫോൺ : ഓഫീസ് : 825806, 825724, റെസി : 869391

Best Compliments from

SOCIAL FORUM
DIOCESE OF IRINJALAKUDA

INSAT CENTRE

KAM SQUARE BUILDING,
TANA,IRINJALAKUDA.
E-Mail: sonnet@giasmd01.vsnl.net.in
PH: OFF: 827214, RES:825239

DTP
OFFSET PRINTING
SCREEN PRINTING
PHOTOSTAT
KEY DUPLICATION

hp HEWLETT® PACKARD
ACCREDITED RESELLER

- Net servers, Brio, Vectra Kayak Computer Systems
- Flat bed Scanner, Laser Printers
- Inkjet printers
- Design jet printers & Plotter

Magna

Magna Digitech
4/188, Cathedral View,Irinjalakuda
Ph: 0488-820522,821822
E-mail:magnain@md3.vsnl.net.in

യുണ്ടായിരുന്നു. പ്രൊഫ. അരുവാമുദം അയ്യ ങ്കാർ, പ്രൊഫ. ജോസഫ് പെട്ട, പ്രൊഫ. ഈശ്വരയ്യർ, പ്രൊഫ. എ.വെങ്കിടാചലം, പ്രൊഫ.ശേഷഗിരിറാവു, പ്രൊഫ.എ.സി.ജോ സഫ്, പ്രൊഫ. എം.എ.ജോൺ, പ്രൊഫ. കെ.എ. ജോസഫ്, പ്രൊഫ. പി.എസ്. വെങ്കിടേശ്വരൻ, പ്രൊഫ. പി.ഐ.പോൾ, പ്രൊഫ. രാമകൃഷ്ണ അയ്യർ, പ്രൊഫ. സി.പി. ഇളയത്, പ്രൊഫ. മാമ്പുഴ കുമാരൻ, പ്രൊഫ. ജോസഫ് മീനാട്ടൂർ, പ്രൊഫ. ജോസഫ് മാണി, പ്രൊഫ. പത്മനാഭ പിള്ള, പ്രൊഫ. എം.കെ.വർഗീസ്, പ്രൊഫ. രാമ വർമ്മ, പ്രൊഫ. പി.എൻ.ആർ നമ്പീശൻ, പ്രൊഫ. പി.പി.ജോസഫ്, പ്രൊഫ. ജോസഫ്.പി. തോമസ്, പ്രൊഫ. ശ്രീനിവാസൻ, പ്രൊഫ. ടി. വി.ഔസേഫ്,പ്രൊഫ. ടി.വി.ജോർജ്, പ്രൊഫ. സേഠ്, പ്രൊഫ. എം.എ.ചാണ്ടി, ഡോ.സി.കെ. ജി. നായർ, പ്രൊഫ.നാരായണൻ നായർ, പ്രൊഫ.പീസ് ജോൺസൺ, പ്രൊഫ. ബാസ്റ്റ്യൻ ജോസ്, ഫാ. അഡോൾഫസ്, ഫാ. ബെനിഫസ്, പ്രൊഫ. എൻ. നാരായണൻ കുട്ടി, പ്രൊഫ. സി.ജെ.ശിവശങ്കരൻ, പ്രൊഫ. ജി.ലക്ഷ്മിനാരായണൻ,സാഹിത്യകാര നായ ശ്രീ.കെ. സച്ചിദാനന്ദൻ, പ്രൊഫ. ഒ.ടി.പീ റ്റർ, പ്രൊഫ. കൈതയിൽ ജോസഫ്, പ്രൊഫ. കെ.എം. ടോം, ഫാ. ജോൺ തോട്ടപ്പിള്ളി, പ്രൊഫ. പി.പി. സൈമൺ, പ്രൊഫ. എം.ഡി. കുര്യൻ, പ്രാഫ. ടി.ടി. തോമാസ്, പ്രൊഫ. ടി.ടി. ജോസഫ്, പ്രൊഫ. പി.എ. തോമാസ് ഇന്നത്തെ പ്രയോർ ജനറൽ ഫാ. അലക്സ് ഊക്കൻ, ഫാ. പിയൂസ് ഊക്കൻ, ഫാ. ബെനറ്റ് കുര്യൻ തുട ങ്ങിയവരെല്ലാം അധ്യാപനത്തിൽ പ്രശസ്തരാ യവർ. ക്രൈസ്റ്റിലെ സാഹിത്യകാരനായി രുന്ന ലൈബ്രേറിയനായിരുന്നു ശ്രീ. കെ.ബി. അമ്മൂഞ്ഞി. ആദ്യകാലത്ത് ലൈബ്രേറിയനായും ഇംഗ്ലീഷ് ട്യൂട്ടറായും സേവനമനുഷ്ഠിച്ചിട്ടുള്ള സ്റ്റാൻലി പോളും സ്മരണീയനത്രേ.

**വിമർശനങ്ങൾ**

മതസൗഹാർദ്ദ സാംസ്കാരിക രംഗങ്ങ ളിലും ഉന്നത വിദ്യഭ്യാസ മേഖലയിലും ഇരിങ്ങാ ലക്കുടയെ ഉന്നതങ്ങളിലെത്തിക്കുന്നതിന് സഹായിച്ച ക്രൈസ്റ്റ് കലാലയവും സമൂഹ ത്തിനു സംഭവിച്ച മൂല്യശോഷണങ്ങളെ പ്രകടി പ്പിക്കുന്നുണ്ട്.

ഇന്ന് എല്ലാ രംഗങ്ങളിലും കാണുന്നതു പോലെ ക്രൈസ്റ്റിലെ അധ്യാപക-വിദ്യാർത്ഥി കൾക്കും ഇത് സംഭവിച്ചിട്ടുണ്ട് . പഴയ അധ്യാപ കരുടെ ലക്ഷ്യം പഠിപ്പിക്കലും, പഠിക്കലുമായി രുന്നു. സമൂഹത്തിന്റെ ഓരോ ഉയർച്ചകളിലും അവരുടെ സഹായങ്ങൾ വളരെ വ്യക്തമാണ്. പക്ഷെ പഴയ മൂല്യങ്ങൾ കാക്കുന്ന അധ്യാപ കരെ അപൂർവ്വമായേ നമുക്കിന്ന് കാണുവാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ ഉപഭോക്തൃ സംസ്ക്കാരത്തിന്റെ ഭീതിദമായ വളർച്ചയും മറ്റും അധ്യാപകരെ ഒരു പരിഷ്കർത്താവ് എന്നതിലു പരി ഒരു തൊഴിലാളിയാക്കി മാറ്റുന്നു. ഇതുമൂലം അധ്യാപക-വിദ്യാർത്ഥി ബന്ധത്തിൽ ഒരു വിടവു സൃഷ്ടിക്കപ്പെടുന്നു. ഈ അകൽച്ച മാറ്റിയെടുത്ത് ആശയപരമായ ഐക്യാനൈക്യ ങ്ങൾ ശക്തമായി ചർച്ച ചെയ്യ പ്പെടുന്നതായിട്ടു ള്ള ഒരു ബന്ധം ഗുരു ശിഷ്യന്മാർ തമ്മിൽ സ്വയം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

ക്രൈസ്റ്റിലിന്ന് നിലവിലുള്ള സൗകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നത് വിമർശന വിധേയമാക്കേണ്ട ഒന്നാണ്.

നമ്മുടെ അഭിമാനമായ കോളേജ് ലൈബ്രറിയിൽ അമ്പത്തിഅയ്യായിരത്തിൽപരം ബുക്കുകളും നൂറ്റിഇരുപത്തഞ്ചോളം ജേർണലുകളും മറ്റുമുണ്ട്. ഇത് നല്ലപോലെ വിദ്യാർത്ഥികൾ ഉപയോഗിക്കാൻ ശ്രദ്ധിക്കണം.

കോളേജ് മ്യൂസിയം സയൻസ് വിഭാഗം വിദ്യാർത്ഥികൾക്കു വേണ്ടി മാത്രമാകാതെ ആർട്സ് മേഖലയിലെ വിദ്യാർത്ഥികൾക്കുകൂടി ഉപകാരപ്പെടുന്നതരത്തിലുള്ള സംവിധാനമേർപ്പെടുത്തേണ്ടിയിരിക്കുന്നു.

യു.ജി.സി. സംഘത്തിനു പോലും അത്ഭുതമുളവാക്കിയ കോമേഴ്സ് മ്യൂസിയത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ഒരുപാട് വിദ്യാർത്ഥികൾക്ക് വിജ്ഞാനപ്രദമായിരുന്ന കോമേഴ്സ് മ്യൂസിയം പുനരുദ്ധരിക്കാനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുണ്ടാവാത്തത്, വല്ലാത്ത വീഴ്ചയായേ വരും തലമുറ വിലയിരുത്തൂ.



കോളേജ് മ്യൂസിയം


പുതിയ ബിരുദകോഴ്സായ ഫങ്ഷണൽ ഇംഗ്ലീഷ് നമ്മുടെ കലാലയത്തിൽ ആരംഭിച്ചതോടുകൂടി ഭാഷാലാബിന്റെ ആവശ്യകതയെക്കുറിച്ച് സ്പർശിക്കണമെന്നു തോന്നുന്നില്ല. നല്ലപോലെ പ്രവർത്തിച്ചുവന്ന ഭാഷാലാബ്; ഉപകരണങ്ങളുമായി വിദ്യാർത്ഥികളെ കാത്തു കിടക്കുകയാണ്. ഭാഷാലാബിന്റെ ചുമതലയുള്ളവർ ഈ അവസ്ഥക്ക് പരിഹാരമുണ്ടാക്കുവാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മറ്റു കലാലയങ്ങളിൽ നിന്ന് വ്യത്യസ്തമായി ക്രൈസ്റ്റ് കോളേജിന് സ്വന്തമായി ഒരു പ്രാർത്ഥനാ ഗീതമുണ്ട്. ആദ്യകാലത്ത് കോളേജിൽ നടക്കുന്ന ഏതൊരു പരിപാടിക്കും ഈ പ്രാർത്ഥനാഗീതമാണ് ആലപിച്ചിരുന്നത്. സഹ വിദ്യാഭ്യാസം ആരംഭിച്ചശേഷം ഈ ശൈലി നിന്നുപോയിരിക്കുന്നു. കോളേജിന്റെ തനതായ പ്രാർത്ഥനാ ഗീതമേ കോളേജിലെ പരിപാടികൾക്ക് ആലപിക്കാവൂ എന്ന നിബന്ധന ഏർപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മുൻകാലങ്ങളിൽ ക്രൈസ്റ്റിലെ പ്രവർത്തനങ്ങളിൽ വിശിഷ്ടാതിഥികളായി എത്തിയിരുന്നത് ഇന്ത്യയിലെ തന്നെപ്രമുഖ വ്യക്തികളായിരുന്നു. ഇത് കോളേജിന്റെ പ്രശസ്തിയെ കുറച്ചുകൂടി ഉന്നതിയിലെത്തുന്നതിന് സഹായിച്ചിരുന്നു. പക്ഷേ കഴിഞ്ഞകുറേ വർഷങ്ങളായിഇത്തരം പ്രവർത്തനങ്ങളിൽ നാം പരാജയപ്പെട്ടിരിക്കുന്നു.

ആദ്യകാലങ്ങളിൽ കായികമേഖലയിൽ അനിഷേധ്യസ്ഥാനമുണ്ടായിരുന്ന ക്രൈസ്റ്റ് കോളേജിന്റെ ഇന്നത്തെ സ്ഥിതിയെന്ത്? 'കായികവിഭാഗം' വന്നതിനുശേഷമാണ് അത്‌ലറ്റിക്സ് മേഖലയിലും മറ്റും ക്രൈസ്റ്റ് കോളേജ് പിന്നോക്കമായത് എന്ന് സ്ഥിതി വിവരക്കണക്കുകൾ തെളിയിക്കുന്നു.

ക്രൈസ്റ്റിലെ ഉത്സവങ്ങളിലൊന്ന്



ക്യാംപസ് ഉത്സവം 1997

ആർട്ട്സ് മേഖലയെ രണ്ടാം തരമായി കണക്കാക്കുന്നത് ക്രൈസ്റ്റ് കലാലയത്തിന് സംഭവിച്ച വലിയൊരു പാളിച്ചയാണ്. ഏതൊരു കലാലയത്തിന്റെയും സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സഹായകരമായി വർത്തിക്കുക അവിടത്തെ ആർട്ട്സ് മേഖലയായിരിക്കും. ശാസ്ത്രത്തോടുള്ള അമിതമായ ആഭിമുഖ്യം, പരസ്പരമറിയാത്ത അദ്ധ്യാപക – വിദ്യാർത്ഥികളെ സൃഷ്ടിച്ചതുവഴി ക്രൈസ്റ്റ് കലാലയത്തിലെ അദ്ധ്യാപക വിദ്യാർത്ഥികൾക്ക് സംഭവിച്ച മൂല്യച്യുതിയിൽ നിസ്സാരമല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്.

**ഉപസംഹാരം**

ക്രൈസ്റ്റ് കലാലയത്തിന്റെ ചരിത്രത്തെ പൊതുവെ വിലയിരുത്തുമ്പോൾ എത്തിച്ചേരുന്ന ഒരു വസ്തുത പുതിയ തലമുറക്ക് കലാലയത്തോട് പഴമക്കാർക്കുള്ള തരത്തിലുള്ള വൈകാരിക ബന്ധം ഇല്ലാതാകുന്നു എന്നതാണ്.

വിദ്യാർത്ഥികളും, അദ്ധ്യാപകരും, പൊതുജനങ്ങളും, മാനേജ്മെന്റും ഒത്തൊരുമിച്ച് ആദ്യകാലങ്ങളിൽ പ്രവർത്തിച്ചത് ഉന്നതമായ ഒരേ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടായിരുന്നു. പക്ഷെ ഇന്നിൽ നിന്ന് നോക്കുമ്പോൾ ഇവ നാലിന്റെയും ലക്ഷ്യങ്ങളിൽ പല വ്യതിയാനങ്ങളും വന്നിരിക്കുന്നത് കാണാം. –ക്രൈസ്റ്റ് കലാലയത്തിന്റെ സ്ഥാപിത ലക്ഷ്യം പലപ്പോഴും മറന്നുപോകുന്നു. വിദ്യാർത്ഥികൾക്കാകട്ടെ ഇതേക്കുറിച്ചറിയുമോ എന്നതും സംശയം – ലക്ഷ്യങ്ങളിലെ ഈ ചെറിയ അന്തരം വലുതാകാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മറ്റു കലാലയങ്ങളെല്ലാം തന്നെ ഏതെങ്കിലും ചില മേഖലകളിൽ മാത്രം പ്രശസ്തമാകുകയും ആ മേഖലകളിൽ താത്കാലികമായുണ്ടാകുന്ന വ്യതിചലനങ്ങൾ പോലും അവരുടെ പ്രശസ്തിയെ ബാധിക്കുകയും ചെയ്യുമ്പോൾ ക്രൈസ്റ്റ് കലാലയം പൊതുവെ എല്ലാ മേഖലകളിലും ശരാശരിയേക്കാൾ ഉയർന്ന നിലവാരം സ്ഥിരമായി പുലർത്തിപ്പോന്നു എന്നു കാണാം. അതുതന്നെയാണ് ഈകലാലയത്തിന്റെ പ്രശസ്തിയിൽ സ്വല്പം പോലും ഭ്രംശം സംഭവിക്കാതിരുന്നതെന്നും അനുമാനിക്കുന്നു.

വരും കാലങ്ങളിൽ ക്രൈസ്റ്റ് കലാലയത്തിന് അതിന്റെ കീർത്തി കൂടുതൽ ഉയരത്തിൽ എത്തിക്കുവാൻ കഴിയട്ടെ.

## ക്രൈസ്റ്റ് കോളേജ്-സ്മൃതിപഥങ്ങളിലൂടെ ...

| | |
|---|---|
| 1955മെയ് 20 | കോളേജ് ജനകീയ സമിതിയുടെ രൂപീകരണം. |
| ജൂൺ 18 | കോളേജ് തുടങ്ങുവാൻ സർവ്വകലാശാല യുടെ അനുമതി. |
| ഒക്ടോബർ 24 | കോളേജിന്റെ പ്രധാന കെട്ടിടത്തിന്റെ ശിലാസ്ഥാപനം റവ. ഫാ. മാവുരൂസ്, പ്രിയോർ ജനറൽ നിർവ്വഹിച്ചു. |
| 1956 ഫെബ്രു. 23 | പതിനാലിൽപ്പരം ഏക്കർ, മുനിസിപ്പാലിറ്റി പുറമ്പോക്ക് സ്ഥലം ലഭിച്ചു. |
| ജൂൺ 17 | കോളേജിന്റെ ആശിർവാദം തൃശൂർ മെത്രാൻ ഡോ. ജി.സി. ആലപ്പാട്ട് നിർവ്വഹിച്ചു. |
| ജൂൺ 18 | ക്ലാസുകൾ തുടങ്ങി (ഫാ. ഗബ്രിയേൽ പ്രിൻസിപ്പാൾ, ഫാ. ക്ലെമൻസ് മാനേജർ) |
| ജൂലൈ | യൂണിവേഴ്സിറ്റി പരിശോധക സംഘ ത്തിന്റെ കോളേജ് സന്ദർശനം. |
| 1957 ജൂൺ | പ്രധാനകെട്ടിടം പണിപൂർത്തിയായി. കെമിസ്ട്രി, ജന്തുശാസ്ത്രം, കോമേഴ്സ് എന്നീ വിഷയങ്ങൾക്കുള്ള ബിരുദ കോഴ്സുകൾ ആരംഭിച്ചു. |
| ഒക്ടോബർ 13 | കോളേജിന്റെ ഔദ്യോഗിക ഉദ്ഘാടനം കേരളഗവർണർ ബി.രാമകൃഷ്ണറാവു നിർവ്വഹിച്ചു. |
| ഡിസംബർ | ജൂനിയർ ഹോസ്റ്റൽ കെട്ടിടം പൂർത്തിയായി. |
| 1957–58 | കണ്ടംകുളത്തി ട്രോഫിക്കുവേണ്ടിയുള്ള ഫുട്ബോൾ ടൂർണമെന്റ് ആരംഭിച്ചു. |
| 1958 ജൂൺ | സാമ്പത്തികശാസ്ത്രത്തിനുള്ള ബിരുദകോഴ്സ് ആരംഭിച്ചു. |
| 1960 ജൂൺ | പൂർവ്വവിദ്യാർത്ഥി അസോസിയേഷൻ രൂപീകരിച്ചു. ഫിസിക്സ് വിഷയത്തിനുള്ള ബിരുദ കോഴ്സ് ആരംഭിച്ചു. |
| സെപ്തംബർ | വിദ്യാർത്ഥിഭവൻ ഹോസ്റ്റൽ പണി പൂർത്തിയായി |
| ഒക്ടോബർ 30 | പ്രധാന ഹോസ്റ്റലിന്റെ ഉദ്ഘാടനം ആഭ്യന്ത്യരമന്ത്രി ശ്രീ.പി.ടി.ചോക്കോ നിർവ്വഹിച്ചു. |
| 1961 ജൂൺ | കോമേഴ്സ്, ജന്തുശാസ്ത്രം വിഷയങ്ങ ളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങി. |
| 1961–62 | സ്റ്റുഡൻസ് സെന്ററും വിനോദ തൊഴിൽശാലയും തുറന്നു. |
| 1963 ഫെബ്രു | ഓഡിറ്റോറിയം (ഇന്നത്തെ ലൈബ്രറി) പൂർത്തിയായി, കോളേജ് വികസന കമ്മറ്റി രൂപീകരിച്ചു. |
| ജൂൺ | ക്രൈസ്റ്റ് കോളേജ് വനിതാവിഭാഗം പ്രവർത്തനമാരംഭിച്ചു, ഗണിതശാസ്ത്ര ത്തിനുള്ളബിരുദകോഴ്സ് ആരംഭിച്ചു. |
| 1964 ജൂൺ | ക്രൈസ്റ്റ് കോളേജ് വനിതാവിഭാഗം സെന്റ് ജോസഫ്സ്കോളേജ് ആയി വേർപ്പെടുത്തി, രണ്ടുവർഷ പ്രീ-ഡിഗ്രി കോഴ്സ് തുടങ്ങി. |
| ആഗസ്റ്റ് 23 | ക്രൈസ്റ്റ് ആശ്രമം പുതിയകെട്ടിടത്തി ലേക്ക്, ജൂനിയർ ഹോസ്റ്റൽ പൂർണമായും വിദ്യാർത്ഥികൾക്ക്. |
| 1965ഡിസം. 2 | കേരള ഗവർണർ എ.പി.ജെയിൻ കോളേജ് സന്ദർശിച്ചു. |
| 1966 ജൂൺ | കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിച്ചു. |
| ഡിസംബർ | കോളേജിന്റെ പത്താം വാർഷികാഘോഷ ങ്ങൾ. കേരളാഗവർണർ ഭഗ്വാൻസഹായ് അധ്യക്ഷത വഹിച്ചു. കോമേഴ്സ് സുവോളജി എന്നിവക്കുള്ള കെട്ടിടങ്ങ ളുടെ പണി പൂർത്തിയായി, കോളേജ് ഉദ്യാനം പൂർത്തിയായി. |
| 1967 ജനുവരി | പൂർവ്വ വിദ്യാർത്ഥി ട്രോഫിക്കുള്ള വോളിബോൾ ടൂർണമെന്റ് ആരംഭിച്ചു. |
| 1968 | കോളേജ് കാലിക്കറ്റ് യൂണിവേഴ്സിറ്റി യുടെ കീഴിലായി. |
| ഒക്ടോബർ26 | യു.ജി.സി. സംഘം കോളേജ് സന്ദർശിച്ചു. |
| 1969 ഫെബ്രു 1 | കോളേജ് ദിനാഘോഷം ഉപരാഷ്ട്രപതി വി.വി. ഗിരിയുടെ അധ്യക്ഷതയിൽ നടന്നു. |
| 1970–71 | വോളിബോൾ, ബാസ്കറ്റ്ബോൾ, ടെന്നീസ്, ഷട്ടിൽ,ബാഡ്മിന്റൺ എന്നിവയിൽ വിജയിച്ച് സർവ്വകലാശാല ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. |
| 1971 മെയ് 26 | കോളേജ് ചാപ്പൽ ആശിർവദിച്ചു. |
| 1971–72 | കെമിസ്ട്രി കെട്ടിടം, സ്റ്റേഡിയം എന്നിവ പൂർത്തിയായി. |
| 1973 മെയ് 8 | ലൈബ്രറി കെട്ടിടത്തിന്റെ (ഇന്നത്തെ ഓഡിറ്റോറിയം) ശിലാസ്ഥാപനം. |
| 1975 മാർച്ച് 17 | പുതിയ ലൈബ്രറികെട്ടിടത്തിന്റെ (ഇന്നത്തെ ഓഡിറ്റോറിയം) ഉദ്ഘാടനം കേന്ദ്ര മന്ത്രി ശ്രീ. എം.എം.തോമസ് നിർവ്വഹിച്ചു. |
| മാർച്ച് 31 | പ്രഥമ പ്രിൻസിപ്പാളായിരുന്ന ഫാ. ഗബ്രിയേൽ വിരമിച്ചു. |
| ഏപ്രിൽ 1 | ഫാ. ജെ.വി. അമ്പൂക്കനെ പ്രിൻസിപ്പാളായി നിയമിച്ചു. |
| ആഗസ്റ്റ് 31 | സ്റ്റാഫ് ഹോസ്റ്റൽ നിർമ്മാണം |
| 1976 ഏപ്രിൽ 30 | യു.ജി.സി. സംഘം കോളേജ് സന്ദർശിച്ചു. |
| ജൂൺ | സംസ്കൃതം ഉപഭാഷയായി പഠിപ്പിച്ചു തുടങ്ങി. |
| ഒക്ടോബർ 29 | എട്ടാമത് സർവ്വകലാശാല കായികമേള. |
| 1978–79 | ഗവേഷണത്തിനുള്ള പരീക്ഷണശാലയും |

| | |
|---|---|
| ഒക്ടോബർ 29 | എട്ടാമത് സർവ്വകലാശാല കായികമേള. |
| 1978-79 | ഗവേഷണത്തിനുള്ള പരീക്ഷണശാലയും അക്വേറിയവും പണികഴിച്ചു. |
| 1979-80 | ഷിഫ്റ്റ് സമ്പ്രദായം തുടങ്ങി. കൂടുതലായി നാല് ബാച്ച് ക്ലാസുകൾ കൂടി പ്രി-ഡിഗ്രി വിഭാഗത്തിൽ തുടങ്ങി. |
| 1980 ഒക്ടോ.1 | കെമിസ്ട്രി വിഷയത്തിനുള്ള പരീക്ഷണ ശാലയടക്കമുള്ള കെട്ടിടം പൂർത്തിയായി. |
| 1981 ഡിസം. | ജിയോളജി വിഷയത്തിലുള്ള ബിരുദ കോഴ്സ് തുടങ്ങി. |
| 1982 മാർച്ച് 4-8 | കോളേജിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ. |
| നവംബർ | സാമ്പത്തിക ശാസ്ത്രത്തിനുള്ള ബിരുദാനന്തര ബിരുദ കോഴ്സ് തുടങ്ങി. |
| 1985 മാർച്ച് | ഭാഷാലാബ് പൂർത്തിയായി |
| ഏപ്രിൽ 20 | ഫാ. ജെ.വി. അമ്പൂക്കൻ അവധിയിൽ പ്രവേശിച്ചു, ഫാ. ജോസ് സ്റ്റീഫനെ പ്രിൻസിപ്പാളായി നിയമിച്ചു. |
| 1987 | സർവ്വകലാശാല കലാ മത്സരത്തിൽ രണ്ടാം സ്ഥാനം നേടി. |
| സെപ്തം. 15 | പ്രിൻസിപ്പാൾ ജെ.വി. അമ്പൂക്കൻ വിരമിച്ചു. |
| 1989 ഫെബ്രു. | ഡിസോൺ,ഇന്റർസോൺ കലാമത്സരങ്ങളിൽ കിരീടം. |
| ജൂൺ | വിദ്യാർത്ഥികളുടെ എണ്ണവും ക്ലാസും നിലനിർത്തികൊണ്ട് ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കി. |
| 1990 ജൂൺ | ബിരുദാനന്തര ബിരുദ കോഴ്സുകളായ സാമ്പത്തിക ശാസ്ത്രത്തിനും കെമിസ്ട്രിക്കുമുള്ള വിദ്യാർത്ഥികളുടെ എണ്ണം യഥാക്രമം 20, 10 എന്നിങ്ങനെയായി വർദ്ധിപ്പിച്ചു. |
| ഒക്ടോബർ 23 | ഫിസിക്കൽ എജൂക്കേഷനുള്ള ബി.എസ്.സി. ബിരുദകോഴ്സ് തുടങ്ങി. |
| 1991 ഏപ്രിൽ 23 | ഫാ. തോമസ്. എ. അച്ചാണ്ടിയെ പ്രൻസിപ്പാളായി നിയമിച്ചു. |
| 1992-93 | ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് സഹവിദ്യാസ സമ്പ്രദായം തുടങ്ങി. |
| 1994 ഏപ്രിൽ 22 | ഫാ. ജോസ് ചിറ്റിലപ്പിള്ളി പ്രിൻസിപ്പാളായി ചുമതലയേറ്റു. |
| ഒക്ടോബർ 6 | ബി.എസ്.സി. ഫിസിക്കൽ എജൂക്കേഷൻ ബി.പി.ഇ കോഴ്സ് ആക്കി മാറ്റി. ഫിസിക്സ് വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് തുടങ്ങി. |
| 1995 നവംബർ 11 | കുര്യാക്കോസ് ഏലിയാസ് സെമിനാർ ഹാൾ ആശിർവാദം നടത്തി. |
| 1996 | |
| ഫെബ്രു. 7 | ബി.പി.ഇ കോഴ്സിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ നിർവ്വഹിച്ചു. |
| ആഗസ്റ്റ് 3 | പുതിയ കെട്ടിടത്തിന്റെ (ആർട്സ് ബ്ലോക്ക്) ഒന്നാം നിലയുടെ ആശിർവാദം. |
| നവംബർ 1 | കാലിക്കറ്റ് സർവ്വകലാശാലയിലെ ഏറ്റവും നല്ല കോളേജിനുള്ള രാജീവ് ഗാന്ധി മെമ്മോറിയൽ ട്രോഫി നേടി. |
| 1996-97 | എൻ.സി.സി.പെൺകുട്ടികളുടെ വിഭാഗം ആരംഭിച്ചു. സർവ്വകലാശാല കലാമസ്തരത്തിൽ രണ്ടാം സ്ഥാനം നേടി |
| 1998 മാർച്ച് 31 | പ്രിൻസിപ്പാൾ ഫാ.ജോസ് ചിറ്റിലപ്പിള്ളി വിരമിച്ചു. |
| ഏപ്രിൽ 1 | ഫാ.തോമസ് ചക്രമാക്കലിനെ പ്രിൻസിപ്പാളായി നിയമിച്ചു. |
| 1998-99 | പ്രീ-ഡിഗ്രി. കോളേജിൽ നിന്ന് വേർപെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് ബാച്ചുകൾ വേർപ്പെടുത്തി. ഫങ്ഷണൽ ഇംഗ്ലീഷ് എന്ന പുതിയ ബിരുദ കോഴ്സ് ആരംഭിച്ചു. |

ABC IBM
Prop: Bonny Varghese
Phone : 0488 - 826875.
Resi : 820426.
COMPUTER ASSOCIATES
Safa complex, Masjid Road,
Kokkalai, Trichur, S. India.
Phone & Fax : 0487 - 428181
5/1494 H, N.M.A. Buildings
Manorama Jn. Calicut - 6.
Phone & fax : 0495 - 758816
DEALERS OF : COMPUTERS & ACCESSORIES, SPARES & PERIPHERALS,
STATIONARES & CONSUMABLES ANNUAL MAINTENANCE CONTRACTS.

Ph: 824081
Pager No. 9652 - 770090

C net Computers

THE COMPUTER PROFESSIONALS

Cnet

ZENITH

ST. THOMAS CATHEDRAL
150 TH JUBILEE MEMORIAL SHOPPING COMPLEX,
Near Town Co - operative Bank ,
Tana, Irinjalakuda, Ph: 824081

For Personal Computers, Office Automation,
Maintanance Contract,Net Working,
Peripherals, Printers, Stabilizer & UPS

പ്രിൻസ് മെഡിക്കൽസ്

&

ഒപ്റ്റിക്കൽസ്

പുതിയ ബസ്റ്റാൻഡ് ബിൽഡിംഗ്,
നട, ഇരിങ്ങാലക്കുട
ഫോൺ : 826474

പ്രവർത്തന സമയം: 7.00 a.m. to 10.00 p.m.

## ഓർമ്മകൾ പങ്കുവെച്ചവർ

ഫാ. ഗബ്രിയേൽ C.M.I.
ശ്രീ. കെ.എൽ. ഫ്രാൻസിസ്
ശ്രീ. കെ.വി.രാമനാഥൻമാസ്റ്റർ
ശ്രീ. കെ.പി. ജോൺ
ശ്രീ. എം.സി. പോൾ
ശ്രീ. കെ.എൽ. ജോൺ
ശ്രീ. പൗലോസ് പറമ്പത്ത്
ശ്രീ. അഡ്വ. ടി.ഒ. പോൾ
ശ്രീ. വി. രാമകൃഷ്ണൻ
ശ്രീ. മൂർക്കനാട് സേവ്യർ
സിസ്റ്റർ ഫ്രാങ്കോ C.H.F.
പ്രൊഫ. സി.പി. ഇളയത്
പ്രൊഫ. റോസ് വില്യംസ്
പ്രൊഫ. ആർ. ജയറാം
പ്രൊഫ. ജോർജ്ജ് എസ്. പോൾ
ഫാ. ജോസ് ചിറ്റിലപ്പിള്ളി C.M.I.
ഫാ. ജോസ് ചുങ്കൻ C.M.I.
ഫാ. തോമസ് ചക്രമാക്കൽ C.M.I.
പ്രൊഫ. ജോസഫ് പി. തോമസ്
പ്രൊഫ. ജോസഫ് മാണി
പ്രൊഫ. മാമ്പുഴ കുമാരൻ
പ്രൊഫ. ജോസഫ് മീനാട്ടൂർ
പ്രൊഫ. ടി.വി. ഔസേഫ്
പ്രൊഫ. എൻ. നാരായണൻകുട്ടി
പ്രൊഫ. പി.പി. സൈമൺ

## പരിശോധിച്ച ഗ്രന്ഥങ്ങൾ

| | |
|---|---|
| കേരള ചരിത്രം | ഏ.ശ്രീധരമേനോൻ |
| കൊച്ചിൻ സ്റ്റേറ്റ് മാനുവൽ | സി.അച്യുതമേനോൻ |
| കേരളത്തിലെ സ്ഥലചരിത്രങ്ങൾ | വി.വി.കെ. വാലത്ത് |
| കേരള ചരിത്ര നിഘണ്ടു | എസ്.കെ വാസന്തൻ |
| തിരുവനന്തപുരത്തിന്റെ ഇതിഹാസം | പട്ടം ജി. രാമചന്ദ്രൻ നായർ |
| സാഹിത്യകാര ഡയറി | കേരളസാഹിത്യഅക്കാദമി |
| ഇന്നത്തെ സാഹിത്യകാരന്മാർ | സി.പി. ശ്രീധരൻ |
| സംഗമം | ശ്രീകൂടൽമാണിക്യതിരവുത്സവ സ്മരണിക 1998 |
| നീണ്ട തപസ്യ | കെ.എസ്.ഇ. ലിമിറ്റഡ് |
| വിജ്ഞാന വീഥി | |
| നഗരസഭ സിൽവർ ജൂബിലി പതിപ്പ് 1962 | |
| നഗരസഭ സമഗ്രവികസന രേഖ 1996 | |
| മഹാത്മാഗാന്ധി ലൈബ്രറി - ശതവാർഷിക സ്മരണിക | |
| സെന്റ് തോമാസ് കത്തീഡ്രൽ ഇരിങ്ങാലക്കുട ജൂബിലിസ്മരണിക 1996 | |
| ക്രൈസ്റ്റ് കോളേജ് - ധനശേഖര കമ്മിറ്റി പ്രസിദ്ധീകരണം 1957 | |
| ക്രൈസ്റ്റ് കോളേജ് മാഗസിനുകൾ 1956 - 1998 | |
| ഫാ. ഗബ്രിയേൽ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മരണിക | |
| സെന്റ് ജോസഫ്സ് കോളേജ് സിൽവർ ജൂബിലി സുവനീർ 1989 | |

## വിവര ശേഖരണത്തിന് സഹായിച്ചവർ



**ജോസഫ്. സി.എഫ്.**
B.Sc. Maths (1995-98)



**ലിജോ തോമാസ്**
B.Sc. Maths (1995-98)



**ജോബി വർഗ്ഗീസ്**
B.Sc. Maths (1995-98)

THE IRINJALAKUDA TOWN CO-OPERATIVE BANK LTD
IRINJALAKUDA

# ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്ക് ക്ലിപ്തം

- സംസ്ഥാനത്തെ അർബൻ ബാങ്കുകളുടെ മുൻനിരയിൽ
- സേവനത്തിന്റെ 80-ാം വർഷത്തിൽ
- നിക്ഷേപങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷ
- കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് ഡിമാന്റ് ഡ്രാഫ്റ്റുകൾ
- നട ബ്രാഞ്ചിൽ നിക്ഷേപങ്ങളുടെ ഇടപാട് സമയം വൈകീട്ട് 5.30വരെ

## ബ്രാഞ്ചുകളും ഫോണും

| | | | | | |
|---|---|---|---|---|---|
| ഹെഡ് ഓഫീസ് | - | 825379 | ഫാക്സ് | - | 823479 |
| മെയിൻ | - | 827279 | ചേലൂർ | - | 822679 |
| നട | - | 825079 | കാട്ടുങ്ങച്ചിറ | - | 826879 |
| മാർക്കറ്റ് | - | 826379 | കാരുകുളങ്ങര | - | 823779 |
| താണിശ്ശേരി | - | 821779 | | | |

**എം. പി. ജാക്സൺ**
ചെയർമാൻ

**വി. എസ്. വാസുദേവൻ**
വൈസ് ചെയർമാൻ

ആശംസകളോടെ

# സെന്റ് തോമസ് കത്തീഡ്രൽ കുറീസ്

H.O. ഇരിങ്ങാലക്കുട, ഫോൺ : 827376

ബ്രാഞ്ചുകൾ : ബാംഗ്ളൂർ & ഫരീദാബാദ്

- ഒരു നൂറ്റാണ്ടിന്റെ വിശ്വസ്ത പാരമ്പര്യം
- രണ്ട് കോടിയിലധികം സലയ്ക്കുള്ള കുറികൾ
- പതിനായിരത്തിലേറെ കുറി വരിക്കാർ

# CITY MEDICALS

## OPTICALS & COSMETICS

TANA, IRINJALKAUDA, PH:826845



സയൻസ് ഫോറം എക്സിക്യൂട്ടീവ് സമിതി (1998 – 99)